www.malankaralibrary.com



# കർത്താവിന്റെ ദിവസം

ജോൺപോൾ രണ്ടാമൻ
മാർപാപ്പ

www.malankaralibrary.com

# കർത്താവിന്റെ ദിവസം

## ശ്ലൈഹിക ലേഖനം

## ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വിവർത്തനം :
റവ. ഡോ. ജോർജ്ജ് കുരുക്കൂർ

പി.ഒ.സി. പ്രസിദ്ധീകരണം

www.malankaralibrary.com

[Malayalam]
**Karthavinte Divasam**
(Translation of the Apostolic Letter
"Dies Domini" by the Supreme
Pontiff John Paul II)

Translated by : Rev. Dr. George Kurukkoor

Published by : The Director
P.O.C., Palarivattom
Kochi-25, Kerala

Copyright : To the Publisher

Cover design : Rev. Fr. William Nellikkal

Typeset by : ASL Computers, Kochi-16

Printed by : Vibgyor Print, Ernakulam

First Impression : 1st November 1998

Copies : 6000

Price : Rs. 30

P.O.C. Publication

www.malankaralibrary.com

# ഉള്ളടക്കം

അവതാരിക

ആമുഖം

അദ്ധ്യായം ഒന്ന് : കർത്താവിന്റെ ദിവസം
സ്രഷ്ടാവിന്റെ പ്രവൃത്തിയുടെ ആഘോഷം 8 -18

അദ്ധ്യായം രണ്ട് : ക്രിസ്തുവിന്റെ ദിവസം
ഉത്ഥിതനായ കർത്താവിന്റെയും
പരിശുദ്ധാത്മാവിന്റെ ദാനത്തിന്റെയും ദിവസം 19 - 30

അദ്ധ്യായം മൂന്ന് : സഭയുടെ ദിവസം
വിശുദ്ധ കുർബാന സമ്മേളനം : ഞായറാഴ്ചയുടെ
ഹൃദയഭാഗം 31 - 54

അദ്ധ്യായം നാല് : മനുഷ്യന്റെ ദിവസം
ഞായറാഴ്ച: സന്തോഷത്തിന്റെയും
വിശ്രമത്തിന്റെയും ദൃഢൈക്യത്തിന്റെയും
ദിവസം 55 - 73

അദ്ധ്യായം അഞ്ച് : ദിവസങ്ങളുടെ ദിവസം
ഞായറാഴ്ച : സമയത്തിന്റെ അർത്ഥം
വെളിപ്പെടുത്തുന്ന ആദിമതിരുനാൾ 74 - 80

ഉപസംഹാരം 81 - 87

കുറിപ്പുകൾ (Notes)

www.malankaralibrary.com

# അവതാരിക

ഞായറാഴ്ചയുടെ അർഥവും ക്രൈസ്തവ ജീവിതത്തിൽ അതിനുള്ള പ്രാധാന്യവും വീണ്ടും കണ്ടെത്താനുള്ള ആഹ്വാനമാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ "കർത്താവിന്റെ ദിവസം" എന്ന ഈ ശ്ലൈഹിക ലേഖനത്തിലൂടെ നൽകുന്നത്. പഴയനിയമത്തിൽ സാബത്ത് ദൈവത്തിന്റെ വിശ്രമത്തിന്റെയും, പുറപ്പാടിന്റെ ജനം വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചപ്പോൾ അവിടുന്ന് അവർക്കു നൽകിയ വിശ്രമത്തിന്റെയും ഓർമയാചരണമായിരുന്നു. ഏഴാം ദിവസം ദൈവം വിശ്രമിച്ചുവെന്നത് ദൈവികമായ നിഷ്ക്രിയത്വമായി മനസ്സിലാക്കരുത്. തന്റെ കരം നിർവഹിച്ച കർമം നല്ലതാണെന്നു പ്രഖ്യാപിക്കാനും സന്തോഷവായ്പോടെ അതിനെ നോക്കിക്കാണാനുമുള്ള ദൈവത്തിന്റെ തങ്ങിനിൽക്കലിനെയാണ് വിശ്രമം സൂചിപ്പിക്കുന്നത്. സൃഷ്ടികർമം തുടരാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട മനുഷ്യനും, താൻ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന ദൈവിക സൃഷ്ടിയുടെ മുമ്പിൽ വിസ്മയത്തോടും ആരാധനാഭാവത്തോടുംകൂടി തങ്ങിനിൽക്കാൻവേണ്ടിയായിരുന്നു സാബത്താചരണം. ആരാധനാപരമായ നിയമങ്ങളുടെ കൂട്ടത്തിലല്ല, മനുഷ്യഹൃദയത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ധാർമികജീവിത പ്രമാണങ്ങളായ പത്തുകൽപനകളുടെ കൂട്ടത്തിലാണ് സാബത്താചരണം ഉൾപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മതാത്മകശിക്ഷണത്തിന്റെ ഭാഗമെന്നതിലേറെ, ദൈവ-മനുഷ്യബന്ധത്തിന്റെ സ്ഥായിയും നിർണായകവുമായ പ്രകാശനമായിത്തീരുകയാണ് സാബത്ത്, ഇവിടെ.

പഴയനിയമത്തിൽ ആഴ്ചവട്ടത്തിന്റെ അവസാനദിവസം കർത്താവിന്റെ ദിവസമായപ്പോൾ, പുതിയനിയമത്തിൽ ആഴ്ചയുടെ ഒന്നാംദിനം

www.malankaralibrary.com



കർത്താവിൻെറദിനമായിത്തീർന്നു. ഉയിർപ്പും ഉത്ഥാനാനന്തരമുള്ള മറ്റു പല പ്രധാന ക്രിസ്തുസംഭവങ്ങളും ഞായറാഴ്ച നടക്കുന്നതായാണ് വിശുദ്ധഗ്രന്ഥം രേഖപ്പെടുത്തിയിരിക്കുന്നത്. ഞായറാഴ്ചക്കടം ഒരു നിയമമായിമാറുന്നത് ആറാം നൂറ്റാണ്ടിലാണ്. നിയമത്താൽ അനുശാസിക്കപ്പെട്ട കടമയായിത്തീരുന്നതിന് നൂറ്റാണ്ടുകൾക്കുമുമ്പേ, ശക്തമായൊരു ആന്തരികാവശ്യമെന്ന നിലയിൽ വിശ്വാസികൾ ഞായറാഴ്ചസമ്മേളനം നടത്തിയിരുന്നു. ആഴ്ചതോറും കടന്നുവരുന്ന ഈസ്റ്റർ ദിനമായി ഞായറാഴ്ച രൂപപ്പെട്ടു. "കർത്താവിൻെറ അത്താഴം മുടക്കിക്കൂടാ. അതാണു ഞങ്ങളുടെ നിയമം" എന്നുപറഞ്ഞ് ഞായറാഴ്ച സമ്മേളനത്തിലേക്ക് എല്ലാമുപേക്ഷിച്ച് ആദിമക്രൈസ്തവർ ഓടുകയായിരുന്നു. കർത്തൃദിനത്തിൽ ജീവൻെറ വചനം കേൾക്കാനും എന്നേക്കും നിലനിൽക്കുന്ന ദൈവികഭക്ഷണം സ്വീകരിക്കാനും ഒന്നിച്ചുകൂടാത്തവർ ദൈവത്തോട് എന്ത് ഒഴികഴിവു പറയും എന്നതായിരുന്നു അവരുടെ ആധി. സഭയുടെ ചരിത്രം 2000 വർഷക്കാലത്തേക്ക് രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച ഞായറാഴ്ചയാചരണം ഇന്നു ബുദ്ധിമുട്ടുകൾ നേരിടുകയാണ്. മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിൽ ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കുക എന്നത് എളുപ്പമല്ലാതായിത്തീർന്നിട്ടുണ്ട്. വീട്ടിൽനിന്ന് അകലെയൊരു സ്ഥലത്ത് നടക്കുന്ന സാംസ്കാരിക, രാഷ്ട്രീയ, വിനോദ പ്രവർത്തനങ്ങൾക്കായുള്ള വിശ്രമദിനം എന്ന പേരിൽ "വാരാന്ത്യം" (Week end) എന്ന പുതിയ സമ്പ്രദായം കടന്നുവന്നിരിക്കുന്നു. വാരാന്ത്യത്തിന് അതിൻേറതായ ഭാവാത്മകമൂല്യമുണ്ട്. പക്ഷേ, സംതൃപ്തിയുടെയും സുഖാനുഭവത്തിൻെറയും ഉപരിപ്ലവമായ തോന്നലുകൾമാത്രം പ്രദാനം ചെയ്യുന്നവയായി മിക്കപ്പോഴും വാരാന്ത്യാഘോഷങ്ങൾ തീരുന്നു. വിശ്രമത്തിൻെറയും ആഘോഷത്തിൻെറയുമൊക്കെ കാതലിൽ സ്പർശിക്കാൻ അവയ്ക്കു കഴിയുന്നില്ല. ഞായറാഴ്ചയുടെ മൗലികാർത്ഥം വീണ്ടെടുക്കപ്പെടേണ്ടത് ഈ സാഹചര്യത്തിലാണ്. വിശുദ്ധ കുർബാനയിൽ പങ്കെടുത്തും, ക്രിസ്തീയ സന്തോഷത്തിൻെറയും സാഹോദര്യത്തിൻെറയും ചൈതന്യത്തിൽ വിശ്രമിച്ചും ചെലവിടേണ്ട ഒരു ദിവസമായി ഞായറാഴ്ച വീണ്ടും കടന്നുവരണം. "കുർബാനയിൽ പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ ഞായറാഴ്ചവിശ്രമം ക്രമപ്പെടുത്താൻ ക്രിസ്ത്യാനികൾ മനസ്സാക്ഷിപ്രകാരം കടപ്പെട്ടിരിക്കുന്നു"വെന്ന് പരിശുദ്ധ പിതാവ് ഓർമിപ്പിക്കുന്നു.

ദൈവം സദാ പ്രവർത്തനനിരതനാണ് (യോഹ. 5:17). ദൈവത്തി

www.malankaralibrary.com



ൻെറ അവകാശങ്ങളും മനുഷ്യൻെറ അവകാശങ്ങളും സമന്വയിപ്പിച്ചു കൊണ്ട് വിമോചനപരമായ വിശ്രമദിനമായി ഞായറാഴ്ചയുടെ അർഥ പരിസരം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഞായറാഴ്ച "ദൃഢൈക്യത്തി ൻെറ ദിന"മായിത്തീരുമ്പോഴാണ് ഇതു സാധിക്കുന്നത്. കാരുണ്യത്തി ൻെറയും സ്നേഹത്തിൻെറയും പ്രേഷിതവൃത്തിയുടെയും പ്രവൃത്തികൾ ചെയ്യാനുള്ള സന്ദർഭംകൂടി ആയിരിക്കണം ഞായറാഴ്ച എന്ന് മാർപാപ്പ നിഷ്കർഷിക്കുന്നു. "അപ്പസ്തോലൻമാരുടെ കാലംമുതൽ ഞായറാഴ്ച സമ്മേളനം ക്രൈസ്തവർക്കു പാവങ്ങളുമായുള്ള സഹോദരനിർവി ശേഷമായ പങ്കുചേരലിൻെറ അവസരമായിരുന്നു." ഒതുങ്ങിക്കൂടുന്നതി നുപകരം ഉൾച്ചേരുന്ന "പങ്കുചേരൽ സംസ്കാരം" വളർത്തിക്കൊണ്ടു വരാൻ കഴിയണം. ഒറ്റയ്ക്കു കഴിയുന്നവരെ ഭക്ഷണത്തിനു ക്ഷണിക്കു ക, രോഗികളെ സന്ദർശിക്കുക, ദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണം നൽ കുക തുടങ്ങിയവ ഞായറാഴ്ചക്കുർബാനയിൽനിന്ന് വിശ്വാസികളുടെ ജീവിതത്തിലാകെ വ്യാപിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്നേഹതരം ഗത്തിൻെറ നിദർശനങ്ങളാവണമെന്ന് പരിശുദ്ധപിതാവ് നിർദേശി ക്കുന്നു. സഭ ഒറ്റ സമൂഹമാകുന്നു എന്ന ബോധം ഉറപ്പിക്കുന്നവിധത്തിലാ വണം ഞായറാഴ്ചയാചരണത്തിൻെറ ക്രമമെന്ന് ശ്ലൈഹികലേഖനം ആവശ്യപ്പെടുന്നു. അതിനാൽ, "സമ്മേളനത്തിൻെറ ദിവസമായ ഞാ യറാഴ്ചദിവസം ചെറിയ ഗ്രൂപ്പുകൾക്കുവേണ്ടിയുള്ള കുർബാന നിരുത്സാ ഹപ്പെടുത്തേണ്ടിയിരിക്കുന്നു."

എമ്മാവൂസിലേക്കുപോയ ശിഷ്യൻമാർ വചനവും അപ്പവും മുറി ച്ചു കിട്ടിയപ്പോൾ ഉത്ഥിതനായ യേശുവിനെ തിരിച്ചറിഞ്ഞു (ലൂക്കാ 24: 13-35). പ്രതീക്ഷകളുടെ അസ്തമയത്തിൽ നിരാശയ്ക്കടിപ്പെട്ട്, കൂട്ടം വിട്ടും സ്ഥലംവിട്ടും പോകുന്നവരായിരുന്നു ശിഷ്യരിരുവരും. എന്നാൽ, തിരിച്ചറിവ് അവരെ തിരിച്ചുനടത്തുന്നു. ദൈവം സജീവനാണ് എന്ന് സ ഹോദരരോടു പറയാനും കൂടെച്ചേർന്നുനിന്ന് സാഹോദര്യം ബലപ്പെടുത്താ നും അവർ ജറുസലെമിലേക്കു തിരിച്ചുപോയി. ചൂഷണപരമായ ജീവി തസാഹചര്യങ്ങളാൽ, അനീതിയുടെയും അക്രമത്തിൻെറയുമൊക്കെ സാ മൂഹികഘടനകളാൽ, ദുരനുഭവങ്ങളുടെ ആഘാതത്താലൊക്കെ പ്രതീ ക്ഷകളുടെ തകിടംമറിച്ചിലുകൾക്കു വിധേയരാണ് മറ്റെല്ലാ മനുഷ്യരെയും പോലെ വിശ്വാസികളും. കൂട്ടംവിടാനും സ്ഥലംവിടാനുമൊക്കെ പ്രേരി പ്പിക്കുന്ന പലായനമന:സ്ഥിതി അവരിലും പ്രകടമാണ്. വചനവ്യാഖ്യാ നത്തിൻെറയും അപ്പംമുറിക്കലിൻെറയും ഞായറാഴ്ചക്കൂട്ടായ്മയിൽ

www.malankaralibrary.com



നിന്ന് തിരിച്ചറിവോടെ ലോകത്തിലേക്ക് തിരിച്ചിറങ്ങാനും, പാപഘടനകളുടെ സ്ഥാനത്ത് പങ്കുവെയ്ക്കലിൻെറ ഉത്തമമാതൃകകൾ പ്രതിഷ്ഠിക്കാനും കർത്താവിൻെറ ദിവസം എന്ന ഈ ചാക്രിക ലേഖനത്തിൻെറ പഠനം സഹായകമാവണം. സഭാതലവനും മക്കളും തമ്മിലുള്ള സഫലമായ ആശയസംവാദമായി ശ്ലൈഹികലേഖനം മാറുന്നത് അപ്പോഴാണ്.

ഈ ശ്ലൈഹിക ലേഖനത്തിൻെറ മലയാള പരിഭാഷ നടത്തിയിരിക്കുന്നത് റവ. ഡോ. ജോർജ് കുരുക്കൂർ എം.എ.പിഎച്ച്.ഡി. യാണ്. വിവർത്തനം മൂലകൃതിയുമായി ഒത്തുനോക്കിയത് ശ്രീ. കെ.എം. ജോസഫ് എം.എ. യാണ്. ഇരുവരോടും നന്ദിപറയുന്നു. ഇതിൻെറ ടൈപ്പ്സെറ്റിംഗ് നിർവഹിച്ച എ.എസ്.എൽ. കംപ്യൂട്ടേഴ്സ്, പ്രൂഫു വായന നടത്തിയ മിസ് ഏലിയാമ്മ ജോൺ, കവർപേജ് ഡിസൈൻ ചെയ്ത ഫാ. വില്യം നെല്ലിക്കൽ, പ്രിൻറിംഗ് നിർവഹിച്ച വിബ്ജിയോർ പ്രിൻേറഴ്സ് എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തട്ടെ.

**ഫാ. ജോസഫ് കരിയിൽ**
ഡയറക്ടർ, പി.ഒ.സി.

www.malankaralibrary.com

# കർത്താവിൻെറ ദിവസം

## ശ്ലൈഹിക ലേഖനം

## ജോൺ പോൾ രണ്ടാമൻ മാർപാപ്പ

കത്തോലിക്കാസഭയിലെ മെത്രാൻമാർക്കും വൈദികർക്കും വിശ്വാസികൾക്കും കർത്താവിൻെറ ദിവസം വിശുദ്ധമായി ആചരിക്കുന്നതു സംബന്ധിച്ച് എഴുതുന്നത്.

*മെത്രാൻപദവിയിലും വൈദികപദവിയിലുമുള്ള എൻെറ അഭിവന്ദ്യ സഹോദരരേ,*

*പ്രിയ സഹോദരീസഹോദരൻമാരേ,*

### ആമുഖം

1. അപ്പസ്തോലൻമാരുടെ കാലംമുതൽ കർത്താവിൻെറ ദിവസം എന്നു വിളിക്കപ്പെട്ട ഞായറാഴ്ചദിവസം സഭയുടെ ചരിത്രത്തിൽ എന്നും സവിശേഷമായി ശ്രദ്ധിക്കപ്പെട്ടിരുന്നു. ക്രിസ്തുരഹസ്യത്തിൻെറ കേന്ദ്രവുമായി അതിനുള്ള ഉറ്റബന്ധമാണ് അതിൻെറ കാരണം. യഥാർഥത്തിൽ ആഴ്ചയനുസരിച്ചുള്ള കാലഗണനയിൽ ഞായറാഴ്ച ദിവസം ക്രിസ്തുവിൻെറ ഉയിർപ്പുദിനത്തെ അനുസ്മരിപ്പിക്കുന്നു. പാപത്തിൻമേലും മരണത്തിൻമേലും ക്രിസ്തു നേടിയ വിജയം ആഘോഷിച്ചുകൊണ്ട് ആഴ്ചതോറും മടങ്ങിവരുന്ന ഈസ്റ്റർ ദിനമാണത്. ആദ്യസൃഷ്ടിക്കു ക്രിസ്തുവിലുള്ള പൂർത്തീകരണവും "പുതിയ സൃഷ്ടിയുടെ" ഉദയവും (Cf. 2 കോറി. 5:17) ആഘോഷിക്കുന്ന ദിവസം. കൃതജ്ഞതാനിർഭരമായ ആരാധനയോടെ ലോകത്തിൻെറ ആദ്യദിനത്തെ അനുസ്മരിക്കുന്ന ദിവസമാണത്. ക്രിസ്തു മഹത്ത്വത്തിൽ വരുകയും (Cf. അപ്പ. 1:11; 1 തെസ.. 4:13-17) സർവതും നവീകരിക്കപ്പെടുകയും (Cf. വെളി. 21:5) ചെയ്യുന്ന അന്തിമദിനത്തെ സജീവമായ പ്രത്യാശയോടെ ഉറ്റുനോക്കുന്ന ദിവസവുമാണത്.

അപ്പോൾ സങ്കീർത്തകൻെറ ഉദ്ഘോഷം ഞായറാഴ്ചയെ സംബന്ധിച്ച് ന്യായമായും യോജിക്കുന്നു: "കർത്താവ് ഒരുക്കിയ ദിവസമാണിത്. ഇന്നു നമുക്കു സന്തോഷിച്ചുല്ലസിക്കാം" (സങ്കീ. 118:24).

www.malankaralibrary.com



ഈസ്റ്റർദിനത്തിലെ ആരാധനക്രമം അതിന്റെ സ്വന്തമാക്കിയിരിക്കുന്ന, സന്തോഷത്തിലേക്കുള്ള ക്ഷണമാണിത്. ക്രിസ്തുവിന്റെ കുരിശുമരണം ദർശിച്ച സ്ത്രീകൾക്ക്, 'സാബത്തിനുശേഷമുള്ള ആദ്യ ദിവസം അതിരാവിലെ' (മർക്കോ. 16:2) കല്ലറയിൽ ചെന്നു നോക്കിയപ്പോൾ അതു ശൂന്യമായിരിക്കുന്നതു കണ്ടപ്പോഴുണ്ടായ വിസ്മയത്തെ ഇതു പ്രതിഫലിപ്പിക്കുന്നു. ഉത്ഥിതനായവൻ വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ട് തങ്ങളോടൊപ്പം വഴിയിലൂടെ നടക്കുകയും 'അപ്പം മുറിക്കലിൽ' തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്തപ്പോൾ "ഹൃദയങ്ങൾ ഉജ്വലിച്ചുകൊണ്ടിരുന്ന" എമ്മാവൂസിലെ രണ്ടു ശിഷ്യൻമാർക്കുണ്ടായ അനുഭവം (Cf. ലൂക്കാ 24:32, 35) വീണ്ടും ജീവിതത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള ക്ഷണമാണത്. അന്നേദിവസം വൈകുന്നേരം ഉത്ഥിതനായ ക്രിസ്തുവിനാൽ സന്ദർശിക്കപ്പെടുകയും അവിടുത്തെ സമാധാനവും ആത്മാവുമാകുന്ന ദാനം സ്വീകരിക്കുകയും ചെയ്തപ്പോൾ അപ്പസ്തോലൻമാർ അനുഭവിച്ച - ആദ്യം സന്ദിഗ്ധവും പിന്നീട് അദമ്യവുമായിരുന്ന - സന്തോഷത്തെ അതു പ്രതിധ്വനിപ്പിക്കുന്നു (Cf. യോഹ. 20: 19-23).

2. ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറയായ മൗലിക സംഭവം യേശുവിന്റെ ഉത്ഥാനമാണ് (Cf. 1 കോറി. 15:14). അത് വിസ്മയകരമായ ഒരു യാഥാർത്ഥ്യമാണ്. വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് അതു പൂർണമായി ഗ്രഹിക്കപ്പെടുക. എന്നാലും ഉത്ഥിതനായ കർത്താവിനെ കാണാനുള്ള ആനുകൂല്യം ലഭിച്ചവർ ചരിത്രപരമായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണത്. വിസ്മയനീയമായ ഒരു സംഭവമാണത്. മനുഷ്യചരിത്രത്തിൽ തികച്ചും ഒറ്റപ്പെട്ട സംഭവം. മാത്രമല്ല അതു സമയമെന്ന രഹസ്യത്തിന്റെ കേന്ദ്രസ്ഥാനത്തു തന്നെ നിലകൊള്ളുന്നതുമാണ്. വാസ്തവത്തിൽ, പെസഹാത്തിരി സജ്ജീകരിക്കുമ്പോൾ സ്മരണകളുണർത്തുന്ന ഈസ്റ്റർ ജാഗരണത്തിലെ ആരാധനക്രമം ഓർമിപ്പിക്കുന്നതുപോലെ "എല്ലാ കാലങ്ങളും എല്ലാ യുഗങ്ങളും ക്രിസ്തുവിൻേറതാണ്." അതുകൊണ്ട്, വർഷത്തിലൊരിക്കൽ മാത്രമായി ചുരുക്കാതെ ഓരോ ഞായറാഴ്ചയും ക്രിസ്തുവിന്റെ ഉയിർപ്പുദിനത്തിന്റെ ഓർമ കൊണ്ടാടുമ്പോൾ ചരിത്രത്തിന്റെ യഥാർഥ ചലനകേന്ദ്രത്തെ ഓരോ തലമുറയ്ക്കും സഭ ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുകയാണ്. ഈ ചലനകേന്ദ്രത്തിലേക്കാണ് ലോകോത്പത്തിയുടെയും അതിന്റെ അന്തിമമായ ഭാവിയുടെയും രഹസ്യം നയിക്കുന്നത്.

www.malankaralibrary.com



അതുകൊണ്ട്, നാലാം നൂറ്റാണ്ടിലെ ഒരു മതപ്രഭാഷണത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളിൽ "കർത്താവിന്റെ ദിവസം ദിവസങ്ങളുടെ കർത്താവാണ്"[2] എന്ന് ഉറപ്പിച്ചുപറയുക ഉചിതം തന്നെ. ഉത്ഥിതനായ കർത്താവിലുള്ള വിശ്വാസമാകുന്ന വരം ലഭിച്ചവർ ആഴ്ചയിലെ ഈ ദിവസത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതിരിക്കുകയില്ല. "ഞായറാഴ്ച ഉത്ഥാനത്തിന്റെ ദിവസമാണ്. അതു ക്രൈസ്തവരുടെ ദിവസമാണ്, അതു നമ്മുടെ ദിനമാണ്"[3] എന്നിങ്ങനെപറയാൻ വിശുദ്ധ ജെറോമിനെ പ്രേരിപ്പിച്ച അതേ വികാരവായ്പ്പോടെ അവർ അതു മനസ്സിലാക്കും. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഞായറാഴ്ച "മൗലികമായ തിരുനാൾ ദിനമാണ്."[4] കാലത്തിന്റെ ക്രമാനുഗതമായ ആഗമനം സൂചിപ്പിക്കാൻവേണ്ടി മാത്രമല്ല പിന്നെയോ അതിന്റെ അഗാധതരമായ അർഥം വെളിവാക്കാൻവേണ്ടിയും സ്ഥാപിക്കപ്പെട്ടിരിക്കുന്ന ദിവസമാണത്.

3. ചരിത്രത്തിന്റെ രണ്ടായിരം വർഷങ്ങളിലൂടെ ഞായറാഴ്ചയുടെ മൗലികപ്രാധാന്യം അംഗീകരിക്കപ്പെട്ടുപോന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ അതു വീണ്ടും ഊന്നിപ്പറയുകയും ചെയ്തു: "ഓരോ ഏഴാം ദിവസവും സഭ ഉയിർപ്പിന്റെ രഹസ്യം ആഘോഷിക്കുന്നു. അപ്പസ്തോലൻമാരുടെ കാലംമുതലുള്ള ഒരു പാരമ്പര്യമാണിത്. ക്രിസ്തുവിന്റെ ഉത്ഥാനദിവസം തന്നെ സമാരംഭിച്ചതുമാണ്. അതിനാൽ ആ ദിവസം കർത്താവിന്റെ ദിവസമെന്ന് ന്യായമായിത്തന്നെ വിളിക്കപ്പെടുന്നു."[5] പോൾ ആറാമൻ മാർപാപ്പ പുതിയ പൊതുറോമൻകലണ്ടറും ആരാധനക്രമവത്സരത്തിന്റെ ക്രമവത്കരണത്തെ നിയന്ത്രിക്കുന്ന സാർവത്രിക നിയമങ്ങളും അംഗീകരിച്ചപ്പോൾ ഈ പ്രാധാന്യത്തെ ഒരിക്കൽക്കൂടി ഊന്നിപ്പറഞ്ഞു.[6] ക്രിസ്തുവിന്റെ വെളിച്ചത്തിൽ ചരിത്രഗതിയെപ്പറ്റി വിചിന്തനം ചെയ്യാൻ വിശ്വാസികളെ ആഹ്വാനംചെയ്യുന്ന മൂന്നാം സഹസ്രാബ്ദത്തിന്റെ ആഗമനം ഞായറാഴ്ചയുടെ അർഥത്തെ - അതിന്റെ "രഹസ്യത്തെയും" ആഘോഷത്തെയും ക്രൈസ്തവവും മാനുഷികവുമായ ജീവിതത്തിൽ അതിനുള്ള പ്രാധാന്യത്തെയും - വീണ്ടും കണ്ടെത്താനും അവരെ ക്ഷണിക്കുന്നുണ്ട്.

പ്രിയ സഹോദരരായ മെത്രാൻമാരേ, വിശ്വാസത്തിന്റെ പ്രബോധകരെന്ന നിലയിൽ, കൗൺസിലിനുശേഷമുള്ള വർഷങ്ങളിൽ നിരവധി തവണ അഭിപ്രായപ്രകടനം നടത്തുവാൻ ഈ സുപ്രധാന വിഷയം നിങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, വൈദികഗണത്തിന്റെ പിന്തുണയോടെ വ്യക്തിപരമായോ സംയുക്തമായോ അജപാലനപരമായോ വിവിധ

www.malankaralibrary.com



പ്രവർത്തനതന്ത്രങ്ങൾ ആവിഷ്കരിക്കാനും ഇതു നിങ്ങൾക്കു പ്രചോദനമായിട്ടുണ്ട്. ഇവയെല്ലാം കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. ജീവിത പ്രാധാന്യമുള്ള ഈ മൺഡലത്തിൽ നിങ്ങൾ നടത്തുന്ന അജപാലക പരിശ്രമങ്ങളെ സഹായിക്കാൻവേണ്ടി രണ്ടായിരാമാണ്ടിന്റെ മഹാജൂബിലിയുടെ പടിവാതുക്കൽ, ഈ അപ്പസ്തോലികലേഖനം നിങ്ങൾക്കു നൽകാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ അതേസമയം ക്രൈസ്തവവിശ്വാസികളേ, നിങ്ങളിലേക്കും എന്റെ ശ്രദ്ധതിരിക്കാൻ ഞാനഭിലഷിക്കുന്നു. കുർബാനയും കർത്താവിന്റെ ദിവസവും ആഘോഷിക്കാൻ നിങ്ങളുടെ അജപാലകരോടുകൂടി ഓരോ ഞായറാഴ്ചയും നിങ്ങൾ സമ്മേളിക്കുന്ന സകല സമൂഹങ്ങളിലും സന്നിഹിതനായാലെന്നപോലെ തന്നെ. ഈ ശ്ലൈഹിക ലേഖനത്തിനു പ്രേരണ നൽകിയിട്ടുള്ള പല ഉൾക്കാഴ്ചകളും ക്രാക്കോവിൽ മെത്രാനെന്ന നിലയിൽ ഞാൻ നിർവഹിച്ച ശുശ്രൂഷയിൽനിന്നും, റോമിലെ മെത്രാനും പത്രോസിന്റെ പിൻഗാമിയും എന്ന നിലയിൽ ശുശ്രൂഷ ഏറ്റെടുത്ത കാലംമുതൽ റോമിലെ ഇടവകകളിൽ നടത്തിയ സന്ദർശനങ്ങളിൽനിന്നും, രൂപംപൂണ്ടു വളർന്നവയാണ്. ആരാധനക്രമവത്സരത്തിലെ വിവിധകാലങ്ങളിലുള്ള ഞായറാഴ്ചകളിൽ അത്തരം സന്ദർശനങ്ങൾ ഞാൻ സ്ഥിരമായി നടത്തിയിട്ടുണ്ട്. വിശ്വാസികളുമായി നടത്താൻ ഞാൻ എല്ലായ്പോഴും ഇഷ്ടപ്പെടുന്ന സജീവമായ ആശയവിനിമയത്തിന്റെ തുടർച്ചയായി ഞാനീ ലേഖനത്തെ കാണുന്നു. ഇതിൽ ഞാൻ നിങ്ങളോടൊപ്പം ഞായറാഴ്ചയുടെ അർഥത്തെപ്പറ്റി ചിന്തിക്കുന്നു. നമ്മുടെ കാലഘട്ടത്തിലെ മാറിവരുന്ന സാഹചര്യങ്ങളിലും, ഞായറാഴ്ചയെ വിശ്വസ്തതാപൂർവം "കർത്താവിന്റെ ദിനമായി" ആചരിച്ചു ജീവിക്കുന്നതിനുള്ള കാരണങ്ങൾ ഊന്നിപ്പറയുകയും ചെയ്യുന്നു.

4. അടുത്തകാലംവരെ, പരമ്പരാഗത ക്രൈസ്തവരാജ്യങ്ങളിൽ ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കുക വളരെ എളുപ്പമായിരുന്നു. കാരണം, അതു മിക്കവാറും സാർവത്രികമായ ഒരാചാരമായിരുന്നു. അതുപോലെ തന്നെ പൗരസമൂഹത്തിന്റെ സംഘാടനത്തിൽപോലും ഞായറാഴ്ചവിശ്രമം തൊഴിൽപരിപാടിയുടെ സ്ഥിരഭാഗമായി കരുതപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഞായറാഴ്ചയുടെ ആഘോഷപരമായ സ്വഭാവത്തിനു നിയമപരമായ അംഗീകാരം നൽകുന്ന രാജ്യങ്ങളിൽപോലും സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിലുണ്ടായ പരിവർത്തനങ്ങൾ മിക്കപ്പോഴും സാമൂഹികാചാരങ്ങളിലും തത്ഫലമായി ഞായറാഴ്ചയുടെ

www.malankaralibrary.com



സ്വഭാവത്തിലും അഗാധമായ മാറ്റങ്ങൾ ഉളവാക്കിയിട്ടുണ്ട്. "വാരാന്ത്യാചരണം" എന്ന സമ്പ്രദായം കൂടുതൽ വ്യാപകമായിരിക്കുന്നു. ഞായറാഴ്ച ആഴ്ചയിലൊരിക്കലുള്ള വിശ്രമദിനമായിക്കഴിഞ്ഞു. വീട്ടിൽനിന്ന് അകലെയുള്ള ഒരു സ്ഥലത്തുചെന്നും ഒഴിവുദിവസങ്ങളിൽ സാധാരണയായി നടത്തുന്ന സാംസ്കാരിക രാഷ്ട്രീയ വിനോദപ്രവർത്തനങ്ങളിൽ പങ്കെടുത്തുമായിരിക്കും മിക്കപ്പോഴും ഈ ദിനം ചെലവഴിക്കുക. യഥാർഥമൂല്യങ്ങളെ മാനിച്ചുകൊണ്ട് ജനതകളുടെ വികസനത്തിനും, സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും സംഭാവന ചെയ്യാൻ സാമൂഹികവും സാംസ്കാരികവുമായ ഈ പ്രതിഭാസത്തിനു കഴിയുമെങ്കിൽ തീർച്ചയായും ഇതിനു ഭാവാത്മകമായ വശങ്ങളുണ്ട്. വിശ്രമിക്കുക എന്ന ആവശ്യത്തിനു മാത്രമല്ല, നമ്മുടെ മനുഷ്യസ്വഭാവത്തിൽ അന്തർലീനമായിരിക്കുന്ന 'ആഘോഷിക്കുക' എന്ന ആവശ്യത്തിനും മേൽപറഞ്ഞവയെല്ലാം ഉപകരിക്കുന്നു. നിർഭാഗ്യവശാൽ ഞായറാഴ്ചയ്ക്ക് അതിന്റെ മൗലികമായ അർഥം നഷ്ടപ്പെടുകയും "വാരാന്ത്യ"ത്തിന്റെ ഒരുഭാഗം മാത്രമായിത്തീരുകയും ചെയ്യുമ്പോൾ "സ്വർഗത്തെ" ഒട്ടുംതന്നെ കാണാനാവാത്തവിധം ചുരുങ്ങിയ ചക്രവാളത്തിനുള്ളിൽ ജനങ്ങൾ അടച്ചിരുന്നെന്നുവരാം. തൻമൂലം ആഘോഷത്തിനു സന്നദ്ധരെങ്കിലും അങ്ങനെ ചെയ്യാൻ അവർ യഥാർഥത്തിൽ അശക്തരാകുന്നു.

കർത്താവിന്റെ ദിനത്തെ വിശുദ്ധമായി ആചരിക്കുന്നതിനുള്ള മാർഗമായിരിക്കേണ്ട ഞായറാഴ്ചയാഘോഷത്തെയും കേവലം ഒഴിവിന്റെയും വിശ്രമത്തിന്റെയും സമയമായി മനസ്സിലാക്കപ്പെടുന്ന വാരാന്ത്യത്തെയും പരസ്പരം കൂട്ടിക്കുഴയ്ക്കരുതെന്നു ക്രിസ്തുവിന്റെ ശിഷ്യൻമാരോട് ആവശ്യപ്പെട്ടിരിക്കുന്നു. അതിന് യഥാർഥത്തിലുള്ള ആധ്യാത്മിക പക്വത വേണം: തങ്ങളിലുള്ള പ്രത്യാശയ്ക്ക് വിശദീകരണം നൽകാൻ (1 പത്രോ. 3:15) സദാ സന്നദ്ധരായി, വിശ്വാസദാനത്തോടു പൂർണയോജിപ്പിൽ തങ്ങളുടെ "യഥാർഥ അവസ്ഥയിൽ ആയിരിക്കാൻ", ക്രൈസ്തവരെ പ്രാപ്തരാക്കുന്ന ആധ്യാത്മിക പക്വത. ഇങ്ങനെ ഞായറാഴ്ചയെ സംബന്ധിച്ച് അഗാധതരമായ അറിവിലേക്ക് അവർ നയിക്കപ്പെടും. അതിന്റെ ഫലമായി പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിലും പരിശുദ്ധാത്മാവിനോടുള്ള പൂർണവിധേയത്വത്തോടെ ആ ദിനം ആചരിച്ചു ജീവിക്കാൻ അവർ ശക്തരാകും.

5. ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ സാഹചര്യം ഏറെക്കുറെ സമ്മിശ്രമായി കാണപ്പെടുന്നു. ഒരുവശത്ത്, നഗരങ്ങളിലായാലും ചിന്നിച്ചിതറി

www.malankaralibrary.com



ക്കിടക്കുന്ന ഗ്രാമങ്ങളിലായാലും, ഞായറാഴ്ചയാചരണം എങ്ങനെ തീക്ഷ്ണതാപൂർവം നടത്താം എന്നു കാണിച്ചുതരുന്ന യുവസഭകളുടെ മാതൃകയുണ്ട്. മറുവശത്ത്, അതിനു വിപരീതമായി, ലോകത്തിൻെറ മറ്റു ഭാഗങ്ങളിൽ ഞായറാഴ്ചയിലെ ആരാധനയിൽ സംബന്ധിക്കുന്നവരുടെ ശതമാനം ശ്രദ്ധേയമായ തോതിൽ കുറഞ്ഞിരിക്കുന്നതു കാണാം. മുകളിൽ സൂചിപ്പിച്ച സാമൂഹിക സമ്മർദങ്ങൾമൂലമോ ഒരുപക്ഷേ, വിശ്വാസത്തിനുള്ള പ്രേരണ ദുർബലമായതിനാലോ ആണ് അങ്ങനെ സംഭവിക്കുന്നത്. അനേകം വിശ്വാസികളുടെ മനസ്സുകളിൽ, കുർബാനയുടെ കേന്ദ്രീയതയെപ്പറ്റിയുള്ള ബോധം മാത്രമല്ല സഭാസമൂഹത്തിൽ മറ്റുള്ളവരോടു ചേർന്ന് കർത്താവിനു നന്ദിപറയാനും അവിടുത്തോടു പ്രാർഥിക്കാനുമുള്ള കടമയെപ്പറ്റിയുള്ള ബോധംപോലും കുറയുന്നതായി തോന്നുന്നു.

മിഷ്യൻ രാജ്യങ്ങളിലും, അതുപോലെതന്നെ പുരാതനകാലത്തു സുവിശേഷമറിയിക്കപ്പെട്ട രാജ്യങ്ങളിലും ഞായറാഴ്ചക്കുർബാനയാഘോഷം ഓരോ സമൂഹത്തിലും ഉറപ്പുവരുത്താൻ പറ്റാത്തവിധം വൈദികർ വിരളമാണെന്നതും സത്യമാണ്.

6. ഈ പുതിയ സാഹചര്യങ്ങളുടെയും അവ ഉണർത്തുന്ന ചോദ്യങ്ങളുടെയും പശ്ചാത്തലത്തിൽ സഭയുടെ കൽപനയുടെ അഗാധമായ സൈദ്ധാന്തികാടിത്തറകളെ വീണ്ടും കണ്ടെത്തുക എന്നത്തേക്കാളുമേറെ ആവശ്യമാണെന്നു തോന്നുന്നു. ക്രൈസ്തവജീവിതത്തിലുള്ള ശാശ്വതമായ മൂല്യം എല്ലാ ക്രൈസ്തവർക്കും വ്യക്തമാകുന്നതിനുവേണ്ടിയാണത്. ഇതിൻെറ നിർവഹണത്തിൽ ഞാൻ സഭയുടെ പൗരാണിക പാരമ്പര്യത്തിൻെറ കാലടികളാണ് പിൻചെല്ലുന്നത്. രണ്ടാംവത്തിക്കാൻ കൗൺസിൽ അതിൻെറ പ്രബോധനത്തിൽ ആ പാരമ്പര്യത്തെ വീണ്ടും ശക്തിയുക്തം അവതരിപ്പിച്ചിട്ടുണ്ട്. കൗൺസിൽ ഇങ്ങനെ പഠിപ്പിക്കുന്നു: “ദൈവവചനം ശ്രവിച്ചുകൊണ്ടും വിശുദ്ധകുർബാനയിൽ പങ്കുചേർന്നുകൊണ്ടും കർത്താവായ യേശുവിൻെറ പീഡാസഹനവും ഉത്ഥാനവും മഹത്ത്വവും അനുസ്മരിക്കുന്നതിനും യേശുക്രിസ്തുവിൻെറ, മൃതരിൽ നിന്നുള്ള ഉത്ഥാനത്തിലൂടെ തങ്ങൾക്ക് സജീവപ്രത്യാശയിലേക്കു പുതുജൻമം നൽകിയ ദൈവത്തിനു (Cf. 1 പത്രോ. 1:3) നന്ദിപറയുന്നതിനും വേണ്ടി ക്രിസ്തീയ വിശ്വാസികളെല്ലാവരും (ഞായറാഴ്ചദിവസം) സമ്മേളിക്കണം.”[8]

7. ഞായറാഴ്ച ദിവസം വിശുദ്ധമായി ആചരിക്കുവാനുള്ള കടമ, വി

www.malankaralibrary.com



ശിഷ്യ വി. കുർബാനയിൽ പങ്കെടുത്തും ക്രിസ്തീയ സന്തോഷത്തിൻെറയും സാഹോദര്യത്തിൻെറയും ചൈതന്യത്തിൽ വിശ്രമിച്ചും ആചരിക്കുവാനുള്ള കടമ, ആ ദിവസത്തിൻെറ വിവിധങ്ങളായ വ്യത്യസ്തവശങ്ങളെ പരിഗണിച്ചാൽ മനസ്സിലാക്കാൻ എളുപ്പമുണ്ട്. പ്രസ്തുത വശങ്ങളിലാണ് ഈ ലേഖനത്തിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ക്രൈസ്തവജീവിതത്തിൻെറ കേന്ദ്രസ്ഥാനത്തു നിലകൊള്ളുന്ന ദിവസമാണ് ഞായറാഴ്ച. "ഭയപ്പെടേണ്ട, ക്രിസ്തുവിനു വാതിലുകൾ തുറക്കുക, നന്നായി തുറന്നുകൊടുക്കുക"[9] എന്ന് ആവർത്തിച്ചുപറയുന്നതിൽനിന്ന്, ഞാൻ മാർപാപ്പയായ കാലംമുതൽ ഇന്നോളം, ഞാൻ വിരമിച്ചിട്ടില്ല. അതുപോലെതന്നെ ഞായറാഴ്ചയെ വീണ്ടും കണ്ടെത്താൻ ഇന്ന് ഓരോ വ്യക്തിയെയും ഞാൻ ശക്തിയുക്തം പ്രേരിപ്പിക്കുകയാണ്: നിങ്ങളുടെ സമയം ക്രിസ്തുവിനു കൊടുക്കാൻ ഭയപ്പെടേണ്ട! അതേ, നമുക്കു നമ്മുടെ സമയത്തെ ക്രിസ്തുവിനായി തുറന്നുകൊടുക്കാം. അവിടുന്ന് അതിൽ പ്രകാശം ചൊരിയുന്നതിനും അതിനെ നയിക്കുന്നതിനും വേണ്ടി അപ്രകാരം ചെയ്യാം. അവിടുന്നാണ് സമയത്തിൻെറ രഹസ്യവും നിത്യതയുടെ രഹസ്യവും അറിയുന്നവൻ. അവിടുന്നു തൻെറ സ്നേഹത്തിൻെറ നിത്യനൂതനസമ്മാനമായി "തൻെറ ദിവസത്തെ" നമുക്കു നൽകുന്നു. ഈ ദിവസത്തെ വീണ്ടും കണ്ടെത്തുക എന്നത് ഒരു കൃപാവരമാണ്. നാം അതിനുവേണ്ടി പ്രാർഥിക്കണം. ഇതു വിശ്വാസത്തിൻെറ ആവശ്യങ്ങളനുസരിച്ചു തികഞ്ഞ ജീവിതം നയിക്കുന്നതിനുവേണ്ടി മാത്രമല്ല അഗാധതലങ്ങളായ മാനുഷികാഭിലാഷങ്ങളോടു വസ്തുനിഷ്ഠമായി പ്രത്യുത്തരിക്കുന്നതിനും വേണ്ടിയാണ്. ക്രിസ്തുവിനു നൽകപ്പെടുന്ന സമയം ഒരിക്കലും നഷ്ടപ്പെട്ട സമയമല്ല, പിന്നെയോ നേടിയ സമയമാണ്; നമ്മുടെ ബന്ധങ്ങളും യഥാർഥത്തിൽ നമ്മുടെ മുഴുവൻ ജീവിതവും കൂടുതൽ ആഴത്തിൽ മാനുഷികമായിത്തീരുന്നതിനുവേണ്ടി നേടിയ സമയം.

www.malankaralibrary.com

അദ്ധ്യായം ഒന്ന്

# കർത്താവിൻെറ ദിവസം

## സ്രഷ്ടാവിൻെറ പ്രവൃത്തിയുടെ ആഘോഷം

### സമസ്തവും അവനിലൂടെ ഉണ്ടായി (യോഹ. 1:3)

8. ഞായറാഴ്ച ദിവസം ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം, സർവോപരി, ഉത്ഥിതനായ ക്രിസ്തുവിൻെറ മഹത്ത്വത്താൽ തികച്ചും പ്രകാശിതമായ ഈസ്റ്റർ ആഘോഷമാണ്. അത് "പുതിയ സൃഷ്ടി"യുടെ ഉത്സവമാണ്. എന്നാലും, ആഴത്തിൽ മനസ്സിലാക്കുമ്പോൾ, ഈ വസ്തുതയെ ലോകസൃഷ്ടിയിൽ ദൈവത്തിനുള്ള പദ്ധതിയെപ്പറ്റി വിശുദ്ധ ഗ്രന്ഥത്തിലെ ആദ്യ പേജുകളിൽ പറയുന്നതിൽനിന്നു വേർതിരിച്ചു കാണാനാവില്ല. "സമയത്തിൻെറ പൂർണതയിൽ" (ഗലാ. 4:4) വചനം മാംസം ധരിച്ചു എന്നതു സത്യംതന്നെ. എന്നാൽ പിതാവിൻെറ നിത്യപുത്രൻ എന്ന നിലയിലുള്ള അവിടുത്തെ അനന്യതയുടെ രഹസ്യം മൂലം അവിടുന്നു പ്രപഞ്ചത്തിൻെറ ഉദ്ഭവവും അന്ത്യവുമാണെന്നതും സത്യമാണ്. യോഹന്നാൻ തൻെറ സുവിശേഷത്തിൻെറ ആമുഖത്തിൽ എഴുതുന്നതു പോലെ "സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" (1:3). പൗലോസ് ശ്ലീഹായും കൊളോസോസുകാർക്കുള്ള ലേഖനത്തിൽ ഇക്കാര്യം ഊന്നിപ്പറയുന്നു : "അവനിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു ..... എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത് (1:16). ദൈവത്തിൻെറ സൃഷ്ടികർമത്തിലുള്ള പുത്രൻെറ ഈ സജീവസാന്നിധ്യം പെസഹാരഹസ്യത്തിൽ പൂർണമായി വെളിവാക്കപ്പെട്ടിരിക്കുന്നു. ആ രഹസ്യത്തിൽ ക്രിസ്തു "നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യ ഫലമായി" (1 കോറി. 15:20) ഉയിർത്തെഴുന്നേറ്റ് പുതിയ സൃഷ്ടിയെ സ്ഥാപിക്കുകയും താൻതന്നെ പൂർണമാക്കാനിരിക്കുന്ന പ്രക്രിയയ്ക്കു തുടക്കമിടുകയും ചെയ്തു. ഈ പൂർണതയാവട്ടെ, "ദൈവം എല്ലാവർക്കും എല്ലാമാകേണ്ടതിന് ..... രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കാൻ" (1 കോറി. 15:24, 28) അവിടുന്നു മഹത്ത്വത്തോടെ തിരിച്ചു വരുമ്പോഴാണ് യാഥാർഥ്യമാവുക.

www.malankaralibrary.com



അതുകൊണ്ട്, സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ, ദൈവിക പദ്ധതിയിൽ ക്രിസ്തുവിന്റെ "പ്രാപഞ്ചിക ദൗത്യം" ഉൾപ്പെട്ടിരുന്നു. ദൈവം എല്ലാ ജോലിയിൽനിന്നും വിരമിച്ച് ഏഴാം ദിവസത്തെ അനുഗ്രഹിച്ചു വിശുദ്ധമാക്കിയപ്പോൾ (ഉത്പ. 2:3) അവിടുത്തെ സന്തുഷ്ടമായ ദൃഷ്ടിയിൽ എല്ലാ യുഗങ്ങളെയും ഉൾക്കൊള്ളുന്ന ഈ ക്രിസ്തുകേന്ദ്രീകൃത വീക്ഷണം നിറഞ്ഞുനിന്നിരുന്നു. ബൈബിളിലെ ഒന്നാമത്തെ സൃഷ്ടിവിവരണമെഴുതിയ പുരോഹിത ഗ്രന്ഥകാരന്റെ അഭിപ്രായമനുസരിച്ച് അപ്പോഴാണ് സാബത്ത് ഉദ്ഭവിച്ചത്. സാബത്ത് ആദ്യത്തെ ഉടമ്പടിയുടെ ഒരു മുഖ്യ സവിശേഷതയാണ്. നവീനവും അന്തിമവുമായ ഉടമ്പടിയുടെ വിശുദ്ധ ദിനത്തെപ്പറ്റി അത് ഒരു വിധത്തിൽ മുൻകൂട്ടി പറയുകയും ചെയ്യുന്നു.

"ദൈവത്തിന്റെ വിശ്രമത്തിന്റെയും (cf ഉത്പ. 2:2) പുറപ്പാടിന്റെ ജനം വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചപ്പോൾ അവിടുന്ന് അവർക്കു നൽകിയ വിശ്രമത്തിന്റെയും (cf പുറ. 33:14, നിയമാ. 3:20; 12:9, ജോഷ്വ 21:44, സങ്കീ. 95:11) പ്രമേയം സുനിശ്ചിതമായ സാബത്ത് വിശ്രമത്തിന്റെ (ഹെബ്രാ. 4:9) വെളിച്ചത്തിൽ പുതിയനിയമത്തിൽ പുനർവ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ആ സാബത്തുവിശ്രമത്തിലേക്കാണല്ലോ ക്രിസ്തു തന്നെ തന്റെ ഉത്ഥാനംവഴി പ്രവേശിച്ചത്. ക്രിസ്തുവിന്റെ മാതൃകയനുസരിച്ച് പുത്രസഹജമായ അനുസരണത്തിൽ നിലനിന്നുകൊണ്ട് അതേ വിശ്രമത്തിലേക്കു പ്രവേശിക്കാൻ ദൈവജനം വിളിക്കപ്പെട്ടിരിക്കുന്നു (cf ഹെബ്രാ. 4:3-16). അതുകൊണ്ട് ഞായറാഴ്ചദിവസത്തിന്റെ അർത്ഥം പൂർണമായി ഗ്രഹിക്കാൻ സൃഷ്ടിയുടെ കഥ നാം പുനർവ്യാഖ്യാനിക്കുകയും "സാബത്തി"ന്റെ ദൈവശാസ്ത്രം കൂടുതൽ ആഴത്തിൽ മനസിലാക്കുകയും വേണം.

## ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉത്പ. 1:1)

9. സൃഷ്ടിയുടെ അളവില്ലായ്മയുടെ മുമ്പിൽ മനുഷ്യർക്ക് അനുഭവപ്പെടുന്ന വിസ്മയവും, തത്ഫലമായി സകല വസ്തുക്കളെയും ശൂന്യതയിൽനിന്ന് അസ്തിത്വത്തിലേക്കു കൊണ്ടുവന്നവനോടു തോന്നുന്ന ആരാധനാഭാവവും ഉത്പത്തികഥയുടെ കാവ്യാത്മക ശൈലി നന്നായി പ്രകാശിപ്പിക്കുന്നു. വളരെയേറെ മതാത്മകപ്രാധാന്യമുള്ള ഒരു കഥയാണിത്. പ്രപഞ്ച സ്രഷ്ടാവിനെ സ്തുതിക്കുന്ന ഒരു കീർത്തനമാണത്.

www.malankaralibrary.com



ലോകത്തെത്തന്നെ ദൈവമാക്കാനുള്ള നിരന്തര പ്രലോഭനത്തിനുമുമ്പിൽ അത് ഏക കർത്താവായി അവിടുത്തെ ചൂണ്ടിക്കാണിക്കുന്നു. അതേസമയം ദൈവത്തിന്റെ ശക്തവും കരുണാപൂർണവുമായ കരങ്ങളാൽ നിർമിക്കപ്പെട്ട സൃഷ്ടിയുടെ നന്മയെ സംബന്ധിക്കുന്ന കീർത്തനവുമാണത്.

"അതു നല്ലതെന്നു ദൈവം കണ്ടു" (ഉത്പ. 1:10; 12 മുതലായവ). കഥയുടെ ഇടയ്ക്കുള്ള നിറുത്തലാണ് ഈ വാക്യം. ഈ പല്ലവി പ്രപഞ്ചത്തിന്റെ ഓരോ ഘടകത്തിൻമേലും ഭാവാത്മകമായ പ്രകാശം ചൊരിയുന്നു. മാത്രമല്ല, പ്രപഞ്ചത്തെ ശരിയായി ഗ്രഹിക്കുന്നതിന്റെയും അതിന്റെ അന്തിമമായ പുന:രുജ്ജീവനത്തിന്റെയും രഹസ്യം അതു വെളിവാക്കുകയും ചെയ്യുന്നു. ലോകം, അതിന്റെ ഉത്പത്തിയോടു ബന്ധപ്പെട്ടു നിൽക്കുന്നിടത്തോളം കാലം, നല്ലതാണ്. പാപത്താൽ വിരൂപമാക്കപ്പെട്ടതിനുശേഷം, കൃപാവരത്തിന്റെ സഹായത്താൽ, തന്റെ സ്രഷ്ടാവിങ്കലേക്കു തിരിയുമ്പോൾ അതു വീണ്ടും നല്ലതാക്കപ്പെടുകയും ചെയ്യും. ഈ പ്രക്രിയ നിർജീവവസ്തുക്കളോടും മൃഗങ്ങളോടുമല്ല, പിന്നെയോ മനുഷ്യജീവികളോടാണു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നതെന്ന വസ്തുത വ്യക്തമാണ്. മനുഷ്യജീവികൾക്കാണല്ലോ സ്വാതന്ത്ര്യമെന്ന അതുല്യദാനവും അതിന്റെ അപകടസാധ്യതയും നൽകപ്പെട്ടിട്ടുള്ളത്. ബൈബിൾ, സൃഷ്ടിയുടെ കഥ വിവരിച്ച് ഉടനെതന്നെ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ മഹത്ത്വവും ലോകത്തിനുമേൽ പാപത്തിന്റെയും മരണത്തിന്റെയും അന്ധകാരം അഴിച്ചുവിടുന്ന അവന്റെ പതനവും തമ്മിലുള്ള നാടകീയമായ അന്തരം വ്യക്തമാക്കുന്നു (cf ഉത്പ. 3).

10. ദൈവത്തിന്റെ കരവേലയായ പ്രപഞ്ചം അവിടുത്തെ നൻമയുടെ മുദ്ര വഹിക്കുന്നു. അതു മനോഹരമായ ലോകമാണ്. അതു നമ്മിൽ ആദരവും ആനന്ദവും ഉളവാക്കുന്നു. എന്നാൽ അതേസമയം കൃഷി ചെയ്യാനും വികസിപ്പിക്കാനുമായി അതു നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ജോലി "പൂർത്തിയായി"ക്കഴിഞ്ഞപ്പോൾ ലോകം മാനുഷിക പ്രവർത്തനത്തിനു സജ്ജീകൃതമായി. "ദൈവം തന്റെ ജോലി ഏഴാം ദിവസം പൂർത്തിയാക്കി. താൻ തുടങ്ങിയ പ്രവൃത്തിയിൽനിന്നു വിരമിച്ച് ഏഴാം ദിവസം അവിടുന്നു വിശ്രമിച്ചു" (ഉത്പ. 2:2). ദൈവത്തിന്റെ "ജോലി"യെപ്പറ്റി മനുഷ്യഭാഷയിലാണ് ഇവിടെ പറയുന്നത്. ഇതുവഴി സ്രഷ്ടാവും സ്രഷ്ടലോകവും തമ്മിലുള്ള

www.malankaralibrary.com



രഹസ്യാത്മക ബന്ധത്തിൻെറ ഒരു ക്ഷണിക ദൃശ്യം നമുക്കു നൽകുക മാത്രമല്ല ബൈബിൾ ചെയ്യുന്നത്. പ്രപഞ്ചത്തോടു ബന്ധപ്പെട്ട് മനുഷ്യ ജീവികൾ ചെയ്യേണ്ട ധർമത്തിൻമേൽ അതു പ്രകാശം വീശുകകൂടി ചെയ്യുന്നുണ്ട്. പ്രപഞ്ചത്തിൽ വസിക്കാൻ മാത്രമല്ല, അതിനെ "പണി"യാനും അങ്ങനെ ദൈവത്തിൻെറ "സഹപ്രവർത്തകൻ" ആകാനുംവേണ്ടി വിളിക്കപ്പെട്ട മനുഷ്യന് ദൈവത്തിൻെറ "ജോലി" ഒരുതരത്തിൽ ഒരു മാതൃകയാണ്. "തൊഴിൽ" (Laborem exercens) എന്ന ചാക്രിക ലേഖനത്തിൽ ഞാൻ എഴുതിയതുപോലെ ഉത്പത്തിപുസ്തകത്തിൻെറ ആദ്യത്തെ അധ്യായങ്ങൾ ഒരുവിധത്തിൽ "ജോലിയുടെ സുവിശേഷം"[10] ആണ്. രണ്ടാം വത്തിക്കാൻ കൗൺസിലും ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു സത്യമാണിത് : "ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഭൂമിയെയും അതിലുള്ള സകലത്തെയും കീഴ്പ്പെടുത്താനും നീതിയിലും വിശുദ്ധിയിലും ലോകത്തെ ഭരിക്കാനും കൽപന ലഭിച്ചു. മാത്രമല്ല, ദൈവത്തെ സകല വസ്തുക്കളുടെയും സ്രഷ്ടാവായി അംഗീകരിച്ചുകൊണ്ട് തന്നെത്തന്നെയും സകല വസ്തുക്കളെയും ദൈവവുമായി ബന്ധപ്പെടുത്താനും അവനു കൽപന ലഭിച്ചു. എല്ലാം ദൈവത്തിനു വിധേയപ്പെട്ട് ദൈവനാമം ലോകം മുഴുവനിലും മഹത്വീകരിക്കപ്പെടുന്നതിനുവേണ്ടിയായിരുന്നു ഇത്."[11]

ദൈവനിയമം അനുസരിച്ചുകൊണ്ട്, ഭൂമിയെ നിറയ്ക്കാനും അധ്വാനം വഴി അതിനെ കീഴടക്കാനുമുള്ള ചുമതലയും ഉത്തരവാദിത്വവും ദൈവം സ്ത്രീപുരുഷൻമാരെ ഏൽപിച്ചു. ആ ദൗത്യത്തിൻെറ ചരിത്രപരമായ അനന്തരഫലമാണ്, ശാസ്ത്രം, സാങ്കേതികവിദ്യ, സംസ്കാരം എന്നിവയ്ക്ക് അവയുടെ വിവിധ രൂപത്തിലുള്ള പ്രഹർഷജനകമായ പുരോഗതി-പൂർവാധികം ദ്രുതഗതിയിലുള്ളതും ഇന്ന് അത്യുഗ്രമായിരിക്കുന്നതുമായ വികസനം.

## സാബത്ത് : സ്രഷ്ടാവിൻെറ സന്തോഷപ്രദമായ വിശ്രമം

11. ഉത്പത്തി പുസ്തകത്തിൻെറ ആദ്യപുറം ദൈവത്തിൻെറ "ജോലി"യെ മനുഷ്യന് ഒരു മാതൃകയായി അവതരിപ്പിക്കുന്നു. അങ്ങനെയെങ്കിൽ അത് ദൈവത്തിൻെറ "വിശ്രമ"ത്തെ സംബന്ധിച്ചും ശരിയാണ്. "ദൈവം തൻെറ ജോലി ഏഴാം ദിവസം പൂർത്തിയാക്കി" (ഉത്പ. 2:2). അർഥസമ്പന്നമായ ഒരു മനുഷ്യത്വാരോപണമാണ് ഇവിടെയും നാം കാണുന്നത്.

ദൈവത്തിൻെറ വിശ്രമത്തെ ഒരുതരം ദൈവിക "നിഷ്ക്രിയത്വമാ

www.malankaralibrary.com



യി" വ്യാഖ്യാനിച്ചാൽ ആ വ്യാഖ്യാനം കഴമ്പില്ലാത്തതായിരിക്കും. ലോകത്തെ സ്ഥാപിക്കുന്ന സർഗാത്മകപ്രവൃത്തി പ്രകൃത്യാ നിറുത്തലില്ലാത്തതാണ്. ദൈവം എപ്പോഴും പ്രവർത്തിക്കുന്നു. സാബത്തു കൽപനയെ പരാമർശിക്കുമ്പോൾ യേശുതന്നെ ഇതു പറഞ്ഞിട്ടുണ്ട് : "എൻെറ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്. ഞാനും പ്രവർത്തിക്കുന്നു" (യോഹ. 5:17). ഏഴാം ദിവസത്തെ ദൈവികവിശ്രമം പ്രവർത്തനരഹിതനായ ഒരു ദൈവത്തെ സൂചിപ്പിക്കുകയല്ല, പിന്നെയോ അവിടുന്നു നിർവഹിച്ച പ്രവൃത്തിയുടെ പൂർണതയ്ക്ക് ഊന്നൽ നൽകുകയാണ്. തൻെറ കരം ചെയ്ത "വളരെ നല്ല" കർമത്തിനുമുമ്പിൽ (ഉത്പ. 1:31) ദൈവത്തിൻെറ തങ്ങിനിൽക്കലിനെ അതു സൂചിപ്പിക്കുകയാണ്. സന്തോഷം നിറഞ്ഞ നോട്ടത്തോടെ അതിനെ നോക്കിക്കാണാനാണത്. ഇത് ധ്യാനാത്മകമായ ഒരു നോട്ടമാണ്. പുതിയ നേട്ടങ്ങൾ അന്വേഷിക്കാത്ത എന്നാൽ നേടിയതിൻെറ സൗന്ദര്യം ആസ്വദിക്കുന്ന നോട്ടം. ദൈവം സകല വസ്തുക്കളുടെയും മേൽ പതിപ്പിക്കുന്ന നോട്ടമാണത്. എന്നാൽ സൃഷ്ടിയുടെ മകുടമായ മനുഷ്യനിൽ സവിശേഷമായ വിധത്തിൽ ആ നോട്ടം അവിടുന്നു പതിപ്പിക്കുന്നു. തൻെറ സാദൃശ്യത്തിൽ രൂപപ്പെടുത്തിയ സൃഷ്ടിയെ, സ്നേഹത്തിൻെറ ഉടമ്പടിയിൽ ഏർപ്പെടാൻ ക്ഷണിച്ചുകൊണ്ട്, ആ സൃഷ്ടിയുമായി ദൈവം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ബന്ധത്തിൻെറ വൈവാഹിക രൂപത്തെ ഏറെക്കുറെ വെളിപ്പെടുത്തുന്ന നോട്ടമാണത്. ഇസ്രായേലുമായി സ്ഥാപിച്ചതും ക്രിസ്തുവിൽ പൂർത്തിയാക്കിയതുമായ രക്ഷാകര ഉടമ്പടിയിലൂടെ മനുഷ്യവംശത്തിനു മുഴുവനും രക്ഷ നൽകിക്കൊണ്ട് ദൈവം ക്രമേണ പൂർത്തിയാക്കാനിരിക്കുന്നത് അതാണ്. മാംസം ധരിച്ച വചനമായിരിക്കും കാരുണ്യത്തിൻെറ ദാനവും പിതാവിൻെറ സ്നേഹത്തിൻെറ ക്ഷണവും മനുഷ്യ വംശത്തിനു മുഴുവനും നൽകുക. യുഗാന്ത്യദാനമായി പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും തൻെറ ശരീരവും മണവാട്ടിയുമായി സഭയെ രൂപപ്പെടുത്തിക്കൊണ്ടുമാണ് അവിടുന്ന് ഇതു ചെയ്യുക.

12. സ്രഷ്ടാവിൻെറ പദ്ധതിയിൽ സൃഷ്ടിയുടെ ക്രമവും രക്ഷയുടെ ക്രമവും തമ്മിൽ വ്യത്യാസവും അതേസമയം ഉറ്റ ബന്ധവുമുണ്ട്. സാബത്തിനെ സംബന്ധിച്ച പ്രമാണത്തെ ദൈവത്തിൻെറ നിഗൂഢാത്മക വിശ്രമത്തോടു ബന്ധിപ്പിക്കുമ്പോൾ മാത്രമല്ല (cf പുറ. 20:8-11), പിന്നെയോ, ഈജിപ്തിലെ അടിമത്തത്തിൽനിന്നു വിമോചിപ്പിക്കുന്നതിലൂടെ ഇസ്രായേലിനു നൽകുന്ന രക്ഷയോടു ബന്ധിപ്പിക്കുമ്പോഴും (cf നി

www.malankaralibrary.com



യമാ. 5:12-15) പഴയനിയമത്തിൽ ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്. തന്റെ സൃഷ്ടിയിൽ സന്തോഷിച്ചുകൊണ്ട് ഏഴാം ദിവസം വിശ്രമിക്കുന്ന ദൈവം, ഫറവോന്റെ പീഡനത്തിൽനിന്നു തന്റെ മക്കളെ വിമോചിപ്പിച്ചുകൊണ്ടു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്ന അതേ ദൈവമാണ്. പ്രവാചകന്മാർക്ക് ഇഷ്ടപ്പെട്ട ഒരു ഉപമ ഉപയോഗിച്ചു പറഞ്ഞാൽ, ഈ രണ്ടു സംഭവങ്ങളിലും ദൈവം, വധുവിന്റെ മുമ്പിൽ വരൻ എന്നപോലെ തന്നെത്തന്നെ വെളിപ്പെടുത്തുകയാണ് (cf. ഹോസി. 2:16-26; ജറെ. 2:2; ഏശ. 54:4-8).

ഇതേ യഹൂദപാരമ്പര്യത്തിന്റെ ചില ഘടകങ്ങൾ നിർദേശിക്കുന്നതുപോലെ, സാബത്തിന്റെ ദൈവിക വിശ്രമത്തിന്റെ അന്തസ്സത്തയിൽ എത്തിച്ചേരാൻ ദൈവവും തന്റെ ജനവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വൈവാഹിക ബന്ധത്തിന്റെ തീവ്രത പഴയ നിയമത്തിലും പുതിയ നിയമത്തിലും നാം തിരിച്ചറിയേണ്ടതുണ്ട്. ഉദാഹരണമായി, ഹോസിയ അതിനെ ഇപ്രകാരം മനോജ്ഞമായി വിവരിക്കുന്നു : "ആ നാളുകളിൽ നിനക്കുവേണ്ടി വന്യമൃഗങ്ങളോടും ആകാശപ്പറവകളോടും ഇഴജന്തുക്കളോടും ഞാൻ ഒരു ഉടമ്പടി ചെയ്യും. വില്ലും വാളും യുദ്ധവും ദേശത്തുനിന്നു ഞാൻ തുടച്ചു മാറ്റും. സുരക്ഷിതമായി ശയിക്കാൻ ഞാൻ നിനക്ക് ഇടവരുത്തും. എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരുണ്യത്തിലും നിന്നെ ഞാൻ സ്വീകരിക്കും. വിശ്വസ്തതയിൽ നിന്നെ ഞാൻ സ്വന്തമാക്കും. കർത്താവിനെ നീ അറിയും" (2:8-20).

## ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു വിശുദ്ധമാക്കി (ഉത്പ. 2:3)

13. അതുകൊണ്ട് നവീനവും ശാശ്വതവുമായ ഉമ്പടിയിലെ ഞായറാഴ്ചദിനത്തിനുവേണ്ടി ആദ്യ ഉടമ്പടിയിൽ ഒരുക്കം നടത്തുന്ന സാബത്തു കൽപന ദൈവിക പദ്ധതിയുടെ അഗാധതകളിൽ വേരുറച്ചതാണ്. അതുകൊണ്ടാണ്, മറ്റു കൽപനകളിൽനിന്നു വ്യത്യസ്തമായി അത് തീർത്തും ആരാധനാപരമായ നിയമങ്ങളുടെ സാഹചര്യത്തിൽ സ്ഥാപിക്കപ്പെടാതെ പത്തു കൽപനകളിൽ, "പത്തു വാക്കുകളിൽ", സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. പത്തു കൽപനകളാകട്ടെ മനുഷ്യഹൃദയത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ധാർമിക ജീവിത സ്തംഭങ്ങളെത്തന്നെ പ്രതിനിധാനം ചെയ്യുന്നവയാണ്. ഈ കൽപനയെ ധാർമികതയുടെ മൗലിക ഘടനയുടെ പശ്ചാത്തലത്തിൽ സ്ഥാപിച്ചിരിക്കുന്നു. അങ്ങനെ ചെയ്തുകൊണ്ട്

www.malankaralibrary.com



ഇസ്രായേലും പിന്നീട് സഭയും, തങ്ങൾ അതിനെ സാമൂഹിക മതാത്മക ശിക്ഷണത്തിന്റെ ഒരു ഭാഗം മാത്രമായിട്ടല്ല, പിന്നെയോ, *തങ്ങൾക്കു ദൈവത്തോടുള്ള ബന്ധത്തിന്റെ നിർണായകവും മായാത്തതുമായ പ്രകാശനമായിക്കൂടിയാണ് കരുതുന്നതെന്നു പ്രഖ്യാപിക്കുന്നു.*

ദൈവവുമായുള്ള ഈ ബന്ധമാകട്ടെ, ബൈബിളിലെ വെളിപാടിൽ അറിയിക്കപ്പെട്ടിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ഈ പരിപ്രേക്ഷ്യത്തിലാണ് ഈ കൽപനയെ ക്രിസ്ത്യാനികൾ ഇന്നു വീണ്ടും കണ്ടെത്തേണ്ടത്. വിശ്രമത്തിനുള്ള മാനുഷികാവശ്യത്തിൽ അതു സ്വാഭാവികമായി ലയിച്ചുചേർന്നേക്കാം. എന്നാലും അതിന്റെ അഗാധതരമായ അർത്ഥത്തിലേക്കു പ്രവേശനം നൽകുന്നതും അതു നിസാരവും വിലയിടിക്കപ്പെട്ടതുമായിത്തീരുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതും വിശ്വാസം മാത്രമാണ്.

14. അതുകൊണ്ട്, ഒന്നാമതായി ഞായറാഴ്ചദിവസം വിശ്രമദിനമായിരിക്കുന്നത് അതു ദൈവത്താൽ "ആശീർവദിക്കപ്പെടുകയും" അവിടുന്ന് അതിനെ "വിശുദ്ധമാക്കുകയും" ചെയ്തതുകൊണ്ടാണ്; അതിനെ മറ്റു ദിവസങ്ങളിൽനിന്നു വേർതിരിച്ചു "കർത്താവിന്റെ ദിനം" ആക്കിയതുകൊണ്ടാണ്.

ഒന്നാമത്തെ സൃഷ്ടിവിവരണത്തിൽ സാബത്ത് "വിശുദ്ധ"മായി ആചരിക്കുക എന്നതിനുള്ള അർത്ഥം പൂർണമായി ഗ്രഹിക്കണമെങ്കിൽ കഥ മുഴുവനും നാം പരിഗണിക്കണം. അതാകട്ടെ, സർവ സൃഷ്ടികളെയും ദൈവത്തോടു ബന്ധപ്പെടുത്തണമെന്നു വ്യക്തമായി കാണിക്കുന്നു. കാലവും സ്ഥലവും അവിടുത്തേതാണ്. അവിടുന്ന് ഒരു ദിവസത്തിന്റെ മാത്രം ദൈവമല്ല; മനുഷ്യവംശത്തിന്റെ സകല ദിവസങ്ങളുടെയും ദൈവമാണ്.

അതുകൊണ്ട്, ദൈവം ഏഴാം ദിവസത്തെ, പ്രത്യേകമായ അനുഗ്രഹംവഴി "വിശുദ്ധീകരിക്കുകയും", "തന്റെ" അത്യുത്കൃഷ്ട "ദിവസ"മാക്കുകയും ചെയ്തുവെങ്കിൽ നാമതു മനസിലാക്കേണ്ടത് ഉടമ്പടി സംഭാഷണത്തിന്റെ, വിവാഹമാകുന്ന സ്നേഹസംവാദത്തിന്റെ, അഗാധമായ ചാലക ശക്തിക്കുള്ളിലാണ്. സ്നേഹത്തിന്റെ സംഭാഷണമാണത് - ഒരുവിധ തടസവുമറിയാത്ത, എന്നാൽ ഒരിക്കലും വിരസമാകാത്ത സംഭാഷണം. വാസ്തവത്തിൽ അതു സ്നേഹത്തിന്റെ വിവിധങ്ങളായ സ്ഥിര ശൈലികൾ ഉപയോഗിക്കുന്നു; സാധാരണവും പരോക്ഷവുമായവ

www.malankaralibrary.com



മുതൽ കൂടുതൽ തീവ്രതയുള്ളവ വരെ. അതിനെ വിവരിക്കാൻ വൈവാഹിക സ്നേഹത്തിൻെറ അനുഭവത്തിൽനിന്നെടുത്ത പ്രതിബിംബങ്ങൾ ഉപയോഗിക്കുന്നതിൽ വിശുദ്ധഗ്രന്ഥവചനങ്ങളോ മിസ്റ്റിക്കുകളായ അനേകം പേരുടെ സാക്ഷ്യമോ ശങ്കിക്കുന്നില്ല.

15. മനുഷ്യജീവിതം മുഴുവനും, തൻമൂലം മാനുഷിക സമയം മുഴുവനും, സ്രഷ്ടാവിനെ സ്തുതിക്കലും അവിടുത്തോടുള്ള നന്ദിപ്രകടനവുമായിരിക്കണം. എന്നാൽ നിശ്ചിതമായ പ്രാർഥനാസമയങ്ങളും ഉണ്ടായിരിക്കണമെന്നു മനുഷ്യനു ദൈവത്തോടുള്ള ബന്ധം ആവശ്യപ്പെടുന്നു. ആ സമയങ്ങളിൽ ആ ബന്ധം വ്യക്തിയുടെ എല്ലാ മാനങ്ങളും ഉൾക്കൊള്ളുന്ന തീവ്രതയാർന്ന ഒരു സംഭാഷണമായിത്തീരുന്നു. അത്യുത്കൃഷ്ടമായ ഈ ബന്ധത്തിൻെറ ദിവസമാണ് "കർത്താവിൻെറ ദിവസം". അന്നു സ്ത്രീപുരുഷൻമാർ തങ്ങളുടെ ഗാനം ദൈവത്തിലേക്ക് ഉയർത്തുകയും അത് സകല സൃഷ്ടികളുടെയും ശബ്ദമായിത്തീരുകയും ചെയ്യുന്നു.

അതുകൊണ്ടാണ് വാസ്തവത്തിൽ അത് വിശ്രമത്തിൻെറ ദിവസവുംകൂടിയായിരിക്കുന്നത്. മിക്കപ്പോഴും ജോലിയുടെ ഞെരുക്കുന്ന താളത്തിൻെറ താത്കാലികമായ നിറുത്തൽ നവീകരണത്തെയും നിസംഗതയെയും വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്; ഒപ്പം അതു ദൈവത്തോടു മനുഷ്യനും പ്രപഞ്ചത്തിനുമുള്ള ആശ്രയത്വവും വ്യക്തമാക്കുന്നു. എല്ലാം ദൈവത്തിൻേറതാണ്. ആഴ്ചയനുസരിച്ചുള്ള കാലഗണനയിൽ കർത്താവിൻെറ ദിവസം ഈ തത്ത്വം പ്രഖ്യാപിക്കാൻവേണ്ടി വീണ്ടും വീണ്ടും വരുന്നു. ബൈബിളിലെ വെളിപാടിനെ കുറിക്കുന്ന സമയമാകുന്ന "വിശുദ്ധ ശിൽപ വിന്യാസ"ത്തിലെ ഒരു നിർണായക ഘടകം എന്ന നിലയിൽ സാബത്ത് സ്മരണകളെ ഉണർത്തുംവിധം വ്യാഖ്യാനിക്കപ്പെട്ടുപോന്നു.[13]

പ്രപഞ്ചവും ചരിത്രവും ദൈവത്തിൻേറതാണെന്ന് അത് ഓർമിപ്പിക്കുന്നു. ഈ സത്യത്തെപ്പറ്റിയുള്ള നിരന്തരമായ ബോധം കൂടാതെ മനുഷ്യനു ലോകത്തിൽ സ്രഷ്ടാവിൻെറ സഹപ്രവർത്തകനായി സേവനം ചെയ്‌വാൻ സാധ്യമല്ല.

## 'അനുസ്മരിച്ചു'കൊണ്ട് 'വിശുദ്ധമായി ആചരിക്കുക'.

16. സാബത്താചരണത്തെപ്പറ്റി പത്തു പ്രമാണങ്ങളിൽ കാണുന്ന ദൈവകൽപന പുറപ്പാടിൻെറ പുസ്തകത്തിൽ വ്യത്യസ്തമായ രീതിയി

www.malankaralibrary.com



ലാണ് രൂപപ്പെടുത്തിയിരിക്കുന്നത് : "സാബത്ത് വിശുദ്ധമായി ആചരിക്കാൻ ഓർമിക്കുക" (20:8) ഇതിന്റെ കാരണം വ്യക്തമാക്കാൻ ദൈവനിവേശിതമായ ആ പാഠഭാഗം ദൈവത്തിന്റെ പ്രവൃത്തിയെ അനുസ്മരിച്ചുകൊണ്ട് തുടർന്നു പറയുന്നു : "എന്തെന്നാൽ കർത്താവ് ആറു ദിവസം കൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിക്കുകയും ഏഴാം ദിവസം വിശ്രമിക്കുകയും ചെയ്തു. അങ്ങനെ അവിടുന്ന് സാബത്തുദിനത്തെ അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു" (വാക്യം 11). ഒരു കാര്യം ചെയ്യണമെന്ന് അനുശാസിക്കുംമുമ്പ് ഒരു കാര്യം ഓർമിക്കണമെന്ന് ഈ കൽപന നിർബന്ധിക്കുന്നു. ദൈവം നടത്തിയ സൃഷ്ടികർമമാകുന്ന മഹനീയവും മൗലികവുമായ പ്രവൃത്തി അനുസ്മരിക്കുന്നതിനുള്ള ക്ഷണമാണത്. ഈ അനുസ്മരണം മനുഷ്യന്റെ മുഴുവൻ മതാത്മക ജീവിതത്തെയും പ്രചോദിപ്പിക്കുകയും അവൻ വിശ്രമിക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്ന ദിവസത്തെ നിറയ്ക്കുകയും ചെയ്യണം. അതുകൊണ്ട് വിശ്രമത്തിന് വിശുദ്ധമായ ഒരു മൂല്യമുണ്ടാകുന്നു. ദൈവം വിശ്രമിച്ചതുപോലെ വിശ്രമിക്കാൻ മാത്രമല്ല, പിന്നെയോ, സൃഷ്ടിയെ മുഴുവനും കർത്താവിലേക്കു കൊണ്ടുവന്ന് സ്തുതിയിലും കൃതജ്ഞതയിലും ശിശുവിനെപ്പോലെ ഉറ്റ സ്നേഹത്തിൽ, വിവാഹജീവിതപങ്കാളിയെപ്പോലെ സൗഹൃദപൂർവം കർത്താവിൽ വിശ്രമിക്കാനും വിശ്വാസികൾ വിളിക്കപ്പെടുന്നു.

17. സാബത്തുവിശ്രമവും ദൈവത്തിന്റെ വിസ്മയനീയ കർമങ്ങളുടെ സ്മരണ എന്ന പ്രമേയവും തമ്മിലുള്ള ബന്ധം നിയമാവർത്തന പുസ്തകത്തിലും കാണാം (5:12-15). അവിടെ, സൃഷ്ടികർമത്തിൽ എന്നതിലുപരി പുറപ്പാടിൽ ദൈവം നടത്തിയ വിമോചനപ്രവൃത്തിയിലാണ് ആ കൽപന അടിത്തറ ഉറപ്പിച്ചിരിക്കുന്നത് : "നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവ് തന്റെ കരുത്തുറ്റ കരം നീട്ടി അവിടെനിന്നുനിന്നെ മോചിപ്പിച്ചുകൊണ്ടുവന്നുവെന്നും ഓർമിക്കുക. അതുകൊണ്ട് സാബത്തു ദിനം ആചരിക്കാൻ അവിടുന്നു നിന്നോടു കൽപിച്ചിരിക്കുന്നു (5:15).

കൽപനയുടെ ഈ രീതിയിലുള്ള രൂപവത്കരണം നാം മുൻപു കണ്ടതിനെ പൂർത്തിയാക്കുന്നു. അവ ഒന്നിച്ച് കർത്താവിന്റെ ദിവസം എന്നതിന്റെ അർഥം സൃഷ്ടിയെയും രക്ഷയെയും ഒന്നിപ്പിക്കുന്ന ദൈവശാസ്ത്രപരമായ ഏകവീക്ഷണത്തിനുള്ളിൽ പ്രകാശിപ്പിക്കുന്നു. അതുകൊണ്ട് ഈ കൽപനയുടെ പ്രധാന വിഷയം ജോലിയിൽനിന്നുള്ള

www.malankaralibrary.com



ഏതെങ്കിലും തരത്തിലുള്ള താത്കാലിക വിരാമമല്ല, പിന്നെയോ ദൈവം ചെയ്ത വിസ്മയനീയ കാര്യങ്ങളുടെ ആഘോഷമാണ്.

ഈ അനുസ്മരണം സജീവവും, കൃതജ്ഞതയും ദൈവസ്തുതിയും നിറഞ്ഞതും ആയിരിക്കുന്നിടത്തോളം കർത്താവിന്റെ ദിവസത്തിലുള്ള മാനുഷിക വിശ്രമത്തിനു പൂർണമായ അർഥമുണ്ടാകുന്നു. അപ്പോഴാണ് മനുഷ്യൻ ദൈവത്തിന്റെ വിശ്രമത്തിന്റെ ആഴങ്ങളിലേക്കു കടക്കുന്നതും സൃഷ്ടികർമത്തിനുശേഷം താൻ സൃഷ്ടിച്ചതെല്ലാം വളരെ നല്ലതാണെന്നു (ഉത്പ. 1:31) കണ്ടപ്പോൾ ദൈവത്തിനുണ്ടായ സന്തോഷത്തിന്റെ നേരിയ രോമാഞ്ചം അനുഭവിക്കുന്നതും.

## സാബത്തിൽനിന്നും ഞായറാഴ്ചയിലേക്ക്

18. മൂന്നാം കൽപന ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളുടെ സ്മരണയെ ആശ്രയിച്ചിരിക്കുന്നു. ക്രിസ്തു ഉദ്ഘാടനംചെയ്ത സുനിശ്ചിത സമയം പുതിയ തുടക്കമായി ക്രിസ്ത്യാനികൾ കണ്ടു. ഇക്കാരണങ്ങളാൽ സാബത്തുകഴിഞ്ഞുള്ള ഒന്നാം ദിവസത്തെ അവർ മഹോത്സവദിവസമാക്കി. എന്തെന്നാൽ അതായിരുന്നു ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്ത ദിവസം. ക്രിസ്തുവിന്റെ പെസഹാ രഹസ്യമാണ് ലോകോത്പത്തിയുടെ രഹസ്യത്തിന്റെ പൂർണമായ വെളിപ്പെടുത്തൽ, രക്ഷാകര ചരിത്രത്തിന്റെ അത്യുച്ചകോടി, ലോകത്തിന്റെ യുഗാന്ത്യപരമായ പൂർത്തീകരണത്തിന്റെ മുന്നനുഭവം. സൃഷ്ടികർമത്തിൽ ദൈവം പൂർത്തിയാക്കിയതും പുറപ്പാടിൽ അവിടുന്നു തന്റെ ജനത്തിനുവേണ്ടി ചെയ്തതും ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പൂർണമായ പ്രകാശനം കണ്ടെത്തി. എന്നാൽ, ക്രിസ്തു മഹത്ത്വത്തിൽ തിരിച്ചു വരുന്ന "രണ്ടാം ആഗമനം" വരെ അതിന്റെ അന്തിമമായ പൂർത്തീകരണം ഉണ്ടാവുകയില്ല.

മഹാനായ വിശുദ്ധ ഗ്രിഗറി ഉദ്ഘോഷിക്കുന്നതുപോലെ സാബത്തിന്റെ "ആധ്യാത്മികാർഥം" ക്രിസ്തുവിൽ പൂർണമായി സാക്ഷാത്കരിക്കപ്പെട്ടു. അദ്ദേഹം പറയുന്നു : "നമ്മെ സംബന്ധിച്ചിടത്തോളം യഥാർഥ സാബത്ത് നമ്മുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവാണ്".[14] അതുകൊണ്ടാണ് ദൈവം മനുഷ്യവംശത്തിന്റെ പ്രഥമ സാബത്തു ദിവസം, ശൂന്യതയിൽനിന്നു സൃഷ്ടിച്ച സകലതിനെയുംകുറിച്ച് ഏതു സന്തോഷത്തോടെ ചിന്തിച്ചുവോ ആ സന്തോഷം ഇപ്പോൾ ഉയിർപ്പു ഞായറാഴ്ച ദിവസം ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ

www.malankaralibrary.com



യേശുവിനുണ്ടായിരുന്ന സന്തോഷത്തിൽ പ്രകടമാകുന്നത്. അന്നാണല്ലോ സമാധാനമാകുന്ന ദാനവും പരിശുദ്ധാത്മാവാകുന്ന ദാനവും അവിടുന്ന് അവർക്കു കൊണ്ടുവന്നത് (cf. യോഹ. 20:19-23). "ഇന്നോളം പ്രസവവേദന അനുഭവിച്ചു വിലപിച്ചിരുന്ന" (റോമാ 8:22) മനുഷ്യവംശവും സകല സൃഷ്ടികളും ക്രിസ്തുവിനോടൊപ്പം "ആബാ, പിതാവേ" (റോമാ 8:15, ഗലാ. 4:6) എന്നു വിളിക്കുന്ന ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള തങ്ങളുടെ പുതിയ "പുറപ്പാട്" അനുഭവിച്ചറിഞ്ഞത് പെസഹാരഹസ്യത്തിലാണ്. ഈ രഹസ്യത്തിൻെറ വെളിച്ചത്തിൽ കർത്താവിൻെറ ദിനത്തെ സംബന്ധിച്ച പഴയനിയമ കൽപനയുടെ അർഥം ഉത്ഥിതനായ ക്രിസ്തുവിൻെറ മുഖത്തു പ്രകാശിതമായ മഹത്ത്വത്തിൽ (cf. 2 കോറി 4:6) വീണ്ടെടുക്കപ്പെടുകയും പൂർണമാക്കപ്പെടുകയും ചെയ്യുന്നു. അങ്ങിനെ സാബത്തിൽനിന്നു നാം സാബത്തുകഴിഞ്ഞുള്ള ഒന്നാം ദിവസത്തിലേക്ക്, ഏഴാം ദിവസത്തിൽനിന്ന് ഒന്നാം ദിവസത്തിലേക്ക്, നീങ്ങുന്നു. കർത്താവിൻെറ ദിവസം ക്രിസ്തുവിൻെറ ദിവസമായിത്തീരുന്നു.

www.malankaralibrary.com

അദ്ധ്യായം രണ്ട്

# ക്രിസ്തുവിൻെറ ദിവസം

## ഉത്ഥിതനായ കർത്താവിൻെറയും പരിശുദ്ധാത്മാവിൻെറ ദാനത്തിൻെറയും ദിവസം

### ആഴ്ചതോറുമുള്ള ഉയിർപ്പുദിനം

19. ഇന്നസെൻറ് ഒന്നാമൻ മാർപാപ്പ അഞ്ചാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഇപ്രകാരം എഴുതി : "നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ തിരുവുത്ഥാനംമൂലം നാം ഞായറാഴ്ച ആഘോഷിക്കുന്നു. ഈസ്റ്റർ ദിവസം മാത്രമല്ല, ഓരോ ആഴ്ച മാറുമ്പോഴും നാം അപ്രകാരം ചെയ്യുന്നു".[15] കർത്താവിൻെറ ഉത്ഥാനത്തിനുശേഷമുള്ള ആദ്യകാലം മുതൽ രൂപപ്പെട്ട് സുസ്ഥാപിതമായിക്കഴിഞ്ഞിരുന്ന ഒരു ആചാരത്തിനു സാക്ഷ്യംവഹിച്ചുകൊണ്ടാണ് അദ്ദേഹം ഇപ്രകാരം എഴുതിയത്. "കർത്താവിൻെറ ഉത്ഥാനംവഴി ആദരിക്കപ്പെട്ടതും മറ്റെല്ലാ ദിവസങ്ങളുടെയും ആദ്യഫലവുമായ വിശുദ്ധ ഞായറാഴ്ച"യെക്കുറിച്ച് വി. ബേസിൽ പറയുന്നുണ്ട്.[16] വി. ആഗസ്തീനോസ് ഞായറാഴ്ചയെ "ഈസ്റ്ററിൻെറ കൂദാശ" എന്നു വിളിക്കുന്നു.[17]

ഞായറാഴ്ചയും കർത്താവിൻെറ ഉത്ഥാനവും തമ്മിലുള്ള ഉറ്റ ബന്ധത്തെ കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ സഭകളും ശക്തിയുക്തം ഊന്നിപ്പറയുന്നുണ്ട്. പ്രത്യേകിച്ച്, കിഴക്കൻ സഭകളുടെ പാരമ്പര്യത്തിൽ ഓരോ ഞായറാഴ്ചയും "ഉത്ഥാനത്തിൻെറ ദിവസം" (Anastasimos Hemera) ആണ്.[18] അതുകൊണ്ടാണ് അതു മുഴുവൻ ആരാധനയുടെയും ഹൃദയഭാഗത്തു നിലകൊള്ളുന്നത്.

കർത്താവിൻെറ ദിവസം സൃഷ്ടികർമ്മത്തിലും അതിലേറെയായി വി. ഗ്രന്ഥത്തിൽ കാണുന്ന ദൈവത്തിൻെറ "വിശ്രമ"ത്തിൻെറ രഹസ്യത്തിലും ആണ് അധിഷ്ഠിതമായിട്ടുള്ളത്. എന്നാലും മേൽപറഞ്ഞ സ്ഥിരവും സാർവത്രികവുമായ പാരമ്പര്യത്തിൻെറ വെളിച്ചത്തിൽ, കർത്താവി

www.malankaralibrary.com



ൻെറ ദിവസം പൂർണമായി ഗ്രഹിക്കാൻ ക്രിസ്തുവിൻെറ ഉത്ഥാന ദിവസത്തിലേക്കാണ് നോക്കേണ്ടതെന്നു വ്യക്തമാകുന്നു. അതാണ്, ലോകരക്ഷയുടെ യഥാർഥ ഉറവിടമായ ഈസ്റ്റർ സംഭവത്തെപ്പറ്റി ചിന്തിക്കാനും അത് ജീവിക്കാനും വിശ്വാസികളെ ഓരോ ആഴ്ചയിലും പ്രേരിപ്പിച്ചുകൊണ്ട്, ക്രൈസ്തവ ഞായറാഴ്ച ചെയ്യുന്നത്.

20. സുവിശേഷങ്ങളിൽ കാണുന്ന പൊതുവായ സാക്ഷ്യമനുസരിച്ച് മൃതരിൽനിന്നുള്ള യേശുവിൻെറ ഉത്ഥാനം "സാബത്തിനുശേഷമുള്ള ആദ്യ ദിവസം" സംഭവിച്ചു (മർക്കോ. 16:2, 9; ലൂക്കാ 24:1; യോഹ. 20:1). ഉത്ഥിതനായ കർത്താവ് ആ ദിവസംതന്നെ എമ്മാവൂസിലെ രണ്ടു ശിഷ്യൻമാർക്കും (cf. ലൂക്കാ 24:13, 35) ഒന്നിച്ചുകൂടിയിരുന്ന പതിനൊന്നു ശ്ലീഹൻമാർക്കും (cf. ലൂക്കാ 24:36; യോഹ. 20:19) പ്രത്യക്ഷപ്പെട്ടു. യോഹന്നാൻെറ സുവിശേഷം വിവരിക്കുന്നതുപോലെ ഒരാഴ്ചകഴിഞ്ഞ് (cf. 20:6) ശിഷ്യൻമാർ വീണ്ടും സമ്മേളിച്ചപ്പോൾ യേശു അവർക്കു പ്രത്യക്ഷപ്പെടുകയും തൻെറ പീഡാനുഭവത്തിൻെറ അടയാളങ്ങൾ കാണിച്ച് തോമാശ്ലീഹായ്ക്കു തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്തു. പന്തക്കുസ്താദിനവും ഒരു ഞായറാഴ്ച ആയിരുന്നു. യഹൂദരുടെ പെസഹായ്ക്കുശേഷമുള്ള എട്ടാം ആഴ്ചയുടെ ഒന്നാം ദിവസമാണത് (cf. അപ്പ. 2: 1). അന്നാണല്ലോ ഉത്ഥാനാനന്തരം യേശു അപ്പസ്തോലൻമാർക്കു നൽകിയ വാഗ്ദാനം പരിശുദ്ധാത്മാവിനെ വർഷിച്ചുകൊണ്ട് അവിടുന്നു നിറവേറ്റിയത് (cf. ലൂക്കാ 24:49, അപ്പ. 1:4-5). ആദ്യപ്രഘോഷണത്തിൻെറയും ആദ്യ മാമ്മോദീസായുടെയും ദിവസം അതായിരുന്നു. ക്രിസ്തു ഉത്ഥാനം ചെയ്തു എന്ന് പത്രോസ് ജനക്കൂട്ടത്തോടു പ്രഖ്യാപിച്ചു. "അവൻെറ വാക്കുകൾ സ്വീകരിച്ചവർ മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു" (അപ്പ. 2:41). ഇത് സഭയുടെ പ്രത്യക്ഷീകരണം ആയിരുന്നു, ചിതറിക്കപ്പെട്ട ദൈവമക്കൾ സകല വ്യത്യാസങ്ങൾക്കും അതീതമായി. ഒരുമിച്ചുകൂടിയ ജനസമൂഹമെന്ന നിലയിൽ സഭ വെളിവാക്കപ്പെട്ട ദിവസം.

## ആഴ്ചയുടെ ആദ്യ ദിവസം

21. ഇക്കാരണത്താലാണ് അപ്പസ്തോലൻമാരുടെ കാലം മുതൽ "സാബത്തിനുശേഷമുള്ള ആദ്യ ദിവസം", ആഴ്ചയുടെ ഒന്നാമത്തെ ദിവസം, ക്രിസ്തുവിൻെറ ശിഷ്യൻമാർക്കുവേണ്ടി ജീവിതക്രമം രൂപപ്പെടുത്താൻ തുടങ്ങിയത് (cf. 1 കോറി. 16:2). ത്രോവാസിലെ വിശ്വാസികൾ "അപ്പം മുറിക്കലിനുവേണ്ടി സമ്മേളിച്ചതും "സാബത്തിനുശേഷമുള്ള ആദ്യ ദി

www.malankaralibrary.com



വസ"മായിരുന്നു. അന്നാണല്ലോ പൗലോസ്ശ്ലീഹാ അവരോടു വിട പറയുകയും എവുത്തിക്കസ് എന്ന യുവാവിന് അദ്ഭുതകരമാംവിധം ജീവൻ തിരിച്ചു നൽകുകയും ചെയ്തത് (cf. അപ്പ. 20:7-12). ആഴ്ചയുടെ ഒന്നാം ദിവസത്തെ "കർത്താവിൻെറ ദിവസം" എന്നു വിളിക്കുന്ന പതിവിനു വെളിപാടുപുസ്തകം തെളിവു നൽകുന്നുണ്ട് (1:10). ക്രിസ്ത്യാനികളെ അവർക്കു ചുറ്റുമുള്ള ലോകത്തിൽനിന്ന് വേർതിരിച്ചറിയാനുള്ള ഒരു സവിശേഷതയായിത്തീർന്നു അത്. രണ്ടാം നൂറ്റാണ്ടിൻെറആരംഭത്തിൽ ബിഥാനിയായിലെ ഗവർണറായിരുന്ന ചെറിയ പ്ലിനി ക്രിസ്ത്യാനികളെപ്പറ്റി ഒരു റിപ്പോർട്ട് എഴുതി. അതിൽ അവരുടെ ഒരു ആചാരത്തെപ്പറ്റി അദ്ദേഹം എഴുതുന്നുണ്ട്: "അവർ ഒരു പ്രത്യേക ദിവസം സൂര്യോദയത്തിനുമുൻപ് കൂടുകയും ഒരു ദേവനെ സ്തുതിക്കുന്നതുപോലെ ക്രിസ്തുവിനെ സ്തുതിച്ചുകൊണ്ട് പാടുകയും ചെയ്യുന്നു".[19] ക്രിസ്ത്യാനികൾ "കർത്താവിൻെറ ദിവസ"ത്തെപ്പറ്റി പറഞ്ഞപ്പോഴെല്ലാം യേശുക്രിസ്തു കർത്താവാണ് എന്ന ഈസ്റ്റർ പ്രഘോഷണത്തിൻെറ മുഴുവൻ അർഥവും ആ പദത്തിനു നൽകിക്കൊണ്ടാണ് അങ്ങനെ ചെയ്തിട്ടുള്ളത് (ഫിലി. 2:11, cf. അപ്പ. 2:36, 1 കോറി. 12:3). പഴയനിയമ വെളിപാടിൽ, ഉച്ചരിക്കാൻ പാടില്ലാത്ത ദൈവനാമമാണ് 'യാഹ്വേ' എന്നത്. അങ്ങനെ യാഹ്വേ എന്ന നാമത്തിന് ഗ്രീക്കു സപ്തതി എന്ന ബൈബിൾ വിവർത്തനം നൽകിയിട്ടുള്ള പരിഭാഷയായ കർത്താവ് എന്ന സ്ഥാനപ്പേരുതന്നെ ക്രിസ്തുവിനു നൽകപ്പെട്ടു.

22. ക്രിസ്തുമതത്തിൻെറ ആരംഭകാലഘട്ടങ്ങളിൽ ആഴ്ചയനുസരിച്ചുള്ള കാലഗണന, സുവിശേഷം പ്രചരിച്ച നാടുകളിൽ, പൊതുവേ ജീവിതത്തിൻെറ ഭാഗമായിരുന്നില്ല. ഗ്രീക്കുകാരുടെയും റോമാക്കാരുടെയും കലണ്ടറുകൾ അനുസരിച്ചുള്ള ആഘോഷദിവസങ്ങൾ ക്രിസ്ത്യാനികളുടെ ഞായറാഴ്ചദിവസവുമായി പൊരുത്തപ്പെട്ടവയുമായിരുന്നില്ല. അതുകൊണ്ട് ക്രിസ്ത്യാനികൾക്ക് ആഴ്ചയിലെ ഒരു നിശ്ചിത ദിവസം കർത്താവിൻെറ ദിവസമായി ആഘോഷിക്കാൻ പ്രയാസം നേരിട്ടു. അതുകൊണ്ടാണ് വിശ്വാസികൾ സൂര്യോദയത്തിനുമുൻപ് സമ്മേളിക്കേണ്ടിയിരുന്നത്.[20] എന്നാലും ആഴ്ചക്രമത്തോടുള്ള വിശ്വസ്തത ഒരംഗീകൃതാചാരമായിത്തീർന്നു. കാരണം അത് പുതിയനിയമത്തിൽ അധിഷ്ഠിതവും പഴയനിയമ വെളിപാടിനോടു ബന്ധപ്പെട്ടതുമായിരുന്നു. സാധൂകരണവാദികളും (Apologists) സഭാപിതാക്കന്മാരും തങ്ങളുടെ എഴുത്തുകളിലും പ്രസംഗങ്ങളിലും ഈ കാര്യം ആവേശപൂർവം ഊന്നിപ്പറഞ്ഞി

www.malankaralibrary.com



ട്ടുണ്ട്. ഈ എഴുത്തുകളിലും പ്രസംഗങ്ങളിലും, വിശുദ്ധ ലൂക്കായുടെ സാക്ഷ്യമനുസരിച്ച് (cf. 24:27; 44-47) ഉത്ഥിതനായ ക്രിസ്തുതന്നെ ശിഷ്യൻമാർക്കു വിശദീകരിച്ചു കൊടുത്തവ എന്നു കരുതപ്പെടുന്ന അതേ വിശുദ്ധഗ്രന്ഥ വാക്യങ്ങൾ പെസഹാരഹസ്യത്തെപ്പറ്റി പറയുമ്പോൾ അവർ ഉപയോഗിക്കുന്നു. പ്രസ്തുത വാക്യങ്ങളുടെ വെളിച്ചത്തിൽ ഉത്ഥാന ദിവസത്തിൻെറ ആഘോഷം സിദ്ധാന്തപരവും പ്രതീകാത്മകവുമായ ഒരു മൂല്യം നേടി - മുഴുവൻ ക്രൈസ്തവ രഹസ്യത്തെയും അതിൻെറ എല്ലാ നവീനതയിലും പ്രകാശിപ്പിക്കാൻ ശക്തമായ മൂല്യം.

## സാബത്തിൽനിന്നുള്ള വർധമാനമായ വ്യത്യാസം

23. യഹൂദരുടെ സാബത്തിനോടു താരതമ്യപ്പെടുത്തുമ്പോൾ ഞായറാഴ്ചയ്ക്കുള്ള ഔന്നത്യം കാണിക്കാൻ ഈ നവീനതയാണ് ആദിമ നൂറ്റാണ്ടുകളിലെ മതബോധനം ഊന്നിപ്പറഞ്ഞത്. സാബത്തു ദിവസമാണ് യഹൂദ ജനത സിനഗോഗിൽ സമ്മേളിക്കുകയും നിയമം അനുശാസിക്കുന്ന രീതിയിൽ വിശ്രമിക്കുകയും ചെയ്യേണ്ടിയിരുന്നത്. അപ്പസ്തോലൻമാർ, പ്രത്യേകിച്ച്, വിശുദ്ധ പൗലോസ് ആദ്യകാലത്ത് സിനഗോഗിൽ പങ്കെടുക്കുന്ന പതിവു തുടർന്നു. ഓരോ സാബത്തിലും വായിക്കുന്ന പ്രവാചക വചനങ്ങളെ (അപ്പ. 13:27) വ്യഖ്യാനിച്ചുകൊണ്ട് യേശുക്രിസ്തുവിനെ പ്രഘോഷിക്കാനാണ് അങ്ങനെ ചെയ്തിരുന്നത്. ചില സമൂഹങ്ങൾ ഞായറാഴ്ച ആഘോഷിക്കുകയും അതേസമയം സാബത്ത് ആചരിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ രണ്ടു ദിവസങ്ങളും വേഗത്തിൽ പൂർവാധികം വ്യത്യസ്തങ്ങളാക്കപ്പെട്ടു. യഹൂദമതത്തിൽനിന്നു ക്രിസ്ത്യാനികളായിത്തീർന്നവർ പഴയനിയമത്തിലെ കടമ നിലനിറുത്തണമെന്ന് നിർബന്ധംപിടിച്ചു. ആ നിർബന്ധത്തോടുള്ള പ്രതികരണമായിട്ടാണ് പ്രധാനമായും അവയെ അങ്ങനെ വ്യത്യസ്തങ്ങളാക്കിയത്. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് എഴുതുന്നു : “പഴയ വ്യവസ്ഥിതിയിൽ ജീവിച്ചിരുന്നവർ സാബത്ത് ആചരിക്കാതെ കർത്താവിൻെറ ദിവസം - അവിടുന്നിലൂടെയും അവിടുത്തെ മരണത്തിലൂടെയും നമ്മുടെ ജീവൻ പ്രത്യക്ഷപ്പെട്ട ദിവസം - ആചരിച്ചുകൊണ്ട് പുതിയ ഒരു പ്രത്യാശയിലേക്കു വന്നു..... ആ രഹസ്യത്തിൽനിന്നാണ് നാം നമ്മുടെ വിശ്വാസം സ്വീകരിച്ചതും. അതിലാണ് ക്രിസ്തുവിൻെറ, നമ്മുടെ ഏക ഗുരുവിൻെറ, ശിഷ്യൻമാരായി വിളിക്കപ്പെടുന്നതിനുവേണ്ടി നാം നിലനിൽക്കുന്നതും. അങ്ങനെയെങ്കിൽ അവിടുത്തെ കൂടാതെ നമുക്ക് എങ്ങനെ ജീവിക്കുവാൻ കഴിയും? പ്രവാചകൻമാരും പരിശുദ്ധാത്മാവിൽ അവിടു

www.malankaralibrary.com



ത്തെ ശിഷ്യൻമാരെപ്പോലെ അവിടുത്തെ ഒരു ആചാര്യനായി പ്രതീക്ഷിച്ചിരുന്നുവല്ലോ."[21] വിശുദ്ധ ആഗസ്തീനോസ് എഴുതുന്നു : "അതുകൊണ്ട് പീഡാസഹനത്തിനുശേഷമുള്ള മൂന്നാം ദിവസമായ തൻെറ ദിവസത്തിനുമേൽ കർത്താവും തൻെറ മുദ്ര പതിച്ചു. എന്നാൽ ആഴ്ചവട്ടത്തിൽ അത് ഏഴാം ദിവസത്തിനുശേഷമുള്ള അതായത് സാബത്തിനുശേഷമുള്ള, എട്ടാം ദിവസവും ആഴ്ചയുടെ ആദ്യ ദിവസവുമാണ്."[22] സഭയുടെ മനസിൽ ഞായറാഴ്ചയും യഹൂദ സാബത്തും തമ്മിലുള്ള വ്യത്യാസം പൂർവാധികം ശക്തിപ്രാപിച്ചുവന്നു. അതേസമയം ഞായറാഴ്ച വിശ്രമത്തിനുള്ള കടമയ്ക്ക് ഏറെ ഊന്നൽ നൽകുകയാൽ കർത്താവിൻെറ ദിവസം സാബത്തുപോലെയായിത്തീർന്ന കാലയളവുകളും ഉണ്ടായിട്ടുണ്ട്. കൂടാതെ സാബത്തും ഞായറാഴ്ചയും രണ്ടു "സഹോദരദിന"ങ്ങളെന്ന നിലയിൽ ആചരിച്ചുവന്ന സമൂഹങ്ങളും ക്രിസ്തുമതത്തിൽ എന്നുമുണ്ടായിരുന്നു.[23]

## പുതിയ സൃഷ്ടിയുടെ ദിവസം

24. ക്രൈസ്തവ ഞായറാഴ്ചകളുടെയും സാബത്തിനെക്കുറിച്ചുള്ള പഴയനിയമ ദർശനത്തിൻെറയും താരതമ്യം ഏറെ താത്പര്യജനകവും ദൈവശാസ്ത്രപരവുമായ ഉൾക്കാഴ്ചകൾക്കു പ്രചോദനം നൽകി. പ്രത്യേകിച്ച് ഉത്ഥാനം, സൃഷ്ടികർമം എന്നിവ തമ്മിലുള്ള അനന്യമായബന്ധം ഉരുത്തിരിഞ്ഞു. ക്രൈസ്തവചിന്ത സ്വാഭാവികമായിത്തന്നെ "ആഴ്ചയുടെ ആദ്യ ദിവസം" നടന്ന ഉത്ഥാനത്തെ ഉത്പത്തിഗ്രന്ഥത്തിലെ സൃഷ്ടികഥയെ രൂപപ്പെടുത്തുന്ന പ്രാപഞ്ചിക ആഴ്ചയുടെ പ്രഥമ ദിവസവുമായി( cf. ഉത്പ. 1:1 - 2:4) - പ്രകാശം സൃഷ്ടിക്കപ്പെട്ട ദിവസവുമായി (cf. 1:3-5) - ബന്ധിപ്പിച്ചു. പുതിയ സൃഷ്ടിയുടെ ആരംഭമായി ഉത്ഥാനത്തെ മനസിലാക്കാൻ ഈ ബന്ധം പ്രേരണ നൽകി. പുതിയ സൃഷ്ടിയുടെ ആദ്യഫലം മഹത്ത്വപൂർണനായ ക്രിസ്തുവാണ്. "സകല സൃഷ്ടികളുടെയും ആദ്യജാതനും (കൊളോ. 1:15), മൃതരിൽനിന്നുള്ള ആദ്യജാതനു"മാണവിടുന്ന് (കൊളോ. 1:18).

25. ഫലത്തിൽ, ഞായറാഴ്ച മറ്റെല്ലാ ദിവസങ്ങളെക്കാളും ശ്രേഷ്ഠമാണ്. തങ്ങൾക്കു മാമ്മോദീസയിൽ നൽകപ്പെട്ടതും തങ്ങളെ ക്രിസ്തുവിൽ നവീകരിച്ചതുമായ രക്ഷയെ ഓർമിക്കാൻ അതു ക്രിസ്ത്യാനികളെ ആഹ്വാനം ചെയ്യുന്നു : "ജ്ഞാനസ്നാനം വഴി നിങ്ങൾ അവനോടൊപ്പം സംസ്കരിക്കപ്പെട്ടു. മരിച്ചവരിൽനിന്ന് അവനെ ഉയിർപ്പിച്ച ദൈവത്തി

www.malankaralibrary.com



ൻെറ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു" (കൊളോ. 2:12, cf. റോമാ. 6:4-6). ഞായറാഴ്ചയുടെ ജ്ഞാനസ്നാനപരമായ ഈ മാനത്തെ ആരാധനക്രമം ഊന്നിപ്പറയുന്നുണ്ട്. മാമ്മോദീസകളുടെ ആഘോഷങ്ങൾക്കു വിളിക്കുമ്പോഴും ഈസ്റ്റർ ജാഗരണ ദിവസത്തിലും, അതായത്, കർത്താവിൻെറ ഉത്ഥാനത്തെ സഭ ഓർമിക്കുന്ന"[24] ആഴ്ചയുടെ ജാഗരണ ദിവസത്തിലും അങ്ങനെ ചെയ്യുന്നു. മാത്രമല്ല, കുർബാനയുടെ ആരംഭത്തിൽ ഹന്നാൻ വെള്ളം തളിക്കുന്നതിനെ അനുതാപത്തിൻെറ ഒരു സമുചിതാനുഷ്ഠാനമായി നിർദേശിക്കുന്നതിലും അപ്രകാരം ചെയ്യുന്നുണ്ട്. ഹന്നാൻ വെള്ളം തളിക്കൽ, ക്രൈസ്തവ ജീവിതം ജനിച്ച മാമ്മോദീസയുടെ നിമിഷത്തെ അനുസ്മരിപ്പിക്കുന്നു.[25]

## എട്ടാം ദിവസം നിത്യതയുടെ പ്രതിച്ഛായ

26. ഇതിൽനിന്നു വ്യത്യസ്തമായി ആഴ്ചയുടെ ഏഴാം ദിവസം എന്ന നിലയിലുള്ള സാബത്തിൻെറ സ്ഥാനം കർത്താവിൻെറ ദിവസത്തിനു പൂർണതയുടേതായ പ്രതീകം നിർദേശിക്കുന്നുണ്ട്. സഭാപിതാക്കൻമാർക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു പ്രതീകമാണത്. ഞായറാഴ്ച ഒന്നാം ദിവസം മാത്രമല്ല, പിന്നെയോ, ദിവസങ്ങളുടെ ഏഴു വീതമുള്ള തുടർച്ചയിൽ അതുല്യവും സർവാതിശായിയുമായ സ്ഥാനത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്ന എട്ടാം ദിവസവുംകൂടിയാണ്. അതാകട്ടെ, കാലത്തിൻെറ ആരംഭത്തെ മാത്രമല്ല ഓർമിപ്പിക്കുക, "വരാനുള്ള യുഗത്തിലെ" കാലത്തിൻെറ അന്ത്യത്തെയും അത് സൂചിപ്പിക്കുന്നു. ഇപ്പോഴത്തെ യുഗത്തെ തുടർന്നുവരുന്നതും യഥാർഥത്തിൽ ഒറ്റപ്പെട്ടതുമായ ഒരു ദിവസത്തിൻെറ പ്രതീകമാണ് ഞായറാഴ്ചയെന്ന് വിശുദ്ധ ബേസിൽ വിശദീകരിക്കുന്നു. അവസാനമില്ലാത്ത ദിവസമാണത്. അതിന് പ്രഭാതമോ പ്രദോഷമോ ഇല്ല. ഒരിക്കലും വാർധക്യത്തിലെത്താത്ത, നശിപ്പിക്കപ്പെടാനാവാത്ത യുഗമാണത്. ക്രൈസ്തവരുടെ പ്രത്യാശയെ പുതുക്കുന്നതും അവരെ അവരുടെ യാത്രയിൽ പ്രോത്സാഹിപ്പിക്കുന്നതുമായ അവസാനിക്കാത്ത ജീവിതത്തെക്കുറിച്ചുള്ള നിരന്തര പ്രവചനമാണ് ഞായറാഴ്ച.[26]

വിശുദ്ധ ആഗസ്തീനോസ് തൻെറ ആത്മകഥയായ ഏറ്റുപറച്ചിലുകൾ (Confessions) ഉപസംഹരിക്കുന്നത് സാബത്തിൻെറ യുഗാന്ത്യപരമായ പ്രതീകാത്മകതയെ പൂർണമായി സാക്ഷാത്കരിക്കുന്ന അന്ത്യദിവസത്തിലേക്കു നോക്കിക്കൊണ്ടാണ്. അവിടെ അദ്ദേഹം യുഗാന്ത്യത്തി

www.malankaralibrary.com



ലെ അവസ്ഥയെ (Eschation) വിവരിക്കുന്നതിങ്ങനെയാണ് : "ശാന്തതയുടെ സമാധാനം. സാബത്തിന്റെ സമാധാനം. സായാഹ്നമില്ലാത്ത സമാധാനം".[27] "ഒന്നാം" ദിവസവും "എട്ടാം" ദിവസവുമാകുന്ന ഞായറാഴ്ച ആഘോഷിക്കുമ്പോൾ ക്രൈസ്തവൻ നിത്യജീവിതമെന്ന ലക്ഷ്യത്തിലേക്കു നയിക്കപ്പെടുകയാണ്.[28]

## ക്രിസ്തുവാകുന്ന പ്രകാശത്തിന്റെ ദിവസം

27. ക്രിസ്തു കേന്ദ്രീകൃതമായ ഈ ദർശനം മറ്റൊരു പ്രതീകാത്മകതയുടെ മേൽ പ്രകാശം വീശുന്നു. ഈ പ്രതീകാത്മകത കർത്താവിന്റെ ദിവസത്തിനുണ്ടെന്ന് ക്രൈസ്തവചിന്തയും അജപാലന പരിചയവും സങ്കൽപിക്കുന്നു. ഞായറാഴ്ച "സൂര്യന്റെ ദിവസമാണ്" എന്ന ആശയത്തെ ക്രൈസ്തവമാക്കിയെടുക്കാൻ വിവേകപൂർവകമായ അജപാലന ദർശനം സഭയെ പ്രേരിപ്പിച്ചു. "സൂര്യന്റെ ദിവസം" എന്ന പേര് റോമാക്കാർ നൽകിയതും ഇന്നും ചില ആധുനിക ഭാഷകളിൽ നിലനിൽക്കുന്നതുമാണ്.[29] സൂര്യനെ ആരാധിക്കുന്ന ചില മതങ്ങളുടെ പ്രലോഭനങ്ങളിൽനിന്നും വിശ്വാസികളെ പിൻവലിക്കാനും ആ ദിവസത്തെ ആഘോഷം മനുഷ്യവംശത്തിന്റെ യഥാർഥ "സൂര്യനാ"യ ക്രിസ്തുവിനെക്കുറിച്ചുള്ളതാക്കാനും വേണ്ടിയായിരുന്നു മേൽപറഞ്ഞ ക്രൈസ്തവവത്കരണം. "സൂര്യനെന്ന പേര് വിളിക്കപ്പെട്ട ദിവസം"[30] ക്രിസ്ത്യാനികൾ ഒന്നിച്ചുകൂടുന്നു എന്നു വിജാതീയർക്ക് എഴുതുമ്പോൾ വിശുദ്ധ ജസ്റ്റിൻ തന്റെ കാലഘട്ടത്തിലെ ഭാഷ ഉപയോഗിക്കുകയാണ് ചെയ്തത്. എന്നാൽ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ആ പ്രയോഗം പുതിയ ഒരർഥം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ആ അർഥമാകട്ടെ സുവിശേഷത്തിൽ നിസ്സംശയം വേരൂന്നിയതായിരുന്നു.[31] ക്രിസ്തു ലോകത്തിന്റെ പ്രകാശമാണ് (cf. യോഹ. 9:5; 1:4-5, 9). ആഴ്ചയനുസരിച്ചുള്ള കാലഗണനയിൽ അവിടുത്തെ ഉത്ഥാനത്തെ സ്മരിക്കുന്ന ദിവസം അവിടുത്തെ മഹത്ത്വം പ്രത്യക്ഷപ്പെടുന്നതിന്റെ സ്ഥിരമായ പ്രതിഫലനവുമാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ വിജയത്താൽ പ്രകാശിതമായ ദിവസം എന്ന നിലയിൽ ഞായറാഴ്ച എന്ന പ്രമേയം യാമപ്രാർഥനയിലും (കാനോൻ ജപം) കാണുന്നുണ്ട്.[32] പൗരസ്ത്യ ആരാധനക്രമങ്ങളിൽ ഞായറാഴ്ചയ്ക്ക് ഒരുങ്ങുന്ന ജാഗരണത്തിൽ (Pannichida) അതിനു സവിശേഷമായ ഊന്നൽ നൽകിയിട്ടുമുണ്ട്. തലമുറതലമുറയായി ആ ദിവസം സമ്മേളിക്കുമ്പോൾ സഭ "ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം" (ലൂക്കാ 1:78-79) നൽകുന്ന സൂര്യോദയമായി ക്രിസ്തുവിനെ

www.malankaralibrary.com



കണ്ട സഖറിയായുടെ വിസ്മയം സ്വന്തമാക്കുകയും "വിജാതീയരെ പ്രകാശിപ്പിക്കാനുള്ള പ്രകാശ"മായി (ലൂക്കാ 2:32) വന്ന ദൈവിക ശിശുവിനെ തൻെറ കൈകളിൽ എടുത്തപ്പോൾ ശിമയോനുണ്ടായ സന്തോഷത്തെ പ്രതിധ്വനിപ്പിക്കുകയുമാണ് ചെയ്യുന്നത്.

## പരിശുദ്ധാത്മാവിനെ ദാനംചെയ്ത ദിവസം

28. പ്രകാശത്തിൻെറ ദിവസമായ ഞായറാഴ്ചയെ പരിശുദ്ധാത്മാവുമായി ബന്ധപ്പെടുത്തി "അഗ്നി"യുടെ ദിവസം എന്നും വിളിക്കാം. ക്രിസ്തുവിൻെറ പ്രകാശം പരിശുദ്ധാത്മാവിൻെറ അഗ്നിയുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ഈ രണ്ടു പ്രതീകങ്ങളും ഒന്നിച്ചു ക്രൈസ്തവ ഞായറാഴ്ചയുടെ അർഥം വെളിവാക്കുന്നു.[33] യേശു ഈസ്റ്റർ സായാഹ്നത്തിൽ ശ്ലീഹൻമാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അവിടുന്ന് അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അരുളിച്ചെയ്തു : "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:22-23). ഉത്ഥിതനായ ക്രിസ്തു ഈസ്റ്റർ ഞായറാഴ്ച തൻെറ ശിഷ്യൻമാർക്കു നൽകിയ മഹാ ദാനമാണ് പരിശുദ്ധാത്മാവിൻെറ പ്രവഹിപ്പിക്കൽ. ഉത്ഥാനത്തിനുശേഷമുള്ള ഒരു ഞായറാഴ്ചയാണ് പരിശുദ്ധാത്മാവ് "കൊടുങ്കാറ്റി"ൻെറയും "അഗ്നി"യുടെയും രൂപത്തിൽ ശക്തിയിൽ ഇറങ്ങി വന്നത് (അപ്പ. 2:2-3). മറിയത്തിനു ചുറ്റും കൂടിയിരുന്ന ശ്ലീഹൻമാരുടെ മേൽ അവിടുന്ന് ഇറങ്ങിവന്നു. പന്തക്കുസ്താ, സഭയുടെ സ്ഥാപന ദിവസം മാത്രമല്ല; പിന്നെയോ, സഭയ്ക്ക് എന്നേക്കും ജീവൻ നൽകുന്ന രഹസ്യംകൂടിയാണ്.[34] "മഹാ ഞായറാഴ്ച"യുടെ സമാപനമായ വാർഷികാഘോഷത്തിൽ അത്തരമൊരു സംഭവത്തിന് ആരാധനക്രമപരമായ തീവ്രപ്രാധാന്യമുണ്ട്.[35] മാത്രമല്ല പെസഹാരഹസ്യത്തോടുള്ള അതിൻെറ ഉറ്റ ബന്ധം കാരണത്താൽ അത് ഓരോ ഞായറാഴ്ചയുടെയും അഗാധമായ അർഥത്തിൻെറ ഭാഗമായി തുടരുകയും ചെയ്യുന്നു. അങ്ങനെ, "ആഴ്ചതോറുമുള്ള ഈസ്റ്റർ" ഒരർഥത്തിൽ ആഴ്ചതോറുമുള്ള പന്തക്കുസ്തയായിത്തീരുന്നു. അന്നു ക്രിസ്ത്യാനികൾ, ഉത്ഥിതനായ കർത്താവുമായുള്ള ശ്ലീഹൻമാരുടെ സന്തോഷകരമായ കൂടിക്കാഴ്ച വീണ്ടും ജീവിക്കുകയും അവിടുത്തെ പരിശുദ്ധാത്മാവിൻെറ ജീവദായകമായ ശ്വാസം സ്വീകരിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



## വിശ്വാസത്തിന്റെ ദിവസം

29. മേൽപറഞ്ഞ വ്യത്യസ്ത മാനങ്ങൾ ഞായറാഴ്ചയെ വേർതിരിച്ചു നിർത്തുന്നു. അങ്ങനെ അത് വിശ്വാസത്തിന്റെ പരമോന്നത ദിവസമായി കാണപ്പെടുന്നു. ആ ദിവസം, ക്രിസ്തുവിന്റെ പ്രഥമ പ്രത്യക്ഷപ്പെടൽ ഓരോ ക്രിസ്തുശിഷ്യന്റെയും "വർത്തമാനകാലദിന"ത്തിൽ നവീകരിക്കപ്പെടുന്ന ഒരു സംഭവമായിത്തീരുന്ന ദിവസമാണ്. സഭയുടെ സജീവ "സ്മരണ"യായ (Cf. യോഹ. 14:26) പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ഇതു സംഭവിക്കുന്നത്. ഞായറാഴ്ച സമ്മേളനത്തിൽ അവിടുത്തെ സാന്നിധ്യത്തിൽ ഒന്നുചേരുമ്പോൾ, തോമാശ്ലീഹായോട് ആവശ്യപ്പെട്ടതുപോലെ തങ്ങളോടും ആവശ്യപ്പെടുന്നതായി വിശ്വാസികൾക്കനുഭവപ്പെടുന്നു: "നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകൾ കാണുക; നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" (യോഹ. 20:27). അതേ, ഞായറാഴ്ച വിശ്വാസത്തിന്റെ ദിവസമാണ്. ഞായറാഴ്ചയിലെ കുർബാനയാഘോഷം മറ്റ് ആഘോഷദിവസങ്ങളിലെ കുർബാനയിലെന്നപോലെ വിശ്വാസപ്രമാണം ഉൾക്കൊള്ളുന്നുവെന്ന വസ്തുത ഇതിനെ ഊന്നിപ്പറയുന്നുണ്ട്. വിശ്വാസപ്രമാണം ചൊല്ലപ്പെട്ടാലും ആലപിക്കപ്പെട്ടാലും അത് ഞായറാഴ്ചയുടെ മാമ്മോദീസാപരവും പെസഹാപരവുമായ സ്വഭാവത്തെ വിളംബരംചെയ്യുകയാണ്. മാമ്മോദീസ സ്വീകരിച്ചവർ തങ്ങളുടെ മാമ്മോദീസാ വാഗ്ദാനങ്ങളെക്കുറിച്ചുള്ള പുനരുദ്ദീപ്തമായ അവബോധത്തോടെ ക്രിസ്തുവിനോടും അവിടുത്തെ സുവിശേഷത്തോടുമുള്ള തങ്ങളുടെ ഒട്ടിച്ചേരൽ സവിശേഷമാംവിധം പുതുക്കുന്ന ഒരു ദിവസമാക്കി ഞായറാഴ്ചയെ മാറ്റിക്കൊണ്ടാണ് അത് അപ്രകാരം ചെയ്യുന്നത്. വചനം ശ്രവിച്ചുകൊണ്ടും കർത്താവിന്റെ തിരുശരീരം സ്വീകരിച്ചുകൊണ്ടും "വിശുദ്ധ അടയാളങ്ങളിൽ" സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിനെ മാമ്മോദീസ സ്വീകരിച്ചവർ ധ്യാനിക്കുന്നു; "എന്റെ കർത്താവും എന്റെ ദൈവവും" (യോഹ. 20:28) എന്നു തോമ്മാശ്ലീഹായോടുകൂടി അവർ ഏറ്റുപറയുകയും ചെയ്യുന്നു.

## അനുപേക്ഷണീയമായ ഒരു ദിവസം

30. അപ്പോൾ പ്രയാസംനിറഞ്ഞ നമ്മുടെ കാലഘട്ടത്തിലും ഈ ദിവസത്തിന്റെ തനിമ സൂക്ഷിക്കേണ്ടതും അതിന്റെ ആഴങ്ങളിൽ ജീവിക്കേണ്ടതും എന്തുകൊണ്ടാണെന്ന് വ്യക്തമാണ്. മൂന്നാം നൂറ്റാണ്ടിന്റെ

www.malankaralibrary.com



തുടക്കത്തിൽ ജീവിച്ചിരുന്ന ഒരു പൗരസ്ത്യലേഖകൻ ഓരോ പ്രദേശത്തെയും വിശ്വാസികൾ ആ ആദിമകാലത്തുപോലും സ്ഥിരമായ ഒരടിസ്ഥാനത്തിൽ ഞായറാഴ്ച ആചരിക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.[36] സ്വാഭാവികമായ ഒരു ആചാരമായി തുടങ്ങിയത് പിന്നീട് നിയമത്താൽ അനുശാസിക്കപ്പെട്ട ഒരു അംഗീകൃത ചട്ടമായി മാറി. കർത്താവിൻെറ ദിവസം രണ്ടായിരം വർഷക്കാലത്തേക്ക് സഭയുടെ ചരിത്രത്തെ രൂപപ്പെടുത്തി. ഭാവിയിലും അത് അവളെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയില്ലെന്ന് നമുക്ക് എങ്ങനെ വിചാരിക്കാൻ കഴിയും? ഞായറാഴ്ചക്കടമയുടെ നിർവഹണത്തെ ഇന്നിൻെറ സമ്മർദങ്ങൾ കൂടുതൽ പ്രയാസമുള്ളതാക്കിത്തീർക്കും. സഭ ഒരമ്മയുടെ സംവേദകത്വത്തോടെ തൻെറ മക്കളുടെ ഓരോരുത്തരുടെയും സാഹചര്യങ്ങൾ മനസ്സിലാക്കി വേണ്ടതു ചെയ്യുന്നു. പ്രത്യേകിച്ച്, കർത്തൃദിനത്തിൻെറ ആഘോഷം കൊണ്ടുവരുന്ന പ്രസാദവരത്തിൻെറ സമ്പന്നമായ പ്രവാഹം തൻെറ മക്കളിൽ ആർക്കും സാധാരണജീവിതത്തിൽ നഷ്ടമാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി മതബോധനപരവും അജപാലനപരവുമായ പുതിയൊരു സമർപ്പണത്തിനു താൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് അവൾ മനസ്സിലാക്കുന്നു. കലണ്ടറുകളെ സംബന്ധിച്ച്, "ഒരു ഞായറാഴ്ചയുള്ള ഏഴു ദിവസങ്ങളുടെ ആഴ്ച സംരക്ഷിക്കപ്പെടുന്ന ക്രമവത്കരണം മാത്രമേ സഭ അംഗീകരിക്കാൻ തയാറുള്ളൂ"[37] എന്നു രണ്ടാം വത്തിക്കാൻ സൂനഹദോസു പറഞ്ഞത് ഈ ചൈതന്യത്തിലാണ്. വിവിധ രാഷ്ട്രീയ കലണ്ടറുകളോട് ഒത്തുപോകുന്നതിനുവേണ്ടി സഭയുടെ കലണ്ടർ പരിഷ്കരിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി പ്രസ്താവിക്കുമ്പോഴാണ് കൗൺസിൽ അപ്രകാരം പറയുന്നത്. മൂന്നാം സഹസ്രാബ്ദത്തിൻെറ പടിവാതുക്കൽ ക്രൈസ്തവ ഞായറാഴ്ചയുടെ ആഘോഷം നമ്മുടെ ക്രൈസ്തവ തനിമയുടെ അനുപേക്ഷണീയ ഘടകമായി നിലകൊള്ളുന്നു. കാരണം ഞായറാഴ്ചയ്ക്ക് വിവിധ അർത്ഥങ്ങളും വശങ്ങളുമുണ്ട്. വിശ്വാസത്തിൻെറ അടിസ്ഥാനങ്ങളുമായി അതിന് ബന്ധവുമുണ്ട്.

www.malankaralibrary.com

അധ്യായം മൂന്ന്

# സഭയുടെ ദിവസം

## വിശുദ്ധ കുർബാനസമ്മേളനം : ഞായറാഴ്ചയുടെ ഹൃദയഭാഗം

### ഉത്ഥിതനായ കർത്താവിന്റെ സാന്നിധ്യം

31. "യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 28:20). ക്രിസ്തുവിന്റെ ഈ വാഗ്ദാനം സഭയിൽ, അവളുടെ ജീവിതത്തിന്റെ ഫലപുഷ്ടമായ രഹസ്യവും പ്രത്യാശയുടെ ഉറവയുമെന്ന നിലയിൽ എപ്പോഴും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. ഉത്ഥാനദിനമെന്ന നിലയിൽ, ഞായറാഴ്ച ഒരു ഭൂതകാലസംഭവത്തിന്റെ സ്മരണ മാത്രമല്ല; ഉത്ഥിതനായ കർത്താവിനു തന്റെ ജനത്തിനിടയിലുള്ള സജീവസാന്നിധ്യത്തിന്റെ ആഘോഷവുമാണത്.

ഈ സാന്നിധ്യം ശരിയായി പ്രഘോഷിക്കപ്പെടുകയും അതു ജീവിതത്തിൽ യഥാർഥമാക്കുകയും വേണം. അതിനു ക്രിസ്തുശിഷ്യൻമാർ വ്യക്തിപരമായി പ്രാർഥിക്കുകയും തങ്ങളുടെ ഹൃദയങ്ങളുടെ നിഗൂഢതലങ്ങളിൽ സ്വകാര്യമായി ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും അനുസ്മരിക്കുകയും ചെയ്താൽ മാത്രം പോരാ. മാമ്മോദീസയുടെ വരപ്രസാദം സ്വീകരിച്ചവർ വ്യക്തികളെന്ന നിലയിൽ മാത്രമല്ല രക്ഷിക്കപ്പെടുന്നത്, പിന്നെയോ മൗതിക ശരീരത്തിന്റെ അംഗങ്ങളും ദൈവജനത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നവരും എന്ന നിലയിലും കൂടിയാണു രക്ഷിക്കപ്പെടുന്നത്.[38] അതുകൊണ്ട് സഭയുടെ സ്വത്വത്തെ പൂർണമായി പ്രകടിപ്പിക്കുവാൻ അവർ സമ്മേളിക്കുക എന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. സഭ എന്നത് എക്ലേസിയ അഥവാ സമ്മേളനം ആണല്ലോ. "ചിതറിക്കപ്പെട്ട ദൈവജനത്തെ വീണ്ടും ഒന്നിച്ചുകൂട്ടാൻ" സ്വജീവിതം സമർപ്പിച്ച (യോഹ. 11:52) ഉത്ഥിതനായ കർത്താവു വിളിച്ചുകൂട്ടുന്ന സമ്മേളനമാണത്. അവർ പരിശുദ്ധാത്മാവിന്റെ ദാനംവഴി ക്രിസ്തുവിൽ ഒന്നായിത്തീർന്നിരിക്കുന്നു (cf. ഗലാ. 3:28). ഈ ഐക്യം, ക്രിസ്ത്യാനികൾ

www.malankaralibrary.com



ഒന്നിച്ചുകൂടുമ്പോൾ ദൃശ്യമായിത്തീരുന്നു. തങ്ങൾ, "ഓരോ ഗോത്രത്തിൽ നിന്നും ഭാഷയിൽനിന്നും ജനതയിൽനിന്നും രാജ്യത്തുനിന്നും" (വെളി. 5: 9) വിളിക്കപ്പെട്ട് രക്ഷിക്കപ്പെട്ട ജനമാണെന്ന് അപ്പോഴാണ് അവർ വ്യക്തമായി അനുഭവിച്ചറിയുന്നതും ലോകത്തിനുമുൻപിൽ അക്കാര്യം സാക്ഷ്യപ്പെടുത്തുന്നതും. ക്രിസ്തുശിഷ്യൻമാരുടെ ഈ സമ്മേളനം നൂറ്റാണ്ടുകളിലൂടെ ആദിമ ക്രൈസ്തവ സമൂഹത്തിൻെറ പ്രതിബിംബമായി വർത്തിക്കുന്നു. അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളുടെ ഗ്രന്ഥത്തിൽ ലൂക്കാ ആദിമക്രൈസ്തവസമൂഹത്തെ ഒരു മാതൃകയായി നൽകിയിട്ടുണ്ട്. മാമ്മോദീസ സ്വീകരിച്ച ആദ്യകാല വിശ്വാസികൾ "അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു" (2:42) എന്നുപറയുമ്പോൾ അദ്ദേഹം അതാണു ചെയ്യുന്നത്.

## വിശുദ്ധ കുർബാനസമ്മേളനം

32. കുർബാന സഭയുടെ ജീവിതമെന്ന യാഥാർഥ്യത്തിൻെറ സവിശേഷമാംവിധം തീവ്രതയാർന്ന പ്രകാശനം മാത്രമല്ല; ഒരർഥത്തിൽ അതിൻെറ "ഉറവിട"വുമാണ്.[39] കുർബാന സഭയെ പരിപോഷിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു. "അപ്പം ഒന്നേ ഉള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്" (1 കോറി. 10:17). കർത്താവിൻെറ ശരീരരക്തങ്ങളുടെ കൂദാശയുമായുള്ള ഈ സജീവബന്ധംവഴി, കുർബാനയിൽ സഭ എന്ന രഹസ്യം പരമമായ തോതിൽ രുചിക്കപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ജീവിക്കപ്പെടുകയും ചെയ്യുന്നു.[40]

കുർബാനയിൽ അന്തർഭവിച്ചിട്ടുള്ള ഈ സഭാത്മകമാനം ഓരോ കുർബാനയാഘോഷത്തിലും സാക്ഷാത്കരിക്കപ്പെടുന്നു. എന്നാൽ, കർത്താവിൻെറ ഉത്ഥാനം അനുസ്മരിക്കുന്നതിനു സമൂഹം മുഴുവനും ഒന്നിച്ചുവരുന്ന ദിവസത്തിൽ ഇത് ഏറ്റവും സവിശേഷമായ രീതിയിൽ പ്രകാശിപ്പിക്കപ്പെടുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ശ്രദ്ധേയമാംവിധം ഇങ്ങനെ പഠിപ്പിക്കുന്നു: "ഞായറാഴ്ചയിലെ കർത്തൃദിനാചരണവും അവിടുത്തെ കുർബാനയുടെ ആഘോഷവും സഭാജീവിതത്തിൻെറ ഹൃദയസ്ഥാനത്തു നിലകൊള്ളുന്നു."[41]

33. അപ്പസ്തോലൻമാർക്ക് ഈസ്റ്റർ സായാഹ്നത്തിലുണ്ടായ അനുഭവം ക്രിസ്ത്യാനികൾ ഞായറാഴ്ചക്കുർബാനയിൽ സവിശേഷ തീവ്രത

www.malankaralibrary.com



യോടെ അനുഭവിക്കുന്നു. ഈസ്റ്റർ സായാഹ്നത്തിൽ, അപ്പസ്തോലൻമാർ സമ്മേളിച്ചിരിക്കേ കർത്താവ് അവർക്കു കാണപ്പെട്ടപ്പോൾ ഉണ്ടായ അനുഭവം തന്നെയാണത് (cf. യോഹ. 20:19). സഭയുടെ ആദ്യഫലങ്ങളായ ശിഷ്യൻമാരുടെ ആ ചെറുസംഘത്തിൽ എല്ലാക്കാലത്തെയും ദൈവജനം ഒരർഥത്തിൽ സന്നിഹിതരായിരുന്നു. അവരുടെ സാക്ഷ്യംവഴി വിശ്വാസികളുടെ ഓരോ തലമുറയും ക്രിസ്തുവിൻെറ അഭിവാദനം ശ്രവിക്കുന്നു. അതാകട്ടെ, സമാധാനത്തിൻെറ മെസയാനിക ദാനംകൊണ്ടു സമൃദ്ധമാണ്; മിശിഹാ സ്വന്തം രക്തംകൊണ്ടു നേടിയതും തൻെറ പരിശുദ്ധാത്മാവിനോടൊപ്പം നൽകിയതുമാണ്: "സമാധാനം നിങ്ങളോടുകൂടെ." ക്രിസ്തു "ഒരാഴ്ച കഴിഞ്ഞ്" അവരുടെ ഇടയിലേക്കു തിരിച്ചുവരുന്നു (യോഹ. 20:26). ഓരോ ഏഴാം ദിവസവും, കർത്തൃദിനത്തിൽ, അഥവാ ഞായറാഴ്ച ദിനത്തിൽ, ക്രൈസ്തവസമൂഹം ഒന്നിച്ചുകൂടുന്ന പതിവിൻെറ മൗലികമായ ഒരു മുൻരൂപമായി ക്രിസ്തുവിൻെറ ആ തിരിച്ചുവരവിനെ കാണാവുന്നതാണ്. അവർ ഒന്നിച്ചുചേരുന്നത് ക്രിസ്തുവിൻെറ ഉത്ഥാനത്തിലുള്ള വിശ്വാസം ഏറ്റുപറയാനും അവിടുന്നു വാഗ്ദാനം ചെയ്ത അനുഗ്രഹം സ്വീകരിക്കാനുമാണ്: "കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ" (യോഹ. 20:29). ഉത്ഥിതനായ കർത്താവിൻെറ പ്രത്യക്ഷപ്പെടലും കുർബാനയും തമ്മിലുള്ള ഉറ്റബന്ധം ലൂക്കായുടെ സുവിശേഷത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. എമ്മാവൂസിലെ രണ്ടു ശിഷ്യൻമാരുടെ കഥയിലാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ക്രിസ്തു അവരെ സമീപിക്കുകയും വിശുദ്ധ ലിഖിതങ്ങൾ അവർക്കു മനസ്സിലാക്കിക്കൊടുക്കുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തു. അവിടുന്ന് "അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്കു നൽകിയപ്പോൾ"(24:30) അവർ അവിടുത്തെ തിരിച്ചറിഞ്ഞു. ഈ വിവരണത്തിൽക്കാണുന്ന യേശുവിൻെറ പ്രവൃത്തികൾ അന്ത്യാത്താഴത്തിൽ അവിടുന്നു ചെയ്ത പ്രവൃത്തികൾ തന്നെയാണ്. അത് "അപ്പം മുറിക്കലിനെ"ക്കുറിച്ചുള്ള വ്യക്തമായ സൂചന ഉൾക്കൊള്ളുന്നതാണ്. ക്രിസ്ത്യാനികളുടെ ആദ്യ തലമുറക്കാർ കുർബാനയെ "അപ്പം മുറിക്കൽ" എന്നാണല്ലോ വിളിച്ചിരുന്നത്.

## ഞായറാഴ്ചക്കുർബാന

34. ഞായറാഴ്ചക്കുർബാന സ്വാഭാവികമായി മറ്റു ദിവസങ്ങളിൽ ആഘോഷിക്കുന്ന കുർബാനകളിൽനിന്നു വ്യത്യസ്തമല്ലെന്നതു സത്യംതന്നെ. അതിനെ ആരാധനക്രമപരവും കൗദാശികവുമായ ജീവിതത്തിൽ

www.malankaralibrary.com



നിന്നു പൊതുവേ വേർതിരിക്കാനാവുകയുമില്ല. കുർബാന പ്രകൃത്യാ സഭയുടെ ഒരു പ്രത്യക്ഷീകരണമാണ്.[42] രൂപതാസമൂഹം അതിൻെറ അജപാലകനോടുകൂടി സമ്മേളിക്കുമ്പോൾ ഇത് ഏറ്റവും ശക്തമായ രീതിയിൽ പ്രകാശിപ്പിക്കപ്പെടുന്നു. "ദൈവത്തിൻെറ വിശുദ്ധജനം മുഴുവനും ലിറ്റർജിപരമായ ഒരേ ആഘോഷത്തിൽ - പ്രത്യേകിച്ച് ഒരേ കുർബാനയിൽ - ഒരേ അൾത്താരയിൽ മെത്രാൻ പുരോഹിതഗണത്തോടും ശുശ്രൂഷകരോടുംകൂടെ ആധ്യക്ഷ്യം വഹിക്കുന്ന ഒരേ പ്രാർഥനയിൽ പങ്കുചേർന്നുകൊണ്ട് സജീവമായും പൂർണമായും ഭാഗഭാഗിത്വം വഹിക്കുമ്പോൾ സഭ സവിശേഷമായ വ്യക്തതയോടെ പ്രത്യക്ഷമാകുന്നു."[43] മെത്രാനും മുഴുവൻ സഭാസമൂഹവും തമ്മിലുള്ള ഈ ബന്ധം ഓരോ കുർബാനയാഘോഷത്തിലും ഉൾച്ചേർന്നിരിക്കുന്നു. മെത്രാൻ അധ്യക്ഷപദവി അലങ്കരിക്കാതിരിക്കുമ്പോഴും അങ്ങനെതന്നെയാണ്. ആഴ്ചയിലെ ഏതു ദിവസം ആഘോഷിച്ചാലും ഇതിൽ വ്യത്യാസമില്ല. കുർബാനയുടെ കൃതജ്ഞതാസ്തോത്ര പ്രാർഥനയിൽ (അനാഫൊറയിൽ) മെത്രാനെപ്പറ്റി പറയുന്നത് അതിൻെറ ഒരു സൂചനയാണ്.

എന്നാൽ ഞായറാഴ്ചക്കുർബാന അതിൻെറ സ്വാഭാവികമായ സഭാത്മകമാനത്തെ കൂടുതൽ തീവ്രതയോടെ പ്രകാശിപ്പിക്കുന്നുണ്ട്. അതിൻെറ സവിശേഷമായ ആഘോഷപൂർണത, സമൂഹത്തിൻെറ കടമാപരമായ സാന്നിധ്യം, "ക്രിസ്തു മരണത്തെ കീഴടക്കുകയും തൻെറ അമർത്യമായ ജീവനിൽ നമുക്കു പങ്കുനൽകുകയും ചെയ്ത ദിവസം"[44] അത് ആഘോഷിക്കുന്നു എന്ന വസ്തുത എന്നിവയാണ് അതിൻെറ കാരണങ്ങൾ. അതു മറ്റു കുർബാനയാഘോഷങ്ങൾക്കു വിശിഷ്ടമാതൃകയായിത്തീരുന്നു. "അപ്പം മുറിക്കലിനു"വേണ്ടി സകല അംഗങ്ങളെയും സമ്മേളിപ്പിക്കുന്ന ഓരോ സമൂഹവും സഭ എന്ന രഹസ്യത്തെ മൂർത്തരൂപത്തിൽ സന്നിഹിതമാക്കുന്ന വേദിയായിത്തീരുന്നു. കുർബാനയാഘോഷിക്കുമ്പോൾ സമൂഹം സാർവത്രിക സഭയോടുള്ള ഐക്യത്തിലേക്കു സ്വയം തുറക്കുന്നു.[45] "ലോകമെങ്ങുമുള്ള സഭയെ ഓർക്കണമേ" എന്നും മാർപാപ്പയോടും പ്രാദേശികസഭകളിലെ (Particular Churches) അജപാലകരോടുംകൂടി സകല വിശ്വാസികളുടെയും ഐക്യത്തിൽ, സ്നേഹം പൂർണമാക്കപ്പെടുന്നതുവരെ, അവളെ വളർത്തണമേ, എന്നും പിതാവിനോടു പ്രാർഥിച്ചുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്.

## സഭയുടെ ദിവസം

35. ഇക്കാരണത്താൽ കർത്താവിൻെറ ദിവസം സഭയുടെ ദിവസവു

www.malankaralibrary.com



മാണ്. അതുകൊണ്ടാണ് ഞായറാഴ്ചയാഘോഷത്തിൻെറ സാമൂഹികവശത്തിന് അജപാലകതലത്തിൽ പ്രത്യേകം പ്രാധാന്യം നൽകേണ്ടിയിരിക്കുന്നത്. ഞാൻ അന്യത്ര പറഞ്ഞിട്ടുള്ളതുപോലെ, ഇടവകയുടെ വിവിധ പ്രവർത്തനങ്ങളിൽ ഞായറാഴ്ചത്തെ കർത്തൃദിനത്തിൻെറയും അവിടുത്തെ കുർബാനയുടെയും ആഘോഷംപോലെ മർമപ്രധാനമോ സമൂഹനിർമാണപരമോ ആയ മറ്റൊന്നുമില്ല."[46] ഇക്കാര്യം മനസ്സിൽ വച്ചുകൊണ്ടാണ് ഇടവകയിൽ, ഒന്നാമതായി സമൂഹത്തോടുകൂടിയ ഞായറാഴ്ചക്കുർബാനയുടെ ആഘോഷത്തിലൂടെ, സജീവമായ സമൂഹബോധം ഉണ്ടാകുന്നുണ്ടെന്ന്" ഉറപ്പുവരുത്താൻ പരിശ്രമിക്കണം എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമിപ്പിക്കുന്നത്.[47] കൗൺസിലിനു ശേഷമുണ്ടായ ആരാധനക്രമപരമായ മാർഗനിർദേശങ്ങളിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. സാധാരണമായി മറ്റുപള്ളികളിലും ചാപ്പലുകളിലും നടത്തുന്ന കുർബാനയാഘോഷങ്ങൾ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഇടവകപ്പള്ളിയിലെ ആഘോഷവുമായി കൂട്ടിയിണക്കാൻ അത് ആവശ്യപ്പെടുന്നു. "സഭാസമൂഹത്തെക്കുറിച്ചുള്ള ബോധം വളർത്താനാണ് അങ്ങനെ ചെയ്യേണ്ടത്. ഞായറാഴ്ചയിലെ സമൂഹാഘോഷംവഴി ഈ സഭാസമൂഹബോധം സവിശേഷമാംവിധം പരിപോഷിപ്പിക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്യും. അത് പ്രത്യേകിച്ച് കത്തീഡ്രലിൽ മെത്രാൻെറ ചുറ്റിലും നിന്നു നടത്തിയാലും വികാരി മെത്രാൻെറ പ്രതിനിധിയായിരിക്കുന്ന ഇടവകസമൂഹത്തിൽ നടത്തിയാലും അപ്രകാരം സംഭവിക്കും."[48]

36. ഞായറാഴ്ച സമ്മേളനം ഐക്യത്തിൻെറ സവിശേഷമായ വേദിയാണ്. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും "ഐക്യത്താലും" "ഐക്യത്തിലും" വിളിച്ചുകൂട്ടപ്പെട്ട ഒരു ജനമായി സഭയെ ആഴത്തിൽ അടയാളപ്പെടുത്തുന്ന ഐക്യത്തിൻെറ കൂദാശയുടെ ആഘോഷത്തിനുള്ള പശ്ചാത്തലമാണത്.[49] ക്രൈസ്തവകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം, "ഗൃഹസഭകൾ"[50] എന്ന നിലയിലുള്ള അവരുടെ തനിമയുടെയും "ശുശ്രൂഷയുടെയും" ഏറ്റവും ശ്രദ്ധേയമായ പ്രകടനങ്ങളിൽ ഒന്നാണ് ഞായറാഴ്ച സമ്മേളനം. അവിടെ മാതാപിതാക്കൾ മക്കളോടൊത്തു വചനത്തിൻെറയും ജീവൻെറ അപ്പത്തിൻെറയും ഒരേ വിരുന്നുമേശയിൽ പങ്കുചേരുന്നു. ഈ അവസരത്തിൽ ഞായറാഴ്ചക്കുർബാനയിൽ പങ്കുചേരാൻ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കേണ്ടത് ഒന്നാമതായി മാതാപിതാക്കളാണ് എന്നു നാം ഓർക്കുന്നതു നന്നായിരിക്കും.

www.malankaralibrary.com



ഇക്കാര്യത്തിൽ അവരെ മതബോധകർ (Catechists) സഹായിക്കും. കുർബാനയിലേക്കുള്ള ഔപചാരികമായ പ്രവേശനത്തെ തങ്ങളുടെ പരിപാലനയിൽ ഏൽപിക്കപ്പെട്ടിട്ടുള്ള കുട്ടികൾക്കു നൽകുന്ന സ്വഭാവരൂപവത്കരണത്തിൻെറ ഭാഗമാക്കുവാൻ അവർ ശ്രദ്ധിക്കണം. ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കണമെന്ന കൽപനയുടെ കടപ്പെടുത്തുന്ന സ്വഭാവത്തിൻെറ പിന്നിലുള്ള സുപ്രധാനകാരണങ്ങൾ വിശദീകരിച്ചുകൊടുത്തുകൊണ്ടാണ് അവർ ഇതു ചെയ്യേണ്ടത്. സാഹചര്യങ്ങൾ ആവശ്യപ്പെടുമ്പോൾ കുട്ടികൾക്കുവേണ്ടിയുള്ള കുർബാനകൾ നടത്തുന്നതും ഇതിനു സഹായകമാകാം. എന്നാൽ ആരാധനക്രമം സംബന്ധിച്ച നിയമങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചുവേണം അവ നടത്തുവാൻ.

ഇടവകകൾ "കുർബാന സമൂഹങ്ങ"[52]ളായിരിക്കുന്നിടത്തോളം, ഇടവകകളിലെ ഞായറാഴ്ചക്കുർബാനയ്ക്ക് ഇടവകയിലുള്ള വിവിധ ഗ്രൂപ്പുകളും പ്രസ്ഥാനക്കാരും സംഘടനാംഗങ്ങളും സന്ന്യസ്തരുടെ ചെറിയ സമൂഹങ്ങളും സന്നിഹിതരായിരിക്കുക സാധാരണമാണ്. സഭാധികാരികളുടെ വിവേചനാധികാരംവഴി[53] ന്യായമായി വ്യത്യസ്തമായിരിക്കുന്ന സവിശേഷമായ ആധ്യാത്മികമാർഗങ്ങൾക്ക് അതീതമായി തങ്ങൾ ഏറ്റവും ആഴത്തിൽ എല്ലാവരുമായി പങ്കുചേരുന്നതെന്തോ അത് പൊതുവായി സമൂഹത്തിൽ അനുഭവിച്ചറിയാൻ ഓരോ വ്യക്തിയെയും ഇതു സഹായിക്കുന്നു. ഇക്കാരണത്താലാണ്, സമ്മേളനത്തിൻെറ ദിവസമായ ഞായറാഴ്ച ദിവസം ചെറിയ ഗ്രൂപ്പുകൾക്കുവേണ്ടിയുള്ള കുർബാന നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നത്. ഇടവക സമ്മേളനത്തിൽ വൈദികരുടെ അവശ്യശുശ്രൂഷ ഉണ്ടെന്ന് ഉറപ്പുവരുത്തുന്ന പ്രശ്നം മാത്രമല്ല ഇത്. പിന്നെയോ സഭാസമൂഹത്തിൻെറ ജീവിതവും ഐക്യവും പൂർണമായി സംരക്ഷിക്കപ്പെടുകയും വളർത്തപ്പെടുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന പ്രശ്നംകൂടിയാണ്.[54] പൊതുവായ ഈ നിർദേശത്തിനു സാധ്യതയുള്ളതും വ്യക്തമായി നിയന്ത്രിക്കപ്പെട്ടതുമായ അപവാദങ്ങൾ അനുവദിക്കപ്പെടാം. അത്തരം അനുവാദം പ്രാദേശിക സഭകളുടെ അജപാലകരുടെ വിവേകപൂർവകമായ വിവേചനയെ ആശ്രയിച്ചിരിക്കും. എന്നാൽ പരിശീലനത്തിൻെറയും അജപാലകശുശ്രൂഷയുടെയും മേഖലയിലെ പ്രത്യേക ആവശ്യങ്ങളും വ്യക്തികളുടെയോ ഗ്രൂപ്പുകളുടെയോ നൻമയും കണക്കിലെടുത്താണ് അവർ ഇതു ചെയ്യേണ്ടത്. പ്രത്യേകിച്ച് അത്തരം അപവാദങ്ങൾ മുഴുവൻ ക്രൈസ്തവസമൂഹത്തിനും നൽകുന്ന ഉപകാരങ്ങൾ അവർ പരിഗണിക്കണം.

www.malankaralibrary.com



## ഒരു തീർഥാടകജനം

37. സഭ സമയത്തിലൂടെ സഞ്ചരിക്കുന്നു. തൻമൂലം, ക്രിസ്തുവിൻെറ ഉത്ഥാനത്തെപ്പറ്റിയുള്ള പരാമർശവും ആഘോഷപൂർവകമായ ഈ സ്മരണയുടെ ആഴ്ചതോറുമുള്ള ആവർത്തനവും നമ്മെ ഒരു വസ്തുത ഓർമിപ്പിക്കാൻ സഹായിക്കുന്നുണ്ട്. ദൈവജനത്തിൻെറ തീർഥാടനപരവും യുഗാന്ത്യപരവുമായ സ്വഭാവമാണ് ആ വസ്തുത. ഞായറാഴ്ചതോറും സഭ അവസാനത്തെ കർത്തൃദിനത്തിലേക്ക്, അന്ത്യമറിയാത്ത ഞായറാഴ്ചയിലേക്ക്, നീങ്ങിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിൻെറ ആഗമനം സംബന്ധിച്ച പ്രതീക്ഷ സഭയുടെ രഹസ്യത്തിൽത്തന്നെ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.[55] ഓരോ കുർബാനയുടെയും ആഘോഷത്തിലും അതു തെളിയിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ കർത്തൃദിനം ഉത്ഥിതനായ ക്രിസ്തുവിൻെറ മഹത്ത്വത്തെക്കുറിച്ചുള്ള സവിശേഷസ്മരണവഴി അവിടുത്തെ "തിരിച്ചുവരവിൻെറ" ഭാവിമഹത്ത്വത്തെ കൂടുതൽതീവ്രതയോടെ അനുസ്മരിക്കുന്നു. ഇതു ഞായറാഴ്ചയെ, സഭ സ്വർഗീയ ജറുസലെം എന്ന യാഥാർഥ്യത്തെ ഒരർഥത്തിൽ മുൻകൂട്ടി അനുഭവിക്കുന്ന ഒരു ദിവസമാക്കിത്തീർക്കുന്നു. ഒരു മണവാട്ടി എന്ന നിലയിലുള്ള തൻെറ തനിമയെ കൂടുതൽ വ്യക്തമാക്കി കാണിച്ചുകൊണ്ടാണ് അവൾ അതു മുൻകൂട്ടി അനുഭവിക്കുന്നത്. സഭ തൻെറ മക്കളെ കുർബാനസമ്മേളനത്തിൽ ഒരുമിച്ചുകൂട്ടിക്കൊണ്ടും "ദൈവിക മണവാളനു"വേണ്ടി കാത്തിരിക്കാൻ അവരെ പഠിപ്പിച്ചുകൊണ്ടും ഒരുതരം "ആഗ്രഹാഭ്യസനത്തിൽ"[56] വ്യാപൃതയാകുന്നു. അവൾ ഇതു ചെയ്യുന്നതാകട്ടെ, വിശുദ്ധനഗരം, പുതിയ ജറുസലെം, തൻെറ മണവാളനുവേണ്ടി അലംകൃതയായി ഒരുക്കപ്പെട്ട മണവാട്ടിയെപ്പോലെ" (വെളി. 21:2) ദൈവസന്നിധിയിൽനിന്നു താഴേക്ക് ഇറങ്ങിവരുമ്പോഴുള്ള പുതിയ ആകാശത്തിൻെറയും പുതിയ ഭൂമിയുടെയും സന്തോഷത്തിൻെറ മുന്നാസ്വാദനം സ്വീകരിച്ചുകൊണ്ടാണ്.

## പ്രത്യാശയുടെ ദിവസം

38. ഈ വിധത്തിൽ കാണുമ്പോൾ ഞായറാഴ്ചദിവസം വിശ്വാസത്തിൻെറ ദിവസം മാത്രമല്ല; അതു ക്രൈസ്തവ പ്രത്യാശയുടെ ദിവസംകൂടിയാണ്. "കർത്താവിൻെറ അത്താഴത്തിൽ" പങ്കുചേരുക എന്നത്, യുഗാന്ത്യത്തിലെ "കുഞ്ഞാടിൻെറ വിവാഹ"വിരുന്നു (വെളി. 19:9) മുൻകൂട്ടി ആസ്വദിക്കുക എന്നതാണ്. ഉത്ഥിതനും സ്വർഗാരോഹണം ചെയ്തവനുമായ ക്രിസ്തുവിൻെറ ഈ ഓർമ ആഘോഷിച്ചുകൊണ്ട്, ക്രൈസ്തവ

www.malankaralibrary.com



സമൂഹം "നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൻെറ വരവു സന്തോഷപൂർണമായ പ്രത്യാശയോടെ"[57] കാത്തിരിക്കുകയാണ്. ആഴ്ചതോറുമുള്ള തീവ്രതയാർന്ന ഈ ആവർത്തനത്താൽ പുതുക്കപ്പെട്ടും വളർത്തപ്പെട്ടും ക്രൈസ്തവ പ്രത്യാശ മാനുഷിക പ്രത്യാശയുടെ പുളിമാവും പ്രകാശവുമായിത്തീരുന്നു. ഇക്കാരണത്താലാണു വിശ്വാസികളുടെ പ്രാർഥനയിൽ (കാറോസൂസ) പ്രത്യേക ക്രൈസ്തവസമൂഹത്തിൻെറ ആവശ്യങ്ങൾക്കുവേണ്ടി മാത്രം പ്രാർഥിക്കാതെ മനുഷ്യവംശം മുഴുവൻെറയും ആവശ്യങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നത്. "ഇന്നത്തെ ജനത്തിൻെറ, പ്രത്യേകിച്ച്, ദരിദ്രരും ക്ലേശിതരുമായവരുടെ, സന്തോഷങ്ങളും പ്രത്യാശകളും, ദുഃഖങ്ങളും ആകുലതകളും."[58] താൻ സ്വന്തമാക്കുന്നുവെന്ന്, കുർബാനയാഘോഷത്തിൽ ഒന്നുചേരുന്ന സഭ ലോകത്തിനു കാണിച്ചുകൊടുക്കുന്നു. തൻെറ മക്കൾ സുവിശേഷം പ്രഘോഷിച്ചുകൊണ്ടും തൊഴിലിൻെറ ലോകത്തിലും ജീവിതത്തിൻെറ വിവിധ കർത്തവ്യങ്ങളിലും പരസ്നേഹം അഭ്യസിച്ചുകൊണ്ടും ആഴ്ചയിലെ എല്ലാ ദിവസവും നൽകാൻ പരിശ്രമിക്കുന്ന സാക്ഷ്യത്തിനു ഞായറാഴ്ചയിലെ കുർബാനയർപ്പണം വഴി സഭ മകുടം ചാർത്തുന്നു. അങ്ങനെ, "ദൈവവുമായുള്ള അവഗാഢമായ യോജിപ്പിൻെറയും മാനവരാശിയുടെ മുഴുവൻ ഐക്യത്തിൻെറയും ഒരു കൂദാശയും അഥവാ അടയാളവും ഉപകരണവും."[59] ആയിട്ടുള്ള തൻെറ തനിമയെ സഭ കൂടുതൽ വ്യക്തമായി പ്രദർശിപ്പിക്കുന്നു.

## വചനത്തിൻെറ വിരുന്നുമേശ

39. ഓരോ കുർബാനയാഘോഷത്തിലുമെന്നപോലെ, ഞായറാഴ്ച സമ്മേളനത്തിലും വചനത്തിൻെറയും ജീവൻെറ അപ്പത്തിൻെറയുമായ രണ്ടു മേശകളിൽ ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നു. രക്ഷാകരചരിത്രത്തെക്കുറിച്ചുള്ള, പ്രത്യേകിച്ച് പെസഹാരഹസ്യത്തിൻെറ ചരിത്രത്തെക്കുറിച്ചുള്ള അറിവ് ഉത്ഥിതനായ ക്രിസ്തു തൻെറ ശിഷ്യൻമാർക്കു നൽകി. അതേ അറിവു വചനത്തിൻെറ വിരുന്നുമേശയും നൽകുന്നു: "സഭയിൽ വിശുദ്ധഗ്രന്ഥം വായിക്കുമ്പോൾ"[60] ക്രിസ്തുതന്നെയാണു സംസാരിക്കുന്നത്. കാരണം, അവിടുന്നു തൻെറ വചനത്തിൽ സന്നിഹിതനാണ്. ജീവൻെറ അപ്പത്തിൻെറ വിരുന്നുമേശയിൽ ഉത്ഥിതനായ കർത്താവു യഥാർഥത്തിലും സാരാംശത്തിലും സ്ഥിരമായും സന്നിഹിതനായിരിക്കുന്നു. തൻെറ പീഡാസഹനത്തിൻെറയും ഉത്ഥാനത്തിൻെറയും സ്മാരകംവഴിയാണ് അവിടുന്ന് ഇപ്രകാരം സന്നിഹിതനായിരിക്കുന്നത്. കൂടാതെ ജീവൻെറ അപ്പം ഭാവിമഹത്ത്വത്തിൻെറ അച്ചാരമായി

www.malankaralibrary.com



അവിടെ നൽകപ്പെടുകയും ചെയ്യുന്നു. ഏക ആരാധനാകർമമായിരിക്കാൻ തക്കവിധം വചനത്തിൻെറ ആരാധനക്രമവും കുർബാനയുടെ ആരാധനക്രമവും അവഗാഢം ഒന്നുചേർന്നിരിക്കുന്നു[61] എന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് ഓർമിപ്പിക്കുന്നു. "വിശുദ്ധഗ്രന്ഥത്തിലെ നിധികൾ ധാരാളമായി തുറന്നുകൊടുത്തുകൊണ്ടു വിശ്വാസികൾക്കായി ദൈവവചനത്തിൻെറ വിരുന്നുമേശ സമൃദ്ധമായി സജ്ജീകരിക്കണം."[62] എന്ന് കൗൺസിൽ നിർബന്ധിക്കുന്നുമുണ്ട്. ഞായറാഴ്ചകളിലെയും കടമുള്ള ദിവസങ്ങളിലെയും കുർബാനകളിൽ വളരെ ഗൗരവമുള്ള കാരണങ്ങളില്ലെങ്കിൽ മതപ്രഭാഷണം ഒഴിവാക്കാൻ പാടില്ലെന്നു കൗൺസിൽ കൽപിച്ചു.[63] കാലോചിതമായ ഈ കൽപനകൾ, ആരാധനക്രമപരിഷ്കരണത്തിൽ വിശ്വസ്തതാപൂർവം അനുസരിക്കപ്പെട്ടു. അതിനെ സംബന്ധിച്ച് പോൾ ആറാമൻ മാർപാപ്പ ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും, ബൈബിൾ വായനകൾ കുടുതൽ സമ്പുഷ്ടമായി നൽകുന്നതിനെ പരാമർശിച്ചുകൊണ്ട്, ഇപ്രകാരം എഴുതി: "കർത്താവിൻെറ വചനം ശ്രവിക്കാനുള്ള വിശപ്പു" (ആമോ. 8:11) വിശ്വാസികളിൽ കൂടുതൽകൂടുതൽ വളർത്തുന്നതിനുവേണ്ടിയാണ് ഇതെല്ലാം കൽപിച്ചിട്ടുള്ളത്. അതാകട്ടെ, പരിശുദ്ധാത്മാവിൻെറ മാർഗനിർദേശത്തിൻ കീഴിൽ പുതിയ ഉടമ്പടിയുടെ ജനത്തെ സഭയുടെ സമ്പൂർണമായ ഐക്യത്തിലേക്കു വേഗത്തിൽ നയിക്കുന്നു."[64]

40. കൗൺസിൽ നടന്നിട്ടു മുപ്പതുവർഷം കഴിഞ്ഞിരിക്കേ, ഞായറാഴ്ചക്കുർബാനയെപ്പറ്റി ചിന്തിക്കുമ്പോൾ നമുക്ക് ഒരു വിലയിരുത്തൽ നടത്താനുണ്ട്. ദൈവവചനം എത്ര നന്നായി പ്രഘോഷിക്കപ്പെടുന്നുണ്ടെന്നും ദൈവജനം വിശുദ്ധലിഖിതത്തിലുള്ള അറിവിലും അതിനോടുള്ള സ്നേഹത്തിലും എത്ര കാര്യക്ഷമമായി വളർന്നിട്ടുണ്ടെന്നും നാം വിലയിരുത്തണം.[65] ഇതിനു രണ്ടു വശങ്ങളുണ്ട്: ഒന്ന് ആഘോഷത്തിൻെറയും മറ്റേത് വ്യക്തിപരമായ സ്വാംശീകരണത്തിൻെറയും. ഈ രണ്ടുവശങ്ങളും പരസ്പരം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ആഘോഷത്തിൻെറ തലത്തിൽ നോക്കുമ്പോൾ, ആഘോഷത്തിൽ പങ്കെടുക്കുന്ന സമൂഹത്തിൻെറ ഭാഷയിൽ ദൈവവചനം പ്രഘോഷിക്കാനുള്ള സാധ്യത കൗൺസിൽ നൽകി. ഈ വസ്തുത, വചനത്തോടുള്ള പുതിയ ഒരു ഉത്തരവാദിത്വബോധം ഉണർത്തേണ്ടതാണ്. "വിശുദ്ധഗ്രന്ഥഭാഗത്തിൻെറ സവിശേഷസ്വഭാവം വായനയുടെയോ ആലാപനത്തിൻെറയോ ശൈലിയിൽ പോലും."[66] പ്രകാശിക്കാൻ അനുവദിച്ചുകൊണ്ടുവേണം

www.malankaralibrary.com



അതു ചെയ്യാൻ. വ്യക്തിപരമായ സ്വാംശീകരണത്തിൻെറ തലത്തിൽ നോക്കുമ്പോൾ, പ്രഘോഷിക്കപ്പെടുന്ന ദൈവവചനത്തിൻെറ ശ്രവണത്തിന് വിശ്വാസികളുടെ ഹൃദയങ്ങളെ നന്നായി ഒരുക്കണം. വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള ഉചിതമായ ജ്ഞാനംവഴിയും അജപാലനപരമായി സാധ്യമായ സ്ഥലങ്ങളിൽ ദൈവവചനവായനകളുടെ പ്രത്യേകിച്ച്, ഞായറാഴ്ചകളിലെയും കടമുള്ള ദിവസങ്ങളിലെയും വായനകളുടെ, ഗ്രഹണം ആഴപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രത്യേക കർമപരിപാടികളിലൂടെയുമാണ് ഇതു ചെയ്യേണ്ടത്.

വിശുദ്ധഗ്രന്ഥഭാഗത്തിൻെറ വായനയിൽനിന്ന്, പ്രാർഥനയുടെ ചൈതന്യത്തിലും സഭയുടെ വ്യാഖ്യാനത്തോടുള്ള വിധേയത്വത്തിലും ക്രൈസ്തവവ്യക്തികളും കുടുംബങ്ങളും സ്ഥിരമായി നവജീവൻ നേടണം.[67] അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആരാധനക്രമത്തിലെ ദൈവവചനപ്രഘോഷണം മാത്രം നാം പ്രതീക്ഷിക്കുന്ന ഫലമുളവാക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്. പ്രഘോഷിക്കപ്പെടാനുള്ള ദൈവവചനത്തെപ്പറ്റി മുൻകൂട്ടി ചിന്തിച്ചുകൊണ്ട് ഞായറാഴ്ചക്കുർബ്ബാനയ്ക്ക് ഒരുങ്ങുവാൻ കുർബ്ബാനയിൽ പങ്കെടുക്കുന്ന വൈദികരെയും ശുശ്രൂഷികളെയും വിശ്വാസികളെയും ഒരുമിച്ചുകൂട്ടുന്ന ഇടവക സമൂഹങ്ങളുടെ സംരംഭങ്ങളുടെ മൂല്യമിതാണ്. ആഘോഷം മുഴുവനും (മതപ്രഭാഷണം മാത്രമല്ല, പ്രാർഥനയും പാട്ടും ശ്രവണവുമെല്ലാം) ഒരുവിധത്തിൽ ഞായറാഴ്ചയിലെ ആരാധനക്രമത്തിൻെറ പ്രമേയത്തെ പ്രകാശിപ്പിക്കണം എന്നതാണ് അത്തരം സംരംഭങ്ങളുടെ ലക്ഷ്യം. അങ്ങനെ പ്രകാശിപ്പിക്കുന്നതാകട്ടെ പങ്കുചേരുന്നവരിലേക്കെല്ലാം അതു കൂടുതൽ ശക്തിയോടെ പ്രവേശിക്കുന്നതിനാണ്. വചനശുശ്രൂഷകരെയാണ് ഇതു കൂടുതൽ ആശ്രയിച്ചിരിക്കുന്നതെന്നു വ്യക്തമാണ്. കർത്താവിൻെറ വചനത്തെ സംബന്ധിച്ചുള്ള വിചിന്തനം പ്രാർഥനയും വിശുദ്ധഗ്രന്ഥഭാഗത്തിൻെറ പഠനവും വഴി തയാറാക്കുക അവരുടെ കടമയാണ്. ഇതു വിശുദ്ധഗ്രന്ഥഭാഗത്തിൻെറ ഉള്ളടക്കം വിശ്വസ്തതയോടെ പ്രകാശിപ്പിക്കാനും ജനങ്ങളുടെ പ്രശ്നങ്ങളിലും അവരുടെ അനുദിനജീവിതത്തിലും പ്രയോഗിക്കാനുമാണ്.

41. ഒരുകാര്യംകൂടി ഓർമിക്കണം: ദൈവവചനത്തിൻെറ ആരാധനക്രമപരമായ പ്രഘോഷണം, പ്രത്യേകിച്ച് കുർബാന സമ്മേളനത്തിലേത്, ധ്യാനത്തിനും മതബോധനത്തിനും ഉള്ള സമയമെന്നതിനേക്കാൾ ദൈവവും തൻെറ ജനവും തമ്മിലുള്ള സംഭാഷണത്തിൻെറ സമയമാണ്.

www.malankaralibrary.com



ഈ സംഭാഷണം രക്ഷയുടെ വിസ്മയനീയ കൃത്യങ്ങളെ പ്രഘോഷിക്കുന്നതും ഉടമ്പടിയും നിബന്ധനകൾ നിരന്തരം ആവർത്തിച്ചു പ്രസ്താവിക്കുന്നതുമായ സംഭാഷണമാണ്. ദൈവജനമാകട്ടെ ഈ സ്നേഹ സംഭാഷണത്തിനു പ്രത്യുത്തരം നൽകാൻ പ്രചോദിപ്പിക്കപ്പെടുന്നു. നന്ദി പറഞ്ഞുകൊണ്ടും സ്തുതിച്ചുകൊണ്ടും നിരന്തര "മാനസാന്തരം" എന്ന കടമയോടുള്ള തങ്ങളുടെ വിശ്വസ്തത തെളിയിച്ചുകൊണ്ടുമാണ് അവർ അതു ചെയ്യേണ്ടത്. അതുകൊണ്ട് മാമ്മോദീസയിലെ നമ്മുടെ വാഗ്ദാനങ്ങളെ ആന്തരികമായി പുതുക്കാൻ ഞായറാഴ്ചസമ്മേളനം നമ്മോട് ആവശ്യപ്പെടുന്നു. ഈ വാഗ്ദാനങ്ങൾ വിശ്വാസപ്രമാണത്തിൻെറ ഉരുവിടലിൽ, ഒരർഥത്തിൽ, ഉൾക്കൊണ്ടിട്ടുണ്ട്. എന്നാൽ ഈസ്റ്റർ ജാഗരണത്തിലെ ആരാധനക്രമത്തിലും കുർബാനയുടെയിടയിൽ മാമ്മോദീസ നൽകുമ്പോഴും അവ പ്രകടമായിത്തന്നെ ആരാധനക്രമത്തിൻെറ ഭാഗമാണ്. ഈ സാഹചര്യത്തിൽ, ഞായറാഴ്ചക്കുർബാനയാഘോഷത്തിലെ വചനപ്രഘോഷണം സാഘോഷമായ ഈണം സ്വീകരിക്കുന്നു. അതാകട്ടെ, പഴയനിയമത്തിൽ ഉടമ്പടി പുതുക്കപ്പെടുന്ന നിമിഷങ്ങളിൽ കാണുന്ന ഈണമാണ്. നിയമം പ്രഘോഷിക്കപ്പെടുകയും - സീനായ് താഴ്‌വരയിലെ മരുഭൂമിയിലെ ജനങ്ങളെ വിളിച്ചതുപോലെ (cf. പുറ. 19:7-8; 24:3,7) ദൈവത്തോടു വിശ്വസ്തത പുലർത്താനും അവിടുത്തെ കൽപനകൾ അനുസരിക്കാനുമുള്ള തീരുമാനം പുതുക്കിക്കൊണ്ട് സമ്മതം ആവർത്തിക്കാൻ ഇസ്രായേൽസമൂഹം വിളിക്കപ്പെടുകയും ചെയ്യുന്ന നിമിഷങ്ങളിൽ കാണുന്ന ഈണമാണ്. ദൈവം തൻെറ വചനം ഉച്ചരിച്ചുകൊണ്ട് നമ്മുടെ പ്രത്യുത്തരം കാത്തിരിക്കുന്നു: ക്രിസ്തു തൻെറ "ആമ്മേൻ" പറച്ചിലിലൂടെ നമുക്കുവേണ്ടി നൽകിക്കഴിഞ്ഞ ഒരു പ്രത്യുത്തരമാണത് (cf. 2 കൊറി. 1:20-22) നാം ശ്രവിക്കുന്നതു നമ്മിൽ അഗാധമായ ഫലങ്ങളുളവാക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിലൂടെ നമ്മിൽ പ്രതിധ്വനിക്കുന്ന പ്രത്യുത്തരമാണത്.[69]

## ക്രിസ്തുശരീരത്തിൻെറ വിരുന്നുമേശ

42. വചനത്തിൻെറ വിരുന്നുമേശ സ്വാഭാവികമായി കുർബാനയപ്പത്തിൻെറ വിരുന്നുമേശയിലേക്കു നയിക്കുന്നു. ഞായറാഴ്ചക്കുർബാനയിൽ സവിശേഷമായി ആഘോഷസ്വഭാവം സ്വീകരിക്കുന്ന അതിൻെറ വിവിധ വശങ്ങൾ ജീവിതത്തിൽ യഥാർഥമാക്കാൻ സമൂഹത്തെ ഒരുക്കുകയും ചെയ്യുന്നു. "കർത്തൃദിനം" ആഘോഷിക്കാൻ സമൂഹം മുഴുവനും സമ്മേളിക്കുമ്പോൾ കുർബാന മറ്റുദിവസങ്ങളിലെന്നതിനെക്കാൾ കൂടുതലായി

www.malankaralibrary.com



സഭ ക്രിസ്തുവിനോട് ഒന്നുചേർന്നുകൊണ്ടും മനുഷ്യവംശം മുഴുവൻെറയും പേരിൽ സംസാരിച്ചുകൊണ്ടും പിതാവിങ്കലേക്കു തിരിയുന്ന മഹാ "നന്ദിപ്രകടനമായി കൂടുതൽ വ്യക്തതയോടെ കാണപ്പെടുന്നു. തൊട്ടു മുമ്പു കടന്നുപോയ ദിനങ്ങളിലെ സംഭവങ്ങളെക്കുറിച്ചുള്ള നന്ദിനിറഞ്ഞ സ്മരണയിൽ സമ്മേളിക്കാൻ ആഴ്ചയുടെ താളക്രമം നമ്മെ പ്രചോദിപ്പിക്കുന്നു. ആ സംഭവങ്ങളെ ദൈവത്തിൻെറ വെളിച്ചത്തിൽ വീണ്ടും പരിശോധിക്കാനും "ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിലും പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ അവിടുത്തെ മഹത്വപ്പെടുത്തിക്കൊണ്ട് അവിടുത്തെ അസംഖ്യം ദാനങ്ങൾക്കു നന്ദിപറയാനുമാണത്. അങ്ങനെ ക്രൈസ്തവസമൂഹം താഴെപ്പറയുന്ന വസ്തുതകളെക്കുറിച്ചുള്ള നവീകൃതമായ അവബോധത്തിലേക്കു വരുന്നു: എല്ലാ വസ്തുക്കളും ക്രിസ്തുവിലൂടെ സൃഷ്ടിക്കപ്പെട്ടു (cf. കൊളോ. 1:16; യോഹ. 1:3). നമ്മുടെ മനുഷ്യാവസ്ഥ സ്വീകരിക്കാനും അതിനെ രക്ഷിക്കാനുംവേണ്ടി അടിമയുടെ രൂപം സ്വീകരിച്ചുവന്ന ക്രിസ്തുവിൽ എല്ലാ വസ്തുക്കളും പുനഃസ്ഥാപിക്കപ്പെട്ടു (എഫേ. 1:10). എല്ലാ വസ്തുക്കളും ഉണ്ടാവുകയും ജീവൻ സ്വീകരിക്കുകയും ചെയ്തത് ആരിൽനിന്നാണോ ആ പിതാവായ ദൈവത്തിന് അവ കൈമാറാൻവേണ്ടിയാണ് ഈ പുനഃസ്ഥാപനം. അപ്പോൾ ദൈവജനം കുർബാന സ്തോത്രത്തിന് "ആമ്മേൻ" പറഞ്ഞു സമ്മതം നൽകുമ്പോൾ, വിശ്വാസത്തോടും പ്രത്യാശയോടുംകൂടി യുഗാന്ത്യത്തിലേക്ക് എത്തിനോക്കുകയാണ് - "ദൈവം എല്ലാവർക്കും എല്ലാമായിരിക്കാൻ വേണ്ടി ... ക്രിസ്തു രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കാനിരിക്കുന്ന" (1 കോറി. 15:24,28) യുഗാന്ത്യത്തിലേക്കുതന്നെ.

43. "ആരോഹണപരമായ" ഈ ചലനം ഓരോ കുർബാനയാഘോഷത്തിലും സ്വാഭാവികമായി ഉൾച്ചേർന്നിരിക്കുന്നു. അതു കുർബാനയുടെ ആഘോഷത്തെ, നന്ദിയും പ്രത്യാശയും കവിഞ്ഞൊഴുകുന്ന, സന്തോഷപ്രദമായ ഒരു സംഭവമാക്കുകയും ചെയ്യുന്നു. എന്നാൽ ഈ ചലനം ഞായറാഴ്ചക്കുർബാനയിൽ സവിശേഷമാംവിധം സംഭവിക്കുന്നു. ഉത്ഥാനത്തിൻെറ സ്മരണയോടു ഞായറാഴ്ചക്കുർബനയ്ക്കുള്ള സവിശേഷബന്ധമാണ് അതിൻെറ കാരണം. ഇതിൽനിന്നു വ്യത്യസ്തമായി, "നമ്മുടെ ഹൃദയങ്ങളെ ഉയർത്തുന്ന", "കുർബാനയുമായി ബന്ധപ്പെട്ട" ഈ സന്തോഷം, നമ്മിലേക്കുള്ള ദൈവത്തിൻെറ "അവരോഹണ" ചലനത്തിൻെറ ഫലമാണ്. ഈ ചലനമാകട്ടെ, കുർബാനയിലെ ബലിസംബന്ധമായ മൗലിക ഘടകത്തിൽ മുദ്രിതമായി എന്നും നിലനിൽക്കുന്നു. കുർബാന

www.malankaralibrary.com



സ്വയംശൂന്യവത്കരണം (Kenosis) എന്ന രഹസ്യത്തിന്റെ, തന്നെത്തന്നെ താഴ്ത്തി മരണത്തോളം, അതേ കുരിശുമരണത്തോളം വിധേയനായിത്തീർന്ന" (cf. ഫിലി. 2:8) മിശിഹായുടെ അവരോഹണത്തിന്റെ, പരമമായ പ്രകടനവും ആഘോഷവുമാണല്ലോ.

കുർബാന യഥാർത്ഥത്തിൽ കുരിശിലെ യാഗത്തെ സന്നിഹിതമാക്കുന്നു. കൂദാശാവചനങ്ങളിൽ തീർത്തും അതുല്യമായ ശക്തിയോടെ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവഹിക്കലിനായി പ്രാർത്ഥിക്കപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ക്രിസ്തു തന്നെത്തന്നെ പിതാവിനു സമർപ്പിക്കുന്നു. അവിടുന്നു കുരിശിൽ നടത്തിയ അതേ യാഗകർമത്തിലൂടെയാണ് അപ്രകാരം സമർപ്പിക്കുന്നത്. "കുരിശാകുന്ന അൾത്താരയിൽ ഒരിക്കൽ എന്നേക്കുമായി രക്തംചിന്തിക്കൊണ്ട് തന്നെത്തന്നെ സമർപ്പിച്ച അതേ ക്രിസ്തുവാണ് കുർബാനയിൽ സഫലമാക്കപ്പെടുന്ന ഈ ദൈവികയാഗത്തിലും സന്നിഹിതനായിരിക്കുന്നതും രക്തം ചിന്തപ്പെടാതെ സമർപ്പിക്കപ്പെടുന്നതും."[70] സഭയുടെ യാഗത്തെ ക്രിസ്തു സ്വന്തം യാഗത്തോടു കൂട്ടിച്ചേർക്കുന്നു. "കുർബാനയിൽ ക്രിസ്തുവിന്റെ യാഗം അവിടുത്തെ അവയവങ്ങളുടെ യാഗംകൂടിയായിത്തീരുന്നു. വിശ്വാസികളുടെ ജീവിതവും സ്തുതികളും ക്ലേശങ്ങളും പ്രാർഥനയും തൊഴിലും ക്രിസ്തുവിന്റേതുമായും അവിടുത്തെ മുഴുവൻ യാഗവുമായും ഒന്നിപ്പിക്കപ്പെടുന്നു. അങ്ങനെ അവ പുതിയ മൂല്യം നേടുന്നു."[71] ക്രിസ്തുവിന്റെ യാഗത്തിൽ മുഴുവൻ സമൂഹവും പങ്കുചേരുന്നുവെന്ന സത്യം ഞായറാഴ്ചസമ്മേളനത്തിൽ സവിശേഷമാംവിധം വ്യക്തമാണ്. കടന്നുപോയ ആഴ്ചയെ അതിന്റെ സർവമാനുഷിക ഭാരങ്ങളോടുംകൂടി അൾത്താരയിലേക്കു കൊണ്ടുവരുവാനുള്ള സാധ്യത ആ സമ്മേളനം നൽകുന്നു.

## ഈസ്റ്റർ വിരുന്നും സഹോദരസമ്മേളനവും

44. ക്രിസ്തു തന്നെ നമ്മുടെ പോഷണമായിത്തീരുന്ന ഈസ്റ്റർ വിരുന്നായി കുർബാനയെ കാണുമ്പോൾ അതിന്റെ സമൂഹാത്മക സ്വഭാവം സവിശേഷമായ രീതിയിൽ വ്യക്തമായി വരുന്നു. യഥാർഥത്തിൽ, "ഈ ലക്ഷ്യത്തിനായി ക്രിസ്തു ഈ ബലി സഭയ്ക്കു ഭരമേൽപിച്ചു: വിശ്വാസികൾ അതിൽ വിശ്വാസത്തിലും സ്നേഹത്തിലും ആത്മീയമായും, വിശുദ്ധകുർബാന സ്വീകരണമാകുന്ന വിരുന്നിൽ കൗദാശികമായും പങ്കുചേരുന്നതിനുവേണ്ടിയാണിത്. കർത്താവിന്റെ അത്താഴത്തി

www.malankaralibrary.com



ലുള്ള പങ്കുചേരൽ എപ്പോഴും, നമുക്കുവേണ്ടി പിതാവിനു ബലിയിൽ സ്വയം സമർപ്പിക്കുന്ന ക്രിസ്തുവിനോടുള്ള സംസർഗമാണ്."[72] ഇക്കാരണത്താലാണ്, വിശ്വാസികൾ കുർബാനയിൽ സംബന്ധിക്കുമ്പോൾ വിശുദ്ധകുർബാന സ്വീകരിക്കണമെന്നു സഭ നിർദേശിക്കുന്നത്. അവർക്ക് അതിനുള്ള ഒരുക്കമുണ്ടെങ്കിൽ അങ്ങനെ ചെയ്യണം. ഗൗരവമായ പാപം ചെയ്തിട്ടുണ്ടെങ്കിൽ അനുതാപത്തിൻെറ കൂദാശയിൽ ദൈവത്തിൽനിന്നു പാപപ്പൊറുതി സ്വീകരിച്ചിട്ട് അപ്രകാരം ചെയ്യണം.[73] കോറിന്തിലെ സമൂഹത്തിനു വിശുദ്ധ പൗലോസ് എഴുതിയിട്ടുള്ള വചനങ്ങളുടെ ചൈതന്യത്തിൽ അതു സ്വീകരിക്കണം (cf. 1 കോറി. 11:27-32). ഞായറാഴ്ചകളിലെയും കടമുള്ള ദിവസങ്ങളിലെയും കുർബാനയുടെ കാര്യത്തിൽ കുർബാനസ്വീകരണത്തിനുള്ള ക്ഷണം കൂടുതൽ നിർബന്ധപൂർവകമാണെന്നതു വ്യക്തമാണല്ലോ.

ക്രിസ്തുവിനോടുള്ള ഐക്യം നമ്മുടെ സഹോദരീസഹോദരൻമാരോടുള്ള ഐക്യവുമായി ആഴത്തിൽ ബന്ധിതമാണെന്നകാര്യം എപ്പോഴും ഓർമിക്കുക സുപ്രധാനമാണ്. ഞായറാഴ്ചക്കുർബാനയ്ക്കായുള്ള ഒരുമിച്ചുകൂടൽ സാഹോദര്യത്തിൻെറ ഒരനുഭവമാണ്. അതു വ്യക്തമായി വെളിവാക്കുന്നതാവണം ആ ആഘോഷം. എന്നാൽ ആരാധനക്രമപരമായ അനുഷ്ഠാനമെന്ന നിലയിലുള്ള അതിൻെറ സ്വഭാവം മാനിക്കുന്ന കാര്യം ഒരിക്കലും വിസ്മരിക്കയുമരുത്. സ്വാഗതം നിറഞ്ഞ പെരുമാറ്റം, സമൂഹത്തിലെ സകലരുടെയും ആവശ്യങ്ങളിൽ ജാഗ്രത പുലർത്തുന്ന പ്രാർഥനാരീതി എന്നിവയെല്ലാം ഇതിനുപകരിക്കും. സമാധാനാശംസ സവിശേഷമാംവിധം അർഥപൂർണമായ അനുഷ്ഠാനമാണ്. റോമൻറീത്തിൽ അതു ശ്രദ്ധേയമാംവിധം കുർബാനസ്വീകരണത്തിനു തൊട്ടുമുമ്പു നടത്തുന്നു. സമാധാനാശംസ നടത്തുവാൻ വിശ്വാസികൾ ക്ഷണിക്കപ്പെടുന്നു. ആഘോഷത്തിൽ പൂർത്തിയാക്കപ്പെട്ട സകലതും ദൈവജനം അംഗീകരിക്കുന്നുവെന്നതിൻെറയും[74] ഒരേ അപ്പത്തിൽനിന്നുള്ള പങ്കുചേരലിൽ നടത്തപ്പെടുന്ന പരസ്പരസ്നേഹസമർപ്പണത്തിൻെറയും പ്രകാശനമാണ് ഈ സമാധാനാശംസ. ക്രിസ്തു കൽപിച്ചരുളിയ വചനങ്ങൾ ഓർമിച്ചുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്: "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിൻെറ സഹോദരനു നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ടു പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24).

www.malankaralibrary.com



## കുർബാനയിൽനിന്നു പ്രേഷിതത്വത്തിലേക്ക്

45. ക്രിസ്തുശിഷ്യൻമാർ ജീവന്റെ അപ്പം സ്വീകരിച്ചുകൊണ്ട് ഉത്ഥിതനായ ക്രിസ്തുവിന്റെയും അവിടുത്തെ പരിശുദ്ധാത്മാവിന്റെയും ശക്തിയോടെ, തങ്ങളുടെ അനുദിനജീവിതത്തിലെ കടമകൾ ഏറ്റെടുക്കാൻ തങ്ങളെത്തന്നെ ഒരുക്കുന്നു. തങ്ങൾ ചെയ്തതിന്റെ അർഥം എന്താണെന്നു മനസ്സിലാക്കുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം, കുർബാനയാഘോഷം ദേവാലയ കവാടത്തിൽവച്ച് അവസാനിക്കുന്നില്ല. തിരുവുത്ഥാനത്തിന്റെ പ്രഥമസാക്ഷികളെന്നപോലെ, ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യത്തെ അനുഭവിക്കാനും ഉദ്ഘോഷിക്കാനും ഓരോ ഞായറാഴ്ചയും സമ്മേളിക്കുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ അനുദിനജീവിതത്തിൽ സുവിശേഷം പ്രസംഗിക്കാനും സാക്ഷ്യം വഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. ഈ ദൗത്യമുണ്ടായിരിക്കേ, കുർബാനസ്വീകരണത്തിനുശേഷമുള്ള പ്രാർഥനയും ഉപസംഹാരകർമവും (അവസാനത്തെ ആശീർവാദവും പിരിച്ചയക്കലും) കൂടുതൽ വില കൽപിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം.

കുർബാനയിൽ സംബന്ധിച്ച എല്ലാവർക്കും, തങ്ങളെ ഭരമേൽപിച്ചിട്ടുള്ള ഉത്തരവാദിത്വത്തെപ്പറ്റി കൂടുതൽ അഗാധമായ ബോധമുണ്ടാകുന്നതിനാണത്. സമ്മേളനം അവസാനിക്കുമ്പോൾ ക്രിസ്തുശിഷ്യൻമാർ തങ്ങളുടെ ജീവിതത്തെ മുഴുവനും ദൈവത്തിനു പ്രീതിജനകമായ ഒരു ദാനമായി, ആധ്യാത്മികയാഗമായി സമർപ്പിക്കുന്നതിനുള്ള (cf. റോമ. 12: 1) പ്രതിജ്ഞാബദ്ധതയോടെ അനുദിന ജീവിതസാഹചര്യങ്ങളിലേക്കു തിരിച്ചുപോകുന്നു. ആഘോഷത്തിൽ തങ്ങൾ സ്വീകരിച്ചതെന്തോ അതുമൂലം തങ്ങളുടെ സഹോദരീസഹോദരൻമാരോട് എമ്മാവൂസിലെ ശിഷ്യൻമാരെപ്പോലെ തങ്ങൾ കടപ്പെട്ടിരിക്കുന്നതായി അവർക്കു തോന്നുന്നു. ഉത്ഥിതനായ ക്രിസ്തുവിനെ "അപ്പം മുറിക്കലിൽ" (cf. ലൂക്കാ 24:3-32) തിരിച്ചറിഞ്ഞപ്പോൾ കർത്താവിനെ കണ്ടതിലുള്ള സന്തോഷം സഹോദരീ സഹോദരൻമാരുമായി പങ്കുവയ്ക്കാൻ പെട്ടെന്നു തിരിച്ചുപോകണമെന്നു തോന്നിയ പ്രസ്തുതശിഷ്യൻമാരെപ്പോലെ തന്നെ (cf. ലൂക്കാ 24: 33-35).

## ഞായറാഴ്ചക്കടം

46. ഞായറാഴ്ചയുടെ കേന്ദ്രംതന്നെയാണു കുർബാന. അതുകൊണ്ട്, ആരാധനക്രമപരമായ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന്റെ ആവശ്യ

www.malankaralibrary.com



കതയെപ്പറ്റി ആദിമനൂറ്റാണ്ടുമുതൽ സഭയുടെ അജപാലകൻമാർ വിശ്വാസികളെ നിരന്തരം ഓർമിപ്പിച്ചതിന്റെ കാരണം വ്യക്തമാണ്. ദിദസ്കാലിയ എന്നറിയപ്പെടുന്നതും മൂന്നാംനൂറ്റാണ്ടിൽ എഴുതപ്പെട്ടതുമായ ഗ്രന്ഥം ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നു: "കർത്താവിന്റെ ദിവസം എല്ലാം ഉപേക്ഷിച്ച് നിങ്ങളുടെ സമ്മേളനത്തിലേക്ക് ഓടുക. എന്തെന്നാൽ അതു നിങ്ങളുടെ ദൈവസ്തുതിയാണ്. അല്ലെങ്കിൽ, കർത്തൃദിനത്തിൽ ജീവന്റെ വചനം കേൾക്കാനും എന്നേക്കും നിലനിൽക്കുന്ന ദൈവികഭക്ഷണം ഭക്ഷിക്കാനും ഒന്നിച്ചുകൂടാത്തവർ ദൈവത്തോട് എന്ത് ഒഴിവുകഴിവു പറയും?"[75] വിശ്വാസികൾ പൊതുവേ അജപാലകരുടെ ഈ വിളിയെ ഹൃദയംഗമമായ ഉത്തമബോധ്യത്തോടെ സ്വീകരിച്ചുപോന്നു. ഈ കടമ പൂർണമായും നിറവേറ്റാനാവാത്ത കാലങ്ങളും സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാലും മതസ്വാതന്ത്ര്യം അപകടത്തിലാവുകയും നിഷേധിക്കപ്പെടുകയും ചെയ്ത സന്ദർഭങ്ങളെ നേരിടേണ്ടിവന്നപ്പോഴും ഈ കടമ നിറവേറ്റി വന്ന വൈദികരുടെയും വിശ്വാസികളുടെയും യഥാർഥ ധീരോദാത്തത നമ്മൾ ഒരിക്കലും മറക്കരുത്. ക്രിസ്തുമതത്തിന്റെ ആദ്യനൂറ്റാണ്ടു മുതൽ നമ്മുടെ കാലഘട്ടംവരെയുള്ള ചരിത്രത്തിൽ ഇതിനു രേഖാമൂലമായ തെളിവുകളുണ്ടല്ലോ.

നഗരത്തിൽനിന്നും ഗ്രാമങ്ങളിൽനിന്നുമുള്ള ക്രിസ്ത്യാനികളെ ഒരിടത്ത് ഒന്നിച്ചുകൂട്ടുന്ന ഞായറാഴ്ചസമ്മേളനം എന്ന ക്രൈസ്തവാചാരത്തെപ്പറ്റി വിശുദ്ധ ജസ്റ്റിൻ അഭിമാനപൂർവം വിവരിക്കുന്നുണ്ട്. അന്തോണിയൂസ് ചക്രവർത്തിയുടെയും സെനറ്റിന്റെയും മുമ്പാകെ അദ്ദേഹം സമർപ്പിച്ച പ്രഥമ സാധൂകരണവാദത്തിലാണ് (First Apology) ഇങ്ങനെ വിവരിച്ചിട്ടുള്ളത്.[76] ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ മതപീഡനകാലത്ത് അവരുടെ സമ്മേളനങ്ങൾ കർശനമായി നിരോധിക്കപ്പെട്ടപ്പോൾ ചക്രവർത്തിയുടെ കൽപന ലംഘിക്കാനും ഞായറാഴ്ചക്കുർബാന മുടക്കുന്ന തിനെക്കാൾ മരണം വരിക്കാനും അനേകർ ധൈര്യംകാണിച്ചു. പ്രോകോൺസുലർ ആഫ്രിക്കയിലെ അബിത്തീന എന്ന പ്രദേശത്തെ രക്തസാക്ഷികൾ അപ്രകാരം ചെയ്തവരാണ്. തങ്ങളെ കുറ്റംവിധിച്ചവരോട് അവർ പറഞ്ഞു: "യാതൊരു ഭയവുംകൂടാതെ ഞങ്ങൾ കർത്താവിന്റെ അത്താഴം ആഘോഷിച്ചു. കാരണം അതു മുടക്കിക്കൂടാ. അതാണു ഞങ്ങളുടെ നിയമം." "കർത്താവിന്റെ അത്താഴം കൂടാതെ ഞങ്ങൾക്കു ജീവിക്കാനാവുകയില്ല." ഒരു രക്തസാക്ഷിണി തന്റെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് പ്രസ്താവിച്ചു: "ഉവ്വ്, ഞാൻ എന്റെ സഹോദരി സ

www.malankaralibrary.com



ഹോദരൻമാരോടുകൂടെ സമ്മേളനത്തിനു പോവുകയും കർത്താവിൻെറ തിരുവത്താഴം ആഘോഷിക്കുകയും ചെയ്തു. കാരണം ഞാൻ ഒരു ക്രിസ്ത്യാനിയാണ്."[77]

47. ആദിമകാലത്ത് ഈ കടമയെ സംബന്ധിച്ചു നിയമമുണ്ടാക്കുക അത്യാവശ്യമാണെന്നു കരുതിയിരുന്നില്ല. എന്നാലും ആദിമനൂറ്റാണ്ടുകളിലെ ക്രിസ്ത്യാനികൾക്കു ശക്തമായി തോന്നിയ ആന്തരികാവശ്യത്തിൽ നിന്നുളവായ, മനഃസാക്ഷിപ്രകാരമുള്ള ഈ കടമ സഭ നിരന്തരം സ്ഥിരീകരിച്ചുകൊണ്ടിരുന്നു. പിൽക്കാലത്തു മാത്രമാണ്, ഞായറാഴ്ചക്കുർബാനയിൽ പങ്കുകൊള്ളാനുള്ള കടമയെപ്പറ്റി സഭ വ്യക്തമായി പറഞ്ഞത്. ചിലരുടെ ആത്മാർഥതക്കുറവ് അഥവാ ഉദാസീനത നേരിടേണ്ടിവന്നപ്പോഴാണ് അപ്രകാരം ചെയ്തത്. മിക്കപ്പോഴും ഉദ്ബോധനത്തിൻെറ രൂപത്തിലായിരുന്നു അതു നിർവഹിച്ചത്. എന്നാൽ ചിലപ്പോഴെല്ലാം കാനോനികനിയമങ്ങൾ തന്നെ സഭയ്ക്ക് ഉണ്ടാക്കേണ്ടിവന്നിട്ടുണ്ട്. നാലാം നൂറ്റാണ്ടുമുതൽ പല പ്രാദേശിക കൗൺസിലുകളും ഇപ്രകാരംചെയ്തു. (ഉദാഹരണത്തിന് എ.ഡി. 300-ൽ നടന്ന എൽവിര കൗൺസിൽ കടമയെപ്പറ്റി പറയുന്നില്ല. എന്നാൽ മൂന്നുപ്രാവശ്യം സന്നിഹിതരാകാത്തവർക്കു നൽകേണ്ട ശിക്ഷകളെപ്പറ്റി പറയുന്നുണ്ട്.)[78]

ആറാം നൂറ്റാണ്ടുമുതൽ ഇത്തരം നടപടികൾ പ്രത്യേകിച്ചും ഉണ്ടായിട്ടുണ്ട് (ഉദാഹരണത്തിന്, അഗ്ദേയിൽവച്ച് ഏ.ഡി. 506-ൽ നടന്ന കൗൺസിലിൽ).[79] പ്രാദേശിക കൗൺസിലുകളുടെ ഈ കൽപനകൾ ഒരു സാർവത്രികാചാരത്തിലേക്കു നയിച്ചു; അതിൻെറ ബാധ്യതാസ്വഭാവം തികച്ചും സ്വാഭാവികമെന്നു പരിഗണിക്കപ്പെടുകയും ചെയ്തു.[80]

ഈ പാരമ്പര്യത്തെ 1917-ലെ കാനൻനിയമസംഹിത ആദ്യമായി ഒരു സാർവത്രികനിയമമാക്കി.[81] ഇപ്പോഴത്തെ നിയമസംഹിത അത് ആവർത്തിക്കുന്നു: ഞായറാഴ്ചകളിലും മറ്റു കടമുള്ള ദിവസങ്ങളിലും കുർബാനയിൽ സംബന്ധിക്കാൻ വിശ്വാസികൾക്കു കടമയുണ്ട്.[82] ഗൗരവാവഹമായ കടമ ഉൾക്കൊള്ളുന്ന ഒരു നിയമമാണിതെന്നു സ്വാഭാവികമായും കരുതപ്പെടുന്നു. ഇതാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത്.[83] ക്രൈസ്തവജീവിതത്തിന് എത്രമാത്രം ജീവത്പ്രാധാന്യമുള്ളതാണ് ഞായറാഴ്ച എന്ന് ഓർമിച്ചാൽ ഇതിൻെറ കാരണം നമുക്ക് എളുപ്പം മനസ്സിലാകും.

48. ഇന്നു ലോകത്തിൻെറ വിവിധഭാഗങ്ങളിൽ, തങ്ങളുടെ വിശ്വാസത്തി

www.malankaralibrary.com



ന്റെ ആവശ്യങ്ങളനുസരിച്ചു ജീവിക്കാൻ ആഗ്രഹിക്കുന്ന പലരും പ്രയാസം നിറഞ്ഞ സാഹചര്യങ്ങൾ നേരിടുന്നു; ധീരോദാത്തത ആവശ്യമായിരുന്ന ആദിമകാലത്തെപ്പോലെ തന്നെ. ചിലപ്പോൾ അവർ സുവിശേഷ സന്ദേശത്തോടു വ്യക്തമായ ശത്രുതാഭാവമുള്ള സാഹചര്യങ്ങളിൽ ജീവിക്കുന്നു. ചിലപ്പോൾ (യഥാർഥത്തിൽ മിക്കപ്പോഴും) സുവിശേഷ സന്ദേശത്തോട് നിസംഗതാഭാവമോ പ്രതികരണരാഹിത്യമോ ഉള്ള സാഹചര്യങ്ങളിൽ കഴിയുന്നു. അവ വിശ്വാസികളെ കീഴടക്കാതിരിക്കണമെങ്കിൽ ക്രൈസ്തവ സമൂഹത്തിന്റെ പിന്തുണയിൽ അവർ ആശ്രയിക്കണം. അതുകൊണ്ടാണ്, പുതിയ ഉടമ്പടിയുടെ കൂദാശയിൽ കർത്താവിന്റെ പെസഹാ ആഘോഷിക്കാൻ ഞായറാഴ്ചകളിൽ മറ്റുള്ളവരോടൊപ്പം സമ്മേളിക്കുക വിശ്വാസജീവിതത്തെ സംബന്ധിച്ചിടത്തോളം നിർണായക പ്രാധാന്യമുള്ള കാര്യമാണെന്ന ബോധ്യം അവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നത്. ആകയാൽ മെത്രാൻമാർക്കു സവിശേഷമായ ഒരു ഉത്തരവാദിത്വമുണ്ട്. "ഞായറാഴ്ചയെ സകല വിശ്വാസികളും വിലമതിക്കുന്നുണ്ടെന്നും, അത് അവർ വിശുദ്ധമായി ആചരിക്കുന്നുണ്ടെന്നും യഥാർഥ കർത്തൃദിനമായി ആഘോഷിക്കുന്നുണ്ടെന്നും അവർ ഉറപ്പുവരുത്തണം. ആ ദിവസം, ദൈവവചനംകേട്ടും കർത്താവിന്റെ ബലി സമർപ്പിച്ചും പ്രാർഥന, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ നടത്തിയും തൊഴിലിൽനിന്ന് ഒഴിഞ്ഞിരുന്നും ഈസ്റ്റർരഹസ്യത്തിന്റെ ഓർമ പുതുക്കാൻ സഭ സമ്മേളിക്കുന്നു. "കർത്താവിന്റെ ദിനമായി ഞായറാഴ്ചയെ സകല വിശ്വാസികളും യഥാർഥത്തിൽ വിലമതിക്കുന്നുണ്ടെന്നും, വിശുദ്ധമായി ആചരിക്കുന്നുണ്ടെന്നും, ആഘോഷിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനുള്ള"[84] ഉത്തരവാദിത്വമാണത്.

49. ഗൗരവപൂർണമായ തടസ്സമില്ലെങ്കിൽ കുർബാനയിൽ സംബന്ധിക്കാൻ വിശ്വാസികൾക്കു കടമയുണ്ട്. തൻമൂലം അതിനു തുല്യമായ ഒരു കടമ അജപാലകർക്കുമുണ്ട്. കൽപന നിറവേറ്റാൻ യഥാർഥ സാധ്യത എല്ലാവർക്കും നൽകാനുള്ള കടമയാണത്. സഭാനിയമത്തിലെ വ്യവസ്ഥകൾ ഈ ദിശയിലാണു നീങ്ങുന്നത്; ഉദാഹരണത്തിന്, ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒന്നിൽക്കൂടുതൽ കുർബാനയാഘോഷം, രൂപതാധ്യക്ഷന്റെ മുൻകൂട്ടിയുള്ള അനുവാദപ്രകാരം, നടത്താൻ വൈദികർക്ക് അധികാരം നൽകിയിരിക്കുന്നു.[85] വൈകുന്നേരങ്ങളിൽ കുർബാനയാഘോഷം ഏർപ്പെടുത്തിയിരിക്കുന്നു.[86] കൂടാതെ ശനിയാഴ്ച വൈകുന്നേരം മുതൽ ആ കടമ നിറവേറ്റാൻ അനുവദിക്കുന്ന വ്യവസ്ഥയും രൂപ

www.malankaralibrary.com



പ്പെടുത്തിയിരിക്കുന്നു. ഞായറാഴ്ചയിലെ ഒന്നാം സന്ധ്യാപ്രാർഥനയുടെ സമയംമുതൽ അതു നിറവേറ്റാം.[87] യഥാർഥത്തിൽ ആരാധനക്രമപരമായ വീക്ഷണപ്രകാരം ഒന്നാം സന്ധ്യാപ്രാർഥന മുതൽ കടമുള്ള ദിവസങ്ങൾ തുടങ്ങുന്നു.[88] തത്ഫലമായി, "ജാഗരണക്കുർബാന"യെന്നു ചിലപ്പോൾ വിളിക്കാറുള്ള ആരാധനക്രമം ഫലത്തിൽ ഞായറാഴ്ചയിലെ "ആഘോഷപൂർവമായ" കുർബാനയാണ്. അതിൻെറ ആഘോഷത്തിൽ കാർമികൻ മതപ്രഭാഷണം നടത്തുകയും വിശ്വാസികളുടെ പ്രാർഥന ചൊല്ലുകയും വേണം.

കൂടാതെ, ഞായറാഴ്ചകളിൽ വീടുകളിൽനിന്ന് അകലെയായിരിക്കുമ്പോൾ അവർ ആയിരിക്കുന്നിടത്തുള്ള സമൂഹത്തെ വ്യക്തിപരമായ സാക്ഷ്യംവഴി സമ്പന്നമാക്കിക്കൊണ്ട് അവിടെ കുർബാനയിൽ സംബന്ധിക്കണമെന്നു വിശ്വാസികളെ അജപാലകർ ഓർമിപ്പിക്കണം. അതേസമയം സന്ദർശകരായി വരുന്ന അത്തരം വ്യക്തികൾക്ക് ഈ സമൂഹങ്ങൾ ഊഷ്മളമായ സ്വാഗതമരുളുകയും വേണം. പ്രത്യേകിച്ച് ടൂറിസ്റ്റുകളെയും തീർഥാടകരെയും ആകർഷിക്കുന്ന സ്ഥലങ്ങളിൽ അപ്രകാരം ചെയ്യണം. അവർക്കു സവിശേഷമായി മതാനുഷ്ഠാനങ്ങളിലുള്ള സഹായം മിക്കപ്പോഴും ചെയ്യേണ്ടിവരും.[89]

## ഗാനങ്ങളോടുകൂടി സന്തോഷപ്രദമായ ആഘോഷം

50. ഞായറാഴ്ചക്കുർബാനയുടെ സ്വഭാവംകൊണ്ടും വിശ്വാസികളുടെ ജീവിതത്തിൽ അതിനുള്ള പ്രാധാന്യംകൊണ്ടും സവിശേഷശ്രദ്ധയോടെ അതിന് ഒരുങ്ങേണ്ടിയിരിക്കുന്നു. കർത്താവിൻെറ ഉത്ഥാനത്തെ അനുസ്മരിക്കുന്ന ദിവസത്തിന് അനുഗുണമായ സാഘോഷസ്വഭാവം കുർബാനയാഘോഷത്തിന് ഉണ്ടെന്ന് ഉറപ്പുവരുത്താൻ പരിശ്രമിക്കണം. അജപാലനാനുഭവവും പ്രാദേശികാചാരവും നിർദേശിക്കുന്ന മാർഗങ്ങൾ ഉപയോഗിച്ച്, ആരാധനക്രമപരമായ നിയമങ്ങൾ ഓർമിച്ചുകൊണ്ടുവേണം അങ്ങനെ ചെയ്യുവാൻ. ഈ ലക്ഷ്യംനേടാൻ സമ്മേളനം ഉപയോഗിക്കുന്ന ഗാനങ്ങളുടെ കാര്യം ശ്രദ്ധിക്കുക അത്യാവശ്യമാണ്. കാരണം, ഗാനാലാപം സന്തോഷംനിറഞ്ഞ ഹൃദയത്തെ വെളിവാക്കാൻ സവിശേഷമാംവിധം അനുഗുണമായ മാർഗമാണ്. അതു ചടങ്ങിൻെറ ആഘോഷം വർധിപ്പിക്കുകയും പൊതുവായ വിശ്വാസത്തിൻെറയും പങ്കുവയ്ക്കപ്പെട്ട സ്നേഹത്തിൻെറയും ബോധം വളർത്തുകയും ചെയ്യുന്നു. ഗാനങ്ങളുടെയും ഈണങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ ശ്രദ്ധിക്കണം.

www.malankaralibrary.com



ഇന്ന് നവീനവും സർഗാത്മകവുമായി നിർദേശിക്കപ്പെടുന്നവ ആരാധന ക്രമത്തിൻെറ ആവശ്യങ്ങൾക്കു ചേർന്നവയും സഭയുടെ പാരമ്പര്യത്തിന് യോജിച്ചവയും ആയിരിക്കാനാണിത്. വിശുദ്ധ സംഗീതത്തിൻെറ മണ്ഡലത്തിൽ സഭയുടെ പാരമ്പര്യം അഭിമാനകരവും അമൂല്യവുമായ പൈതൃകമാണ്.

## എല്ലാവരും ഉൾപ്പെടുന്ന ഒരാഘോഷം

51. സന്നിഹിതരായ എല്ലാവരും, കുട്ടികളും പ്രായമായവരും, സജീവതാത്പര്യം കാണിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതും ആവശ്യമാണ്. ആരാധനക്രമം നിർദേശിക്കുകയും ശുപാർശചെയ്യുകയും ചെയ്യുന്ന കാര്യങ്ങളിൽ അവരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യണം.[90] തീർച്ചയായും, കുർബാനയാകുന്ന ബലി ഫലവത്താക്കുക എന്നതും സകലജനത്തിൻെറയും നാമത്തിൽ അതു ദൈവത്തിനു സമർപ്പിക്കുക എന്നതും വൈദിക ശുശ്രൂഷ നിർവഹിക്കുന്നവരുടെ കടമയാണ്.[91] ഇതാണ് കാർമികൻെറ ധർമവും ഡീക്കൻമാരുടെയും വൈദികപട്ടമില്ലാത്തവരുടെയും ധർമവും തമ്മിലുള്ള വ്യത്യാസത്തിൻെറ അടിസ്ഥാനം. ഈ വ്യത്യാസമാകട്ടെ ക്രമപരിപാലനത്തിൻെറ പ്രശ്നത്തെക്കാളുപരിയായ ഒരു സംഗതിയുമാണ്.[92] എന്നാലും മാമ്മോദീസയിൽ സ്വീകരിച്ച പൊതു പൗരോഹിത്യംമൂലം "തങ്ങൾ കുർബാനയർപ്പണത്തിൽ പങ്കുചേരുന്നുവെന്ന്"[93] വിശ്വാസികൾ മനസ്സിലാക്കണം. ധർമങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും അവർ "ദൈവിക ബലിവസ്തുവിനെയും അവിടുത്തോടൊപ്പം തങ്ങളെത്തന്നെയും ദൈവത്തിനർപ്പിക്കുന്നു. ബലിയർപ്പിച്ചുകൊണ്ടും കുർബാനസ്വീകരിച്ചുകൊണ്ടും അവർ ലിറ്റർജിയിൽ സജീവമായി പങ്കെടുക്കുന്നു."[94] തങ്ങളുടെ മാമ്മോദീസാപരമായ പൗരോഹിത്യവും വിശുദ്ധ ജീവിതത്തിൻെറ സാക്ഷ്യവും ജീവിതത്തിൽ യഥാർഥമാക്കാനുള്ള പ്രകാശവും ശക്തിയും അതിൽ കണ്ടെത്തിക്കൊണ്ടാണ് അവർ ഇതു ചെയ്യുന്നത്.

## ക്രൈസ്തവ ഞായറാഴ്ചയുടെ മറ്റു നിമിഷങ്ങൾ

52. കുർബാനയിലുള്ള പങ്കുചേരൽ ഞായറാഴ്ചയുടെ മർമമാണ്. എന്നാൽ ഞായറാഴ്ച വിശുദ്ധമായി ആചരിക്കുക എന്നത് അതിൽമാത്രം ഒതുക്കിനിറുത്താവുന്നതല്ല. യഥാർഥത്തിൽ കർത്താവിൻെറ ദിവസം, അതിൻെറ ആരംഭം മുതൽ അവസാനംവരെ ദൈവത്തിൻെറ രക്ഷാകരപ്രവർത്തനത്തെ സംബന്ധിച്ച് കൃതജ്ഞതാനിർഭരവും സജീവവു

www.malankaralibrary.com



മായ സ്മരണയാൽ മുദ്രിതമാക്കണം. എങ്കിലേ ആ ദിവസം നന്നായി ചെലവഴിച്ചു എന്നു പറയാനാവു. ആ ദിവസത്തിൻെറ മറ്റു നിമിഷങ്ങളും - ലിറ്റർജിക്കു പുറമേയുള്ള സാഹചര്യങ്ങൾ, അതായത് കുടുംബജീവിതം, സാമൂഹികബന്ധങ്ങൾ, വിശ്രമനിമിഷങ്ങൾ മുതലായവ - ഉത്ഥിതനായ ക്രിസ്തുവിൻെറ സമാധാനവും സന്തോഷവും ജീവിതത്തിൻെറ സാധാരണ സംഭവങ്ങളിലും ഉണ്ടാകത്തക്കവിധത്തിൽ ക്രമപ്പെടുത്താൻ അത് ഓരോ ക്രിസ്തുശിഷ്യനോടും ആവശ്യപ്പെടുന്നു. ഉദാഹരണമായി വിശ്രമത്തിൻേറതായ അന്തരീക്ഷത്തിലുള്ള മാതാപിതാക്കളുടെയും കുട്ടികളുടെയും ഒരുമിച്ചുകൂടലിനെ പരസ്പരം ശ്രവിക്കാനുള്ള ഒരവസരമാക്കി മാത്രം മാറ്റാതെ, പരിശീലനത്തിൻെറയും വിചിന്തനത്തിൻെറയുമായ കുറച്ചുസമയം പങ്കിടുന്നതിനുള്ള സന്ദർഭമായും ഉപയോഗിക്കാവുന്നതാണ്. അൽമായരുടെ ജീവിതത്തിൽപോലും, കഴിയുമെങ്കിൽ, പ്രാർഥനയ്ക്കുള്ള - ഉദാഹരണത്തിന്, സാഘോഷമായ സായാഹ്ന പ്രാർഥനയ്ക്കുള്ള - പ്രത്യേകസമയം കണ്ടെത്തിക്കൂടേ? അല്ലെങ്കിൽ മതബോധനത്തിനുള്ള സമയം കണ്ടെത്തിക്കൂടേ? അതു ഞായറാഴ്ചയുടെ തലേ സായാഹ്നത്തിൽ, കുർബാനയെന്ന ദാനത്തിനായി ജനങ്ങളുടെ ഹൃദയങ്ങളെ ഒരുക്കും; ഞായറാഴ്ചയുടെ സായാഹ്നത്തിലാണെങ്കിൽ ആ ദാനത്തെ പൂർത്തിയാക്കും.

ഞായറാഴ്ച വിശുദ്ധമായി ആചരിക്കാനുള്ള ഏറെക്കുറെ പരമ്പരാഗതമായ ഈ രീതി അനേകം പേർക്ക് ഇന്നു പ്രയാസമുള്ളതായിരിക്കാം. എന്നാൽ വിശ്വാസത്തിൻെറ മണ്ഡലത്തിൽ ഏറ്റവും ചുരുങ്ങിയതും ഇടത്തരമായതും അംഗീകരിക്കാൻ തയാറല്ലെന്നറിയിച്ചുകൊണ്ട് സഭ ഉത്ഥിതനായ ക്രിസ്തുവിൻെറ ശക്തിയിലും പരിശുദ്ധാത്മാവിൻെറ ശക്തിയിലും തനിക്കുള്ള വിശ്വാസം വെളിവാക്കുന്നു. ഏറ്റവും ശരിയായതും കർത്താവിന് ഏറ്റവും പ്രീതികരമായതും ചെയ്യുന്നതിനു ക്രിസ്ത്യാനികളെ സഹായിക്കുവാൻ അവൾ ആഗ്രഹിക്കുന്നു. പ്രയാസങ്ങൾ ഉണ്ടെങ്കിലും ഭാവാത്മകങ്ങളും പ്രോത്സാഹനകരങ്ങളുമായ അടയാളങ്ങൾ കാണപ്പെടുന്നുണ്ട്. സഭയുടെ പല ഭാഗങ്ങളിലും പ്രാർഥന അതിൻെറ വിവിധരൂപങ്ങളിൽ പുതുതായി ആവശ്യമാണെന്ന ബോധമുണ്ടായിട്ടുണ്ട്. ഇതു പരിശുദ്ധാത്മാവിൻെറ ദാനമാണ്. തീർഥാടനങ്ങൾ മുതലായ പ്രാചീന മതാത്മകാഭ്യാസങ്ങളെ വീണ്ടും കണ്ടെത്തുന്നുമുണ്ട്. വിശ്വാസികൾ പലപ്പോഴും ഏതെങ്കിലുമൊരു പ്രാർഥനാലയം സന്ദർശിക്കുന്നതിനു ഞായറാഴ്ച വിശ്രമം പ്രയോജനപ്പെടുത്തുന്നു. അവിടെ ചിലപ്പോൾ

www.malankaralibrary.com



മുഴുവൻ കുടുംബാംഗങ്ങളോടുംകൂടി വിശ്വാസത്തിന്റെ കൂടുതൽ തീവ്രമായ അനുഭവത്തിൽ കഴിഞ്ഞുകൂടാൻ അവർക്കു സാധിക്കുന്നു. അവയെല്ലാം കൃപാവരത്തിന്റെ നിമിഷങ്ങളാണ്. സുവിശേഷവത്കരണം കൊണ്ടു വളർത്തപ്പെടേണ്ടതും യഥാർഥമായ അജപാലനവിവേകം കൊണ്ട് നയിക്കപ്പെടേണ്ടതുമാണ്.

## വൈദികനില്ലാത്ത ഞായറാഴ്ച സമ്മേളനങ്ങൾ

53. ഞായറാഴ്ചക്കുർബാന ആഘോഷിക്കാൻ ഒരു പുരോഹിതന്റെ ശുശ്രൂഷ ലഭ്യമാകാത്ത ഇടവകകളുടെ പ്രശ്നമുണ്ട്. യുവസഭകളിൽ പലതിലും ഉള്ള പ്രശ്നമാണിത്. അവയിൽ ഒരു വൈദികനു വിസ്തൃതമായ ഒരു പ്രദേശത്തുമുഴുവനും ചിതറിക്കിടക്കുന്ന വിശ്വാസികളെ സംബന്ധിച്ച അജപാലനപരമായ ഉത്തരവാദിത്വമുണ്ട്. എന്നാൽ ദീർഘകാലമായി ക്രൈസ്തവപാരമ്പര്യം നിലനിൽക്കുന്ന രാജ്യങ്ങളിലും അത്യാവശ്യ സന്ദർഭങ്ങളുണ്ടാകാം. അവിടങ്ങളിൽ, വൈദികരുടെ സംഖ്യ കുറഞ്ഞുവരുന്നു. തൻമൂലം ഓരോ ഇടവകസമൂഹത്തിലും വൈദികന്റെ സാന്നിധ്യം അസാധ്യമായിത്തീരുന്നു. കുർബാനയർപ്പണം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ വൈദികനില്ലാതെതന്നെ ഞായറാഴ്ച സമ്മേളനം നടത്തണമെന്നു സഭ നിർദേശിക്കുന്നു.[95] പരിശുദ്ധസിംഹാസനം, മെത്രാൻസമിതികളെ നിർവഹണത്തിനുവേണ്ടി ഭരമേൽപിച്ചിട്ടുള്ള സൂചനകളും നിർദേശങ്ങളുമനുസരിച്ചുവേണം അതു നടത്താൻ.[96] എന്നാലും ലക്ഷ്യം എപ്പോഴും കുർബാനയർപ്പണം നടത്തുക എന്നതായിരിക്കണം.

കർത്താവിന്റെ പെസഹ യഥാർഥത്തിൽ സന്നിഹിതമാകുന്ന ഏകമാർഗം അതാണ്. കുർബാനസമ്മേളനത്തിന്റെ തികഞ്ഞ സാക്ഷാത്കാരവും അതുതന്നെ. അതിൽ ക്രിസ്തുവിന്റെ പ്രതിപുരുഷനായി വൈദികൻ വചനത്തിന്റെയും കുർബാനയുടെയും അപ്പംമുറിച്ചുകൊണ്ട് അധ്യക്ഷനായിരിക്കുന്നു. അതുകൊണ്ട് സ്ഥിരമായി കുർബാനയിൽ പങ്കുകൊള്ളാൻ അവസരമില്ലാത്ത വിശ്വാസികൾക്ക് ആവുന്നത്ര പ്രാവശ്യം കുർബാന ലഭ്യമാക്കുന്നുണ്ടെന്ന്, അജപാലനതലത്തിൽ ഉറപ്പുവരുത്തണം. കൂടെക്കൂടെ വൈദികന്റെ സാന്നിധ്യം ഏർപ്പെടുത്തിക്കൊണ്ടോ ചിതറിക്കിടക്കുന്ന ജനവിഭാഗങ്ങൾക്ക് എത്തിച്ചേരാവുന്ന ഒരു കേന്ദ്രത്തിൽ സമ്മേളനം സംഘടിപ്പിക്കുന്നതിനുള്ള ഓരോ അവസരവും പ്രയോജനപ്പെടുത്തിക്കൊണ്ടോ അങ്ങനെ ചെയ്യണം.

www.malankaralibrary.com



## റേഡിയോയും ടെലിവിഷനും

54. അവസാനമായി, രോഗംകൊണ്ടോ ഗൗരവപൂർണമായ മറ്റേതെങ്കിലും കാരണത്താലുണ്ടാകുന്ന കഴിവില്ലായ്മകൊണ്ടോ സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത വിശ്വാസികളുണ്ട്. അവർക്കും ഞായറാഴ്ചക്കുർബാനയാഘോഷത്തിൽ അകലെനിന്ന് ആവുന്നത്ര നന്നായി പങ്കെടുക്കാം. പ്രത്യേകിച്ച് കുർബാനക്രമത്തിൽ ആ ദിവസത്തേക്കു കൊടുത്തിട്ടുള്ള വായനകൾ വായിച്ചും പ്രാർഥനകൾ ചൊല്ലിയും കുർബാനയ്ക്കുള്ള ആഗ്രഹം ഉണർത്തിയും.[97] പല രാജ്യങ്ങളിലും റേഡിയോയും ടെലിവിഷനും കുർബാനയാഘോഷത്തിൽ പങ്കുചേരാൻ സാധ്യത നൽകുന്നുണ്ട്. ഏതെങ്കിലും ദേവാലയത്തിൽനിന്നുള്ള പ്രക്ഷേപണംവഴി അതു സാധിക്കുന്നു.[98] ഞായറാഴ്ചക്കടം തീർക്കാൻ ഇത്തരം പ്രക്ഷേപണം പ്രകൃത്യാ മതിയാവുകയില്ലെന്നു വ്യക്തമാണ്. കുർബാന സ്വീകരിക്കാൻ കഴിയുന്നവിധം ഒരിടത്തു സമ്മേളിക്കുന്ന കൂട്ടായ്മയിൽ പങ്കുചേർന്നാലേ ആ കടം വീടുകയുള്ളു. എന്നാൽ കുർബാനയിൽ സംബന്ധിക്കാൻ കഴിയാത്തവരും തൻമൂലം ആ കടത്തിൽനിന്നു മോചിക്കപ്പെട്ടവരുമായ വിശ്വാസികൾക്ക് റേഡിയോയും ടെലിവിഷനും അമൂല്യസഹായമാണു ചെയ്യുന്നത്. പ്രത്യേകിച്ച്, രോഗികൾക്കു കുർബാനകൊണ്ടുക്കൊടുക്കുകയും അവർക്ക് മുഴുവൻ സമൂഹത്തിൻെറയും അഭിവാദനവും ദൃഢൈക്യവും എത്തിക്കുകയും ചെയ്യുന്ന അസാധാരണ ശുശ്രൂഷകരുടെ ഉദാരമായ സേവനം കൂടിയുണ്ടെങ്കിൽ അത് അമൂല്യസഹായം തന്നെയായിരിക്കും. ഈ ക്രിസ്ത്യാനികൾക്കും ഞായറാഴ്ചക്കുർബാന ധാരാളം ഫലങ്ങൾ പുറപ്പെടുവിക്കും; ഞായറാഴ്ചയെ "കർത്താവിൻെറ ദിനവും" "സഭയുടെ ദിനവു"മായി യഥാർഥത്തിൽ അനുഭവിക്കാൻ അവർ പ്രാപ്തരാക്കപ്പെടുകയും ചെയ്യും.

www.malankaralibrary.com

അധ്യായം നാല്

# മനുഷ്യന്റെ ദിവസം

## ഞായറാഴ്ച : സന്തോഷത്തിന്റെയും വിശ്രമത്തിന്റെയും ദൃഢൈക്യത്തിന്റെയും ദിവസം

### ക്രിസ്തുവിന്റെ "പൂർണ്ണസന്തോഷം"

55. "മഹാദിനമായ ഞായറാഴ്ചയെ മറ്റു ദിവസങ്ങളെക്കാളുപരി ഉയർത്തിയവൻ അനുഗ്രഹീതനാകുന്നു. ആകാശവും ഭൂമിയും മാലാഖമാരും മനുഷ്യരും സന്തോഷത്തിൽ മുഴുകുന്നു".[99] മാറോനീത്താ ലിറ്റർജിയിലേതാണ് ഈ ഉദ്ഘോഷണം. പൗരസ്ത്യസഭയിലെയും പാശ്ചാത്യസഭയിലെയും ആരാധനക്രമത്തിൽ എക്കാലത്തും ഞായറാഴ്ചയുടെ സവിശേഷതയായിരുന്ന സന്തോഷത്തിന്റെ തീവ്രഘോഷണം ഇതു ഭംഗിയായി ഉൾക്കൊള്ളുന്നു. കൂടാതെ, ചരിത്രപരമായി പറഞ്ഞാൽ ആഴ്ചയിലൊരിക്കലുള്ള കർത്താവിന്റെ ഉയിർപ്പുദിനത്തെ ഒന്നാമതായി സന്തോഷത്തിന്റെ ദിവസമായിട്ടാണ് ക്രിസ്ത്യാനികൾ ആഘോഷിച്ചിരുന്നത്. അത് ഒരു വിശ്രമദിനമായി കരുതുന്നതിനുമുമ്പും അപ്രകാരമാണു ചെയ്തിരുന്നത്. രാഷ്ട്രീയ കലണ്ടറുകളിൽ അത് ഒരു കാരണവശാലും വിശ്രമദിവസമായി അന്നു കാണിച്ചിരുന്നുമില്ല. "ആഴ്ചയുടെ ഒന്നാം ദിവസം നിങ്ങൾ എല്ലാവരും സന്തോഷിക്കണം" എന്ന് ദിദസ്കാലിയ (അപ്പസ്തോലൻമാരുടെ പ്രബോധനങ്ങൾ) എന്ന ഗ്രന്ഥം നിർബന്ധിക്കുന്നു.[100] സമുചിതമായ ആംഗ്യങ്ങൾ തിരഞ്ഞെടുത്തുകൊണ്ട് ആരാധനക്രമപരമായ ആചാരവും ഇതിനെ ഊന്നിപ്പറഞ്ഞിരുന്നു.[101] സഭയിൽ വ്യാപകമായിരുന്ന ഒരു അവബോധത്തെ വിളംബരം ചെയ്തുകൊണ്ടു വിശുദ്ധ ആഗസ്തീനോസ്, ആഴ്ചതോറുമുള്ള ഈസ്റ്ററിനെ ഇങ്ങനെ വിവരിക്കുന്നു : "ഉത്ഥാനത്തിന്റെ അടയാളമെന്ന നിലയിൽ ഉപവാസം മാറ്റി വയ്ക്കുന്നു, നിന്നുകൊണ്ടു പ്രാർഥനകൾ ചൊല്ലുന്നു. എല്ലാ ഞായറാഴ്ചയും ഹല്ലേലുയ്യാ പാടുന്നതും അതുകൊണ്ടാണ്".[102]

56. സഭയുടെ നിയമത്തെ ആശ്രയിച്ചു മാറി വരാവുന്ന പ്രത്യേകമായ

www.malankaralibrary.com



അനുഷ്ഠാനരീതികൾക്ക് അതീതമായി ഒരു വസ്തുതയുണ്ട് : ഉത്ഥിതനായ ക്രിസ്തുവിനെ ആദ്യമായി കണ്ടുമുട്ടിയതിന്റെ ആഴ്ചതോറുമുള്ള പ്രതിധ്വനിയെന്ന നിലയിൽ ഗുരുവിനെ കണ്ട ശിഷ്യൻമാർക്കുണ്ടായ സന്തോഷത്താൽ എന്നും മുദ്രിതമാണു ഞായറാഴ്ച. "കർത്താവിനെ കണ്ടപ്പോൾ ശിഷ്യൻമാർ സന്തോഷിച്ചു" (യോഹ. 20:20). യേശു തന്റെ പീഡാസഹനത്തിനുമുമ്പ് അരുളിച്ചെയ്തതും ഓരോ ക്രൈസ്തവ തലമുറയിലും പ്രതിധ്വനിക്കുന്നതുമായ വാക്കുകളുടെ സ്ഥിരീകരണമായിരുന്നു ഇത് : "നിങ്ങൾ ദുഃഖിതരാകും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി പകരും" (യോഹ. 16:20). ശിഷ്യൻമാർക്ക് "പൂർണ സന്തോഷം" (cf. യോഹ. 17:13) ഉണ്ടാകണമെന്ന് അവിടുന്നുതന്നെ പ്രാർത്ഥിച്ചില്ലേ? ക്രിസ്തു പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടു തന്റെ സഭയ്ക്കു കൊടുത്ത സന്തോഷം ഞായറാഴ്ചക്കുർബാനയുടെ ഉത്സവപരമായ സ്വഭാവം പ്രകടമാക്കുന്നു. സന്തോഷം പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നുതന്നെയാണ് (cf. റോമാ 14:17; ഗലാ. 5:22).

57. അതുകൊണ്ട്, ഞായറാഴ്ചയുടെ പൂർണമായ അർത്ഥം വീണ്ടും കണ്ടെത്താൻ നാം ആഗ്രഹിക്കുന്നെങ്കിൽ വിശ്വാസജീവിതത്തിന്റെ ഈ വശം നാം വീണ്ടും കണ്ടെത്തണം. തീർച്ചയായും ക്രൈസ്തവസന്തോഷം ജീവിതത്തിൽ മുഴുവൻ മുദ്രിതമാവണം; അല്ലാതെ ആഴ്ചയിൽ ഒരു ദിവസത്തെ മാത്രം മുദ്രിതമാക്കിയാൽ പോരാ. എന്നാലും ഉത്ഥിതനായ കർത്താവിന്റെ ദിവസം എന്ന നിലയിൽ, ദൈവത്തിന്റെ സൃഷ്ടികർമവും പുതിയ സൃഷ്ടിയും ആഘോഷിക്കുന്ന ദിവസം എന്ന നിലയിൽ ഞായറാഴ്ച സവിശേഷമാംവിധം സന്തോഷത്തിന്റെ ദിവസമാണ്. യഥാർത്ഥത്തിൽ എങ്ങനെ സന്തോഷിക്കാമെന്നു പഠിക്കാൻ ഏറ്റവും പറ്റിയ ദിവസമാണത്. സന്തോഷത്തിന്റെ യഥാർത്ഥ സ്വഭാവവും ഏറ്റവും ആഴത്തിലുള്ള വേരുകളും വീണ്ടും കണ്ടെത്താൻ ഏറ്റവും ഉചിതമായ ദിനമാണത്. ഈ സന്തോഷത്തെ തൃപ്തിയുടെയും സുഖാനുഭവത്തിന്റെയും ഉപരിപ്ലവമായ തോന്നലുകളുമായി കൂട്ടിക്കുഴയ്ക്കരുത്. അത്തരം തോന്നലുകൾ ഇന്ദ്രിയങ്ങളെയും വികാരങ്ങളെയും അൽപ സമയത്തേക്കു മത്തു പിടിപ്പിക്കും. പക്ഷേ, ഹൃദയത്തെ അസംതൃപ്തമാക്കും; കയ്പ്പു നിറഞ്ഞതാക്കുകപോലും ചെയ്യും. ക്രൈസ്തവ വീക്ഷണപ്രകാരം സന്തോഷം ഇതിലേറെ സ്ഥായിയായതും ആശ്വാസം നൽകുന്നതുമാണ്. വിശുദ്ധൻമാർ സാക്ഷ്യപ്പെടുത്തുന്നതുപോലെ സഹനത്തിന്റെ ഇരുണ്ട രാത്രികളിൽപ്പോലും പതറാതെ നിൽക്കാൻ അതിനു കഴിയും.[103] ഒരർത്ഥത്തിൽ അത് വളർത്തിയെടുക്കേണ്ട ഒരു "സദ്ഗുണ"മാണ്.

www.malankaralibrary.com



58. എന്നാലും ക്രൈസ്തവസന്തോഷവും യഥാർഥ മാനുഷിക സന്തോഷങ്ങളും തമ്മിൽ ഒരു സംഘട്ടനവുമില്ല. അവ വാസ്തവത്തിൽ ഉദാത്തീകരിക്കപ്പെടുകയും അവയുടെ ആത്യന്തികമായ അടിസ്ഥാനം മഹത്ത്വീകൃതനായ ക്രിസ്തുവിന്റെ സന്തോഷത്തിൽ കണ്ടെത്തുകയും ചെയ്യുന്നു. അവിടുന്നാണല്ലോ ദൈവം ആഗ്രഹിച്ച തരത്തിലുള്ള മനുഷ്യന്റെ പൂർണതയുറ്റ പ്രതിബിംബവും വെളിപാടും. ആദരണീയനായ എന്റെ മുൻഗാമി, പോൾ ആറാമൻ മാർപാപ്പ, ക്രൈസ്തവസന്തോഷത്തെക്കുറിച്ചുള്ള ഉദ്ബോധനത്തിൽ എഴുതിയതുപോലെ "സത്താപരമായി, ക്രൈസ്തവസന്തോഷം, മഹത്ത്വീകൃതനായ ക്രിസ്തുവിന്റെ ഹൃദയത്തിൽ കാണുന്ന, ഒരേ സമയം ദൈവികവും മാനുഷികവുമായ, അളവറ്റ സന്തോഷത്തിലുള്ള പങ്കുചേരലാണ്".[104]

അപ്പസ്തോലൻമാർ ഈസ്റ്റർ സായാഹ്നത്തിൽ കർത്താവിനെ കണ്ടപ്പോൾ അനുഭവിച്ച സന്തോഷത്തിനു കർത്തൃദിനത്തിൽ ശക്തമായ സാക്ഷ്യം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടാണ് പോൾ മാർപാപ്പ തന്റെ പ്രസ്തുത ലേഖനം ഉപസംഹരിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കായി, "ഞായറാഴ്ചക്കുർബാന സന്തോഷത്തോടെ ആഘോഷിക്കുക മാമ്മോദീസ മുങ്ങിയവരെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണെന്ന്" ഊന്നിപ്പറയാൻ അദ്ദേഹം അജപാലകരെ പ്രേരിപ്പിച്ചു. "ഈ കൂടിക്കാഴ്ച - ക്രിസ്തു തന്റെ സ്നേഹത്തിൽ നമുക്കായി ഒരുക്കുന്ന ഈ വിരുന്ന് - അവർക്ക് എങ്ങനെ അവഗണിക്കാനാവും? അതിലുള്ള നമ്മുടെ പങ്കുചേരൽ ഏറ്റവും യോഗ്യവും സന്തോഷപൂർണവുമായിരിക്കട്ടെ. ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുതന്നെയാണ് തന്റെ ശിഷ്യൻമാരുടെയിടയിലേക്ക്, തന്റെ ഉത്ഥാനത്തിന്റെ പുതുമയിലേക്ക് അവരെയെല്ലാം ഒന്നിച്ചു നയിക്കാൻ, വന്നുചേരുന്നത്. ദൈവവും തന്റെ ജനവും തമ്മിൽ ഉള്ള സ്നേഹത്തിന്റെ ഉടമ്പടിയുടെ ഈ ലോകത്തിലുള്ള മൂർധന്യാവസ്ഥയാണത്. ക്രൈസ്തവസന്തോഷത്തിന്റെ അടയാളവും ഉറവിടവും ശാശ്വതവിരുന്നിലേക്കുള്ള വഴിയിലെ ഒരു ഘട്ടവുമാണത്".[105]

ഈ വിശ്വാസവീക്ഷണം ക്രൈസ്തവഞായറാഴ്ചയെ "ഒരു യഥാർഥ ആഘോഷസമയ"മായി കാണിക്കുന്നു. ദൈവം സ്ത്രീപുരുഷൻമാർക്ക്, അവരുടെ മാനുഷികവും ആധ്യാത്മികവുമായ തികഞ്ഞ വളർച്ചയ്ക്കായി, നൽകിയ ദിവസമായിത്തന്നെ.

www.malankaralibrary.com



## സാബത്തിൻെറ നിറവേറൽ

59. ക്രൈസ്തവഞായറാഴ്ച പഴയനിയമസാബത്തിൻെറ പൂർത്തീകരണമായിരിക്കുന്നത് എങ്ങനെയെന്നു ഞായറാഴ്ചയുടെ ഈ വശം സവിശേഷമായ രീതിയിൽ വ്യക്തമാക്കുന്നു. മുമ്പു പറഞ്ഞതുപോലെ, പഴയനിയമം സൃഷ്ടികർമത്തോടും (cf. ഉത്പ. 2:1-3, പുറ. 20:8-11) പുറപ്പാടിനോടും (cf. നിയമാ. 5:12-15) ബന്ധിപ്പിക്കുന്ന കർത്തൃദിനത്തിൽ പുതിയ സൃഷ്ടിയെയും ക്രിസ്തുവിൻെറ പെസഹാരഹസ്യത്തിൽ യഥാർഥമാക്കപ്പെട്ട പുതിയ ഉടമ്പടിയെയും പ്രഘോഷിക്കാൻ ക്രൈസ്തവൻ വിളിക്കപ്പെടുന്നു. ക്രിസ്തുകേന്ദ്രീകൃത വീക്ഷണത്തിനുള്ളിൽ സൃഷ്ടികർമത്തിൻെറ ആഘോഷം നിറുത്തലാക്കിയിട്ടില്ല; പ്രത്യുത "സ്വർഗത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളും ക്രിസ്തുവിൽ ഒന്നാക്കാനുള്ള" (എഫേ. 1:10) ദൈവത്തിൻെറ പദ്ധതിപ്രകാരം കാണുമ്പോൾ അതു കൂടുതൽ ആഴത്തിലുള്ളതായിത്തീരുകയാണ്. പുറപ്പാടിലുള്ള വിമോചനത്തിൻെറ ഓർമയും ക്രിസ്തു തൻെറ മരണത്തിലും ഉത്ഥാനത്തിലും നിറവേറ്റിയ സാർവത്രിക രക്ഷയുടെ ഓർമയായിത്തീരുമ്പോൾ, അതിൻെറ പൂർണമായ അർഥം നേടുകയാണ്. അതുകൊണ്ട് സാബത്തിനു പകരമായുള്ള ഒന്നല്ല ഞായറാഴ്ച. അതിൻെറ പൂർത്തീകരണമാണ്, ഒരർഥത്തിൽ, ക്രിസ്തുവിൽ പൂർണത നേടുന്ന രക്ഷാചരിത്രത്തിൻെറ ക്രമവത്കൃതമായ ചുരുളഴിയലിൽ അത് സാബത്തിൻെറ വ്യാപനവും പൂർണമായ പ്രകാശനവുമാണ്.

60. ഈ വീക്ഷണപ്രകാരം വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ സാബത്തിൻെറ ദൈവശാസ്ത്രത്തെ പൂർണമായി വീണ്ടും കണ്ടെത്താൻ കഴിയും - ഞായറാഴ്ചയുടെ ക്രൈസ്തവസ്വഭാവത്തിൻെറ കാര്യത്തിൽ ഒരുവിധ വിട്ടുവീഴ്ചയും ചെയ്യാതെതന്നെ. ആരംഭത്തിൻെറ രഹസ്യത്തിലേക്ക് എന്നും പുതുതായും അന്യൂനമായ വിസ്മയത്തിലും നമ്മെ നയിക്കുന്ന ദൈവശാസ്ത്രമാണത്. ആരംഭത്തിൽ ദൈവത്തിൻെറ നിത്യവചനം, സ്നേഹത്തിൻെറ സ്വതന്ത്രമായ ഒരു തിരഞ്ഞെടുപ്പിൽ ലോകത്തെ ശൂന്യതയിൽനിന്നു സൃഷ്ടിച്ചു. താൻ "സൃഷ്ടികർമത്തിൽ ചെയ്ത എല്ലാ പ്രവൃത്തികളിൽനിന്നും" (ഉത്പ. 2:3) വിരമിച്ച ദിവസത്തെ ആശീർവദിച്ചുകൊണ്ടും പവിത്രീകരിച്ചുകൊണ്ടും ദൈവം സൃഷ്ടികർമത്തിനു മുദ്രവച്ചു. ദൈവത്തിൻെറ ഈ വിശ്രമദിവസം സമയത്തിനും അർഥം നൽകുന്നു. സമയം ആഴ്ചകളുടെ ഗതിയിൽ കാലമനുസരിച്ചുള്ള ഒരു ക്രമം സ്വീകരിക്കുക മാത്രമല്ല ചെയ്യുന്നത്, പിന്നെയോ, ഒരു വിധത്തിൽ പറഞ്ഞാൽ,

www.malankaralibrary.com



ദൈവശാസ്ത്രപരമായ ഒരു ധ്വനിയും സ്വീകരിക്കുന്നു. സ്വയം അതിൽത്തന്നെ ഒതുങ്ങിക്കൂടുന്ന അപകടമില്ലെന്നു സാബത്തിന്റെ നിരന്തരമായ തിരിച്ചുവരവ് ഉറപ്പു വരുത്തുന്നു. കാരണം ദൈവത്തെയും അവിടുത്തെ സമയങ്ങളെയും - അവിടുത്തെ കൃപയുടെയും രക്ഷാകര പ്രവൃത്തികളുടെയും നിമിഷങ്ങളെയും - സ്വാഗതം ചെയ്തുകൊണ്ട് അതു നിത്യതയിലേക്കു തുറന്നിരിക്കുന്നു.

61. ഏഴാം ദിവസം ദൈവത്താൽ അനുഗ്രഹിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും ചെയ്തു. ആ നിലയിൽ സാബത്ത് സൃഷ്ടികർമ്മം മുഴുവന്റെയും സമാപനമാണ്. അതുകൊണ്ട് ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും (cf. ഉത്പ. 1:26) സൃഷ്ടിച്ച ആറാം ദിവസത്തെ പ്രവൃത്തിയുമായി അതു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. "ദൈവത്തിന്റെ ദിവസ"വും "മനുഷ്യന്റെ ദിവസ"വും തമ്മിലുള്ള ഈ ഉറ്റ ബന്ധം ബൈബിളിലെ സൃഷ്ടികഥയെപ്പറ്റി ധ്യാനിച്ച സഭാപിതാക്കൻമാരുടെ ശ്രദ്ധയിൽപ്പെടാതെ പോയില്ല. ഇതു സംബന്ധിച്ച് വിശുദ്ധ അംബ്രോസ് ഇങ്ങനെ പറയുന്നു: "തനിക്കു വിശ്രമം കണ്ടെത്താവുന്ന ഒരു പ്രവൃത്തി പൂർത്തിയാക്കിയ ദൈവമായ കർത്താവിനു നന്ദി. അവിടുന്നു സ്വർഗം സൃഷ്ടിച്ചു. പക്ഷേ അവിടുന്നു വിശ്രമം കണ്ടെത്തിയതായി ഞാൻ വായിക്കുന്നില്ല. അവിടുന്നു നക്ഷത്രങ്ങളെയും ചന്ദ്രനെയും സൂര്യനെയും സൃഷ്ടിച്ചു. അവയിലും അവിടുന്നു വിശ്രമം കണ്ടതായി ഞാൻ വായിക്കുന്നില്ല. മറിച്ച്, അവിടുന്നു മനുഷ്യനെ സൃഷ്ടിക്കുകയും പാപപ്പൊറുതി നൽകാവുന്ന വ്യക്തിയെ അവനിൽ കണ്ടുകൊണ്ട് അവിടുന്ന് അപ്പോൾ വിശ്രമിക്കുകയും ചെയ്തു."[106]

അതുകൊണ്ട് "ദൈവത്തിന്റെ ദിവസ"വും "മനുഷ്യന്റെ ദിവസ"വും തമ്മിൽ എന്നേക്കും നേരിട്ടുള്ള ബന്ധമുണ്ടായിരിക്കും. "സാബത്തു ദിവസം വിശുദ്ധമായി ആചരിക്കാൻ ഓർമിക്കുക" (പുറ. 20:8) എന്നു ദൈവിക കൽപന അനുശാസിക്കുമ്പോൾ, ദൈവത്തിനു പ്രതിഷ്ഠിതമായ ദിവസത്തെ ആദരിക്കാൻവേണ്ടി കൽപിക്കപ്പെട്ടിട്ടുള്ള വിശ്രമം, മനുഷ്യന്റെമേൽ ചുമത്തിയിട്ടുള്ള ഒരു ഭാരമല്ല; പിന്നെയോ സ്രഷ്ടാവിനോടുള്ള തന്റെ ജീവദായകവും വിമോചനകരവുമായ ആശ്രയത്വത്തെ അംഗീകരിക്കാൻ അവനു നൽകപ്പെടുന്ന സഹായമാണ്. അതേസമയം, അത് സ്രഷ്ടാവിന്റെ പ്രവൃത്തിയിൽ സഹകരിക്കാനും അവിടുത്തെ കൃപാവരം സ്വീകരിക്കാനുമുള്ള വിളിയുമാണ്. ദൈവത്തിന്റെ വിശ്രമത്തെ ആദരിക്കുന്നതിൽ മനുഷ്യൻ പൂർണമായി തന്നെത്തന്നെ കണ്ടെത്തുന്നു.

www.malankaralibrary.com



അങ്ങനെ കർത്താവിൻെറ ദിവസം ദൈവാനുഗ്രഹത്തിൻെറ ആഴത്തിലുള്ള മുദ്ര വഹിക്കുന്നു (cf. ഉത്പ. 2:3). അതിൻെറ ഫലമായി മൃഗങ്ങൾക്കും മനുഷ്യനുതന്നെയും എന്നപോലെ കർത്താവിൻെറ ദിവസത്തിനും ഒരുതരം ഫലസമൃദ്ധി (cf. ഉത്പ. 1:22, 28) കൈവരുന്നുവെന്നു പറയാം. ഈ "ഫലസമൃദ്ധി" സർവോപരി കാണപ്പെടുന്നത് ജീവിതത്തിൻെറ സന്തോഷവും ജീവൻ വളർത്താനും കൈമാറാനുമുള്ള ആഗ്രഹവും സ്ത്രീപുരുഷൻമാരിൽ ആഴപ്പെടുത്തിക്കൊണ്ട് സമയത്തെത്തന്നെ നിറയ്ക്കുന്നതിലും, ഒരർഥത്തിൽ വർധിപ്പിക്കുന്നതിലുമാണ്.

62. ഞായറാഴ്ച, അതു കൊണ്ടുവരുന്ന "പൂർണത"വഴി, യഹൂദ സാബത്തിൻെറ ആചാരങ്ങളെ, അതിശയിക്കുന്നു. അതിനാൽ ആ ആചാരങ്ങൾ അപ്രത്യക്ഷമായി. എന്നാലും, "കർത്തൃദിനം" വിശുദ്ധമായി ആചരിക്കുന്നതിനുള്ള കാരണങ്ങൾ പത്തുകൽപനകളിൽ ആഘോഷപൂർവം രേഖപ്പെടുത്തിയിട്ടുള്ളത് സാധുവായി നിലകൊള്ളുന്നുവെന്ന് ഓർമിക്കുക ക്രൈസ്തവരുടെ കടമയാണ്. ഞായറാഴ്ചയുടെ ദൈവശാസ്ത്രത്തിൻെറയും ആധ്യാത്മികതയുടെയും വെളിച്ചത്തിൽ വീണ്ടും വ്യാഖ്യാനിക്കേണ്ടവയാണെങ്കിലും അവ സാധുവാണ് : "നിൻെറ ദൈവമായ കർത്താവ് കൽപിച്ചതുപോലെ സാബത്തുദിവസം വിശുദ്ധമായി കൊണ്ടാടുക. ആറു ദിവസം അധ്വാനിക്കുകയും എല്ലാ ജോലികളും നിർവഹിക്കുകയും ചെയ്തുകൊള്ളുക. ഏഴാം ദിവസം നിൻെറ ദൈവമായ കർത്താവിൻെറ സാബത്താണ്. അന്ന് ഒരു ജോലിയും ചെയ്യരുത്. നീയോ നിൻെറ മകനോ മകളോ ദാസനോ ദാസിയോ കാളയോ കഴുതയോ മൃഗങ്ങളിലേതെങ്കിലുമോ നിൻെറ പട്ടണത്തിലുള്ള പരദേശിയോ ഒരു ജോലിയും ചെയ്യരുത്. നിന്നെപ്പോലെതന്നെ നിൻെറ ദാസനും ദാസിയും വിശ്രമിക്കട്ടെ. നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിൻെറ ദൈവമായ കർത്താവു തൻെറ കരുത്തുറ്റ കരം നീട്ടി അവിടെനിന്നു നിന്നെ മോചിപ്പിച്ചു കൊണ്ടുവന്നുവെന്നും ഓർമിക്കുക. അതുകൊണ്ട് സാബത്തു ദിനം ആചരിക്കാൻ അവിടുന്നു നിന്നോടു കൽപിച്ചിരിക്കുന്നു" (നിയമാ. 5: 12-15). ഇവിടെ സാബത്താചരണം, ദൈവം തൻെറ ജനത്തിനുവേണ്ടി നിർവഹിച്ച വിമോചനപ്രക്രിയയുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു.

63. ക്രിസ്തു ഒരു പുതിയ "പുറപ്പാട്" സഫലമാക്കാൻ വന്നു. പീഡിതരെ സ്വാതന്ത്ര്യത്തിൽ പുനഃസ്ഥാപിക്കാൻ വന്നു. സാബത്തുദിവസങ്ങളിൽ അവിടുന്ന് അനേകരെ സുഖപ്പെടുത്തി (cf. മത്താ. 12:9-14-ഉം സമാന്തരസുവിശേഷഭാഗങ്ങളും). തീർച്ചയായും അതു കർത്തൃദിന

www.malankaralibrary.com



ത്തെ ലംഘിക്കാനായിരുന്നില്ല. പിന്നെയോ, അതിന്റെ പൂർണമായ അർഥം വ്യക്തമാക്കാനായിരുന്നു: "സാബത്തു മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല" (മർക്കോ. 2:27). തന്റെ ചില സമകാലികർ ബൈബിളിലെ സാബത്തിനു നൽകിയ അങ്ങേയറ്റം അക്ഷരാർഥത്തിലുള്ള വ്യാഖ്യാനങ്ങളെ യേശു എതിർക്കുകയും അതിന്റെ യഥാർഥത്തിലുള്ള അർഥം വികസിപ്പിക്കുകയും ചെയ്തു. അങ്ങനെ ചെയ്തുകൊണ്ട്, "സാബത്തിന്റെ കർത്താവ്" (മർക്കോ. 2:28) എന്ന നിലയിൽ സാബത്തിന് അതിന്റെ വിമോചനപരമായ സ്വഭാവം അവിടുന്നു പുനഃസ്ഥാപിച്ചുകൊടുത്തു. ദൈവത്തിന്റെ അവകാശങ്ങളും മനുഷ്യന്റെ അവകാശങ്ങളും ശ്രദ്ധാപൂർവം സംരക്ഷിച്ചുകൊണ്ടാണ് അവിടുന്ന് ഇതു ചെയ്തത്. അതുകൊണ്ടാണ്, ക്രിസ്തുവിന്റെ രക്തംകൊണ്ടു നേടിയ വിമോചനം പ്രഘോഷിക്കാൻ വിളിക്കപ്പെട്ട ക്രിസ്ത്യാനികൾ, സാബത്തിന്റെ അർഥം ഉയിർപ്പുദിനത്തിലേക്കു മാറ്റാൻ തങ്ങൾക്ക് അധികാരമുണ്ടെന്നു വിചാരിച്ചത്. പീഡിതജനത്തെ ഭാരപ്പെടുത്തുന്ന ഏത് അടിമത്തത്തെക്കാളും മൗലികമായ അടിമത്തത്തിൽനിന്നു ക്രിസ്തുവിന്റെ പെസഹാ മനുഷ്യനെ **വിമോചിപ്പിച്ചു**. മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റുന്നതും മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെടുത്തുന്നതും തിൻമയുടെയും അക്രമത്തിന്റെയും വിത്ത് ചരിത്രത്തിൽ നിരന്തരം വിതയ്ക്കുന്നതുമായ പാപത്തിന്റെ അടിമത്തത്തിൽനിന്ന് അത് അവനെ മോചിപ്പിച്ചു.

## വിശ്രമത്തിന്റെ ദിവസം

64. അനേകം നൂറ്റാണ്ടു കാലത്തേക്ക് ക്രിസ്ത്യാനികൾ ഞായറാഴ്ച ദിവസം ആരാധനയുടെ ദിവസം മാത്രമായി ആചരിച്ചു. സാബത്തു വിശ്രമത്തിന്റെ സവിശേഷമായ അർഥം അതിനു നൽകാൻ അവർക്കു കഴിഞ്ഞില്ല. നാലാം നൂറ്റാണ്ടിലാണ് റോമാ സാമ്രാജ്യത്തിലെ സിവിൽ നിയമം "സൂര്യന്റെ ദിവസം" ജഡ്ജിമാരും നഗരവാസികളും വിവിധ ട്രെയിഡ് കോർപ്പറേഷനുകളും പ്രവർത്തിക്കുകയില്ല എന്നു നിശ്ചയിച്ചുകൊണ്ട് ആഴ്ചയുടെ ആവർത്തനം അംഗീകരിച്ചത്.[107] കർത്താവിന്റെ ദിനം ആചരിക്കുന്നതിനുള്ള തടസം അപ്രകാരം മാറിയതിൽ ക്രിസ്ത്യാനികൾ സന്തോഷിച്ചു. ആ തടസംമൂലം അന്നോളം സാബത്താചരണം ഒരു ധീരസാഹസിക പ്രവൃത്തിയായിരുന്നു. അതു മാറിയതോടെ, അവർക്കു തടസമില്ലാതെ പൊതുപ്രാർഥനയ്ക്ക് ആ ദിവസം വിനിയോഗിക്കാൻ സാധിച്ചുതുടങ്ങി.[108]

www.malankaralibrary.com



അതുകൊണ്ട് ആഴ്ചയുടെ ആവർത്തനക്രമത്തെ സംബന്ധിച്ച ഈ നിയമനിർമാണത്തിൽ കേവലം ചരിത്രപരമായ ഒരു സാഹചര്യമാണുള്ളതെന്നും സഭയെ സംബന്ധിച്ച് അതിനു സവിശേഷമായ പ്രസക്തിയൊന്നുമില്ലെന്നും അത് അവൾക്കു നിഷ്പ്രയാസം മാറ്റിവയ്ക്കാവുന്നതാണെന്നും ചിന്തിക്കുന്നതു പിശകാണ്. റോമാസാമ്രാജ്യത്തിൻെറ അധഃപതനത്തിനുശേഷവും സുനഹദോസുകൾ ഞായറാഴ്ച വിശ്രമത്തെ സംബന്ധിച്ച ക്രമവത്കരണങ്ങൾക്ക് എന്നും ഊന്നൽ നൽകിയിരുന്നു. ക്രിസ്ത്യാനികൾ ന്യൂനപക്ഷമായിരിക്കുകയും പൊതുകലണ്ടറിലെ ആഘോഷദിവസങ്ങൾ ഞായറാഴ്ചകളിൽ വരാതിരിക്കുകയും ചെയ്യുന്ന രാജ്യങ്ങളിലും ഞായറാഴ്ചതന്നെയാണു കർത്താവിൻെറ ദിവസം; വിശ്വാസികൾ കുർബാനസമ്മേളനത്തിന് ഒന്നിച്ചുവരുന്നദിവസം അതുതന്നെയാണ്. പക്ഷേ, അങ്ങനെ ചെയ്യുന്നതിനു യഥാർഥത്തിൽ ത്യാഗങ്ങൾ സഹിക്കേണ്ടിവരും. ക്രിസ്ത്യാനികൾക്കു സന്തോഷപൂർവകമായ ആഘോഷത്തിൻെറ ദിവസമായ ഞായറാഴ്ച സ്വാഭാവികമായി വിശ്രമദിവസംകൂടിയാണ്. വേണ്ടത്ര ഒഴിവുസമയമില്ലെങ്കിൽ അവർക്കു ഞായറാഴ്ചദിവസം വിശുദ്ധമായി ആചരിക്കുവാൻ പറ്റുകയുമില്ല.

65. ഇതിൽനിന്നു വ്യത്യസ്തമായി, കർത്തൃദിനവും സിവിൽ സമൂഹത്തിലെ വിശ്രമദിവസവും തമ്മിലുള്ള ബന്ധത്തിനു തികച്ചും ക്രൈസ്തവമായ വീക്ഷണത്തിനപ്പുറത്തുള്ള, ഒരർഥവും പ്രാധാന്യവുമുണ്ട്. തൊഴിലും വിശ്രമവും മാറിമാറിയുണ്ടാവുകയെന്നതു മനുഷ്യപ്രകൃതിയിൽത്തന്നെയുള്ളതും ദൈവത്താൽത്തന്നെ നിശ്ചയിക്കപ്പെട്ടതുമാണ്. ഉത്പത്തിപുസ്തകത്തിലെ സൃഷ്ടികഥയിൽ അതു വ്യക്തമായി കാണാം (cf. 2:2-3; പുറ. 20:8-11). വിശ്രമം "വിശുദ്ധമായ ഒന്നാണ്. എന്തെന്നാൽ, എല്ലാം ദൈവത്തിൻെറ പ്രവൃത്തിയാണെന്ന തൻെറ ബോധം പുതുക്കുന്നതിനുവേണ്ടി ചിലപ്പോൾ അത്യധികം കഷ്ടപ്പെടുത്തുന്ന ഭൗമിക തൊഴിലുകളുടെ ആവർത്തന ചക്രത്തിൽനിന്ന് മനുഷ്യൻ പിൻമാറുന്ന രീതിയാണത്. ദൈവം മനുഷ്യനു സൃഷ്ടിയുടെമേൽ വിസ്മയനീയമായ ശക്തി നൽകിയിരിക്കുന്നു. എല്ലാം ആരെ ആശ്രയിച്ചിരിക്കുന്നുവോ ആ സ്രഷ്ടാവു ദൈവമാണ് എന്ന വസ്തുത മറക്കാൻ അത് അവനെ പ്രേരിപ്പിച്ചേക്കാം. അങ്ങനെ ഒരപകടസാധ്യതയുണ്ട്. ഈ ആശ്രയത്വത്തെ തിരിച്ചറിയുക നമ്മുടെ കാലഘട്ടത്തിൽ വളരെ അത്യാവശ്യമാണ്. കാരണം, മനുഷ്യൻ തൻെറ തൊഴിലിലൂടെ ചെലുത്തുന്ന ശക്തിയെ ശാസ്ത്രവും സാങ്കേതികവിദ്യയും അവിശ്വസനീയമാംവിധം വർധിപ്പിച്ചിട്ടുണ്ട്.

www.malankaralibrary.com



66. അവസാനമായി, ഇക്കാലത്തും പലരെയും സംബന്ധിച്ചിടത്തോളം തൊഴിൽ ഏറെ പീഡനാത്മകമാണെന്ന കാര്യം മറക്കരുത്. പരിതാപകരമായ തൊഴിൽസാഹചര്യങ്ങളും തൊഴിൽസമയത്തിൻെറ ദൈർഘ്യവുംകൊണ്ട് തൊഴിൽ പീഡനാത്മകമാകുന്നു. ലോകത്തിൽ ദാരിദ്ര്യം കുടുതലുള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച്, അങ്ങനെ സംഭവിക്കുന്നുണ്ട്. അല്ലെങ്കിൽ സാമ്പത്തികമായി കൂടുതൽ പുരോഗതി പ്രാപിച്ച സമൂഹങ്ങളിൽ അനീതിയുടെയും മനുഷ്യൻെറ പരസ്പരചൂഷണത്തിൻെറയും വളരെയേറെ സംഭവങ്ങൾ ഉണ്ടാകുന്നതുകൊണ്ട് തൊഴിൽ പീഡനാത്മകമാകുന്നുണ്ട്. സഭ നൂറ്റാണ്ടുകളിലൂടെ ഞായറാഴ്ചവിശ്രമത്തെ സംബന്ധിച്ച നിയമങ്ങൾ ഉണ്ടാക്കിയപ്പോൾ[109] സർവോപരി, വേലക്കാരുടെയും തൊഴിലാളികളുടെയും കാര്യം ഓർമിച്ചിരുന്നു. തീർച്ചയായും ഞായറാഴ്ചയാചരണത്തിൻെറ ആധ്യാത്മികാവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത്തരം ജോലി ഏതെങ്കിലും വിധത്തിൽ വിലകുറഞ്ഞതായതുകൊണ്ടല്ല അങ്ങനെ ചെയ്തത്. പിന്നെയോ, ഇത്തരം ജോലിയുടെ ഭാരം കുറയ്ക്കാനും അങ്ങനെ സകലരും കർത്തൃദിനം ആചരിക്കാനും കുടുതൽ കർശനമായ നിയമം ആവശ്യമായിരുന്നതുകൊണ്ടാണ്. ഈ വിഷയത്തെ സംബന്ധിച്ച്, എൻെറ മുൻഗാമി ലെയോ പതിമൂന്നാമൻ മാർപാപ്പാ "റേരും നൊവാരും" എന്ന ചാക്രിക ലേഖനത്തിൽ തൊഴിലാളിക്കു രാഷ്ടം ഉറപ്പു വരുത്തേണ്ട അവകാശമാണ് ഞായറാഴ്ച വിശ്രമം എന്നു പ്രസ്താവിച്ചിരുന്നു".[110]

മനുഷ്യമഹത്ത്വം ആവശ്യപ്പെടുന്ന സ്വാതന്ത്ര്യവും വിശ്രമവും ഓരോരുത്തനും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക നമ്മുടെ ചരിത്രസാഹചര്യത്തിലും ഒരു കടമയായി നിലകൊള്ളുന്നു. ആ സ്വാതന്ത്ര്യത്തോടും വിശ്രമത്തോടും ബന്ധപ്പെട്ടിട്ടുള്ള മതപരവും കുടുംബപരവും സാംസ്കാരികവും വ്യക്ത്യന്തരബന്ധപരവുമായ ആവശ്യങ്ങളും നിർവഹിക്കുവാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. വിശ്രമിക്കാനും ആഘോഷിക്കാനും ആളുകൾക്കു കഴിയുന്ന ഒരു ദിവസം ആഴ്ചയിലൊരിക്കൽ ലഭിച്ചില്ലെങ്കിൽ അവ നിർവഹിക്കാൻ പ്രയാസമാണ്. സ്വാഭാവികമായും വിശ്രമിക്കാനുള്ള തൊഴിലാളികളുടെ അവകാശത്തിൻെറ മുൻവ്യവസ്ഥയാണ് തൊഴിൽ ചെയ്യാനുള്ള അവകാശം. അതുകൊണ്ട് ഞായറാഴ്ചയെ സംബന്ധിച്ച ക്രൈസ്തവധാരണയെപ്പറ്റി ചിന്തിക്കുമ്പോൾ തൊഴിലില്ലായ്മമൂലം തൊഴിൽ ദിവസങ്ങളിൽപ്പോലും നിഷ്ക്രിയരായിരിക്കാൻ നിർബന്ധിതരാവുന്ന അസംഖ്യം സ്ത്രീപുരുഷൻമാരു

www.malankaralibrary.com



ടെ ക്ലേശത്തെക്കുറിച്ച്, ദൃഢൈക്യത്തിൻെറ അഗാധമായ ബോധത്തോടെ നമുക്ക് ഓർമിക്കാതിരിക്കാൻ വയ്യാ.

67. ഞായറാഴ്ച വിശ്രമത്തിലൂടെ അനുദിനമുള്ള താത്പര്യങ്ങൾക്കും കടമകൾക്കും അവയുടെ ശരിയായ വീക്ഷണം കണ്ടെത്താനാവുന്നു. നമ്മുടെ ആകുലതയ്ക്കു വിഷയമായ ഭൗതിക വസ്തുക്കൾ ആധ്യാത്മിക മൂല്യങ്ങൾക്കു വഴിമാറുന്നു. കണ്ടുമുട്ടലിലൂടെ, സമ്മർദം കുറഞ്ഞ ആശയവിനിമയത്തിലൂടെ, സഹജീവികളുടെ യഥാർഥമുഖം നാം കാണുന്നു. ചൂഷണം ചെയ്യാനുള്ള മനുഷ്യൻെറ ആഗ്രഹംകൊണ്ടു മിക്കപ്പോഴും വികലമാക്കപ്പെടുകയും മനുഷ്യനെതിരേതന്നെ തിരിയുകയും ചെയ്യുന്ന പ്രകൃതിയുടെ സൗന്ദര്യംപോലും വീണ്ടും കണ്ടെത്തുകയും പൂർണമായി ആസ്വദിക്കുകയും ചെയ്യാം. മനുഷ്യൻ ദൈവത്തോടും തന്നോടുതന്നെയും മറ്റുള്ളവരോടും സമാധാനത്തിൽ കഴിയുന്ന ദിവസമെന്ന നിലയിൽ ഞായറാഴ്ച ദിവസം, ആളുകൾക്കു പ്രപഞ്ചത്തിൻെറ വിസ്മയനീയവും രഹസ്യാത്മകവുമായ ഐക്യത്താൽ ഗ്രസിക്കപ്പെടുന്നതിനു തങ്ങളെത്തന്നെ അനുവദിച്ചുകൊണ്ട്, പ്രകൃതിയുടെ വിസ്മയങ്ങളെ പുതുതായി നോക്കിക്കാണുന്നതിനുള്ള ഒരവസരമായിത്തീരുന്നു. ഈ ഐക്യം, വിശുദ്ധ അംബ്രോസിൻെറ വാക്കുകളിൽ പറഞ്ഞാൽ പ്രപഞ്ചത്തിൻെറ വിവിധ ഘടകങ്ങളെ "സംസർഗത്തിൻെറയും സമാധാനത്തിൻെറയും" ബന്ധത്തിൽ "ഐക്യത്തിൻെറയും സ്നേഹത്തിൻെറയും അഭേദ്യമായ നിയമത്താൽ" കൂട്ടിയിണക്കുന്ന ഐക്യമാണ്. മനുഷ്യർ അപ്പോൾ അഗാധതരമായ ഒരു ബോധത്തിലേക്ക്, പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ, എത്തിച്ചേരുന്നു: "ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതാണ്. കൃതജ്ഞതാപൂർവമാണു സ്വീകരിക്കുന്നതെങ്കിൽ ഒന്നും നാം നിരാകരിക്കേണ്ടതില്ല. എന്തെന്നാൽ അവ ദൈവവചനത്താലും പ്രാർഥനയാലും വിശുദ്ധീകരിക്കപ്പെടുന്നു" (1 തിമോ. 4:4-5). ആറു ദിവസത്തെ ജോലിക്കുശേഷം (പലരെയും സംബന്ധിച്ചിടത്തോളം അഞ്ചു ദിവസത്തെ ജോലിക്കുശേഷം) ആളുകൾ വിശ്രമിക്കാനും തങ്ങളുടെ ജീവിതത്തിൻെറ മറ്റു വശങ്ങളിലേക്കു തിരിഞ്ഞുനോക്കാനും സമയം അന്വേഷിക്കുന്നുവെങ്കിൽ അത് സുവിശേഷ സന്ദേശത്തിൻെറ ദർശനത്തിനു തികച്ചും യോജിച്ച യഥാർഥമായ ഒരാവശ്യത്തിന് അനുഗുണമായ പ്രവൃത്തിയാണ്. അതുകൊണ്ട് കർത്തൃദിനത്തിൻെറ ആഘോഷത്തിലും പവിത്രീകരണത്തിലുംപ്രകടമാക്കപ്പെടുന്നതുപോലുള്ള അവരുടെ വൈയക്തികവും സാമൂഹികവുമായ വിശ്വാസത്തിൻെറ പ്രകാശനത്തിനു ചേർന്ന വിധം, ഈ ആവശ്യം നിറവേറ്റാൻ വിശ്വാസികൾ വിളിക്കപ്പെടുന്നു.

www.malankaralibrary.com



ആകയാൽ നമ്മുടെ കാലഘട്ടത്തിൻെറ പ്രത്യേക സാഹചര്യങ്ങളിലും ഞായറാഴ്ച വിശുദ്ധമായി ആചരിക്കാനുള്ള തങ്ങളുടെ കടമയെ സിവിൽ നിയമനിർമാണം മാനിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ക്രൈസ്തവർ സ്വാഭാവികമായും പരിശ്രമിക്കും. എന്തൊക്കെയായാലും, കുർബാനയിൽ പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ ഞായറാഴ്ചവിശ്രമം ക്രമപ്പെടുത്താൻ ക്രിസ്ത്യാനികൾ മനഃസാക്ഷിപ്രകാരം കടപ്പെട്ടിരിക്കുന്നു. കർത്തൃദിനത്തിൻെറ പവിത്രീകരണത്തിനു ചേരാത്ത തൊഴിലിൽ നിന്നും പ്രവർത്തനങ്ങളിൽനിന്നും പിൻമാറി, ആ ദിനത്തിൻെറ സഹജമായ സന്തോഷത്തോടും ആത്മാവിനും ശരീരത്തിനും ആവശ്യകമായ വിശ്രമത്തോടുംകൂടെ അതിൽ പങ്കെടുക്കാൻ കഴിയുംവിധം അതു ക്രമപ്പെടുത്താൻ ക്രിസ്ത്യാനികൾ കടപ്പെട്ടിരിക്കുന്നു.[112]

68. വിശ്രമം ശൂന്യതയോ മുഷിപ്പോ ആയി തരംതാഴാതിരിക്കണം. അതിനായി അത് ആധ്യാത്മികസമ്പന്നതയും, കൂടുതൽ സ്വാതന്ത്ര്യവും സഹോദരപരമായ സംസർഗത്തിനും ധ്യാനത്തിനും വേണ്ട സന്ദർഭങ്ങളും നൽകുന്നതായിരിക്കണം. അതുകൊണ്ട് സമൂഹം നൽകുന്ന സാംസ്കാരികവും ഉല്ലാസപരവുമായ പരിപാടികളെ സംബന്ധിച്ച് വിശ്വാസികൾ ഒരു തിരഞ്ഞെടുപ്പു നടത്തണം. സുവിശേഷ നിയമങ്ങൾക്കു ചേർന്ന ഒരു ജീവിതത്തിന് ഏറ്റവും അനുഗുണമായവ അവർ തിരഞ്ഞെടുക്കണം. അപ്പോൾ ഞായറാഴ്ച വിശ്രമം പ്രവാചകപരമായിത്തീരും. ദൈവത്തിൻെറ കേവലമായ പരമാധികാരത്തെ മാത്രമല്ല, പിന്നെയോ, സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തിൻെറ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിക്കുള്ള പ്രാഥമ്യത്തെയും മഹത്ത്വത്തെയും ഉറപ്പിച്ചു പറഞ്ഞുകൊണ്ടും ആവശ്യങ്ങളുടെ അടിമത്തത്തിൽനിന്നുള്ള വിമോചനം അന്തിമവും പൂർണവുമായിത്തീരുന്ന "പുതിയ ആകാശത്തിൻെറയും പുതിയ ഭൂമിയുടെയും" മുന്നാസ്വാദനം, ഒരർഥത്തിൽ, യഥാർഥമാക്കിക്കൊണ്ടും "പ്രവചനസ്വഭാവം" ഉള്ളതായിത്തീരും. ചുരുക്കത്തിൽ, കർത്താവിൻെറ ദിവസം അങ്ങനെ, ഏറ്റവും ശരിയായ അർഥത്തിൽ മനുഷ്യൻെറ ദിവസവും കൂടി ആയിത്തീരും.

## ദൃഢൈക്യത്തിൻെറ ദിനം

69. കാരുണ്യത്തിൻെറയും സ്നേഹത്തിൻെറയും പ്രേഷിതവൃത്തിയുടെയും പ്രവൃത്തികൾ ചെയ്യാനുള്ള സന്ദർഭംകൂടി വിശ്വാസികൾക്കു ഞായറാഴ്ചദിവസം ലഭിക്കണം. ഹൃദയത്തിൻെറ അഗാധതലത്തിൽ ഉത്ഥി

www.malankaralibrary.com



തനായ കർത്താവിന്റെ സന്തോഷത്തിൽ പങ്കുചേരുക എന്നതിന് അവിടുത്തെ ഹൃദയത്തിൽ തുടിക്കുന്ന സ്നേഹത്തിൽ പൂർണമായി പങ്കുചേരുക എന്നാണ് അർഥം. സ്നേഹമില്ലാതെ സന്തോഷമില്ല. പുതിയ കൽപനയിൽ സന്തോഷമെന്ന ദാനവുമായി ബന്ധിപ്പിച്ചുകൊണ്ട് യേശുതന്നെ ഇതു വിവരിക്കുന്നുണ്ട് : "ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും. ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടിയാണ്. ഇതാണ് എന്റെ കൽപന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹ. 15:10-12).

അതുകൊണ്ട് ഞായറാഴ്ചക്കുർബാന വിശ്വാസികളെ സ്നേഹപ്രവൃത്തികൾക്കുള്ള കടമയിൽനിന്ന് ഒഴിവാക്കുന്നില്ല. എന്നുമാത്രമല്ല, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രേഷിതത്വത്തിന്റെയും സകല ജോലികളും ചെയ്യാൻ അവരെ പൂർവോപരി പ്രതിജ്ഞാബദ്ധരാക്കുകകൂടി ചെയ്യുന്നു. ആ പ്രവൃത്തികൾ വഴി ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ഈ ലോകത്തിന്റേതല്ലെങ്കിലും ഈ ലോകത്തിന്റെ പ്രകാശമാണെന്നും അവർ മനുഷ്യരുടെ സാന്നിധ്യത്തിൽ പിതാവിനു മഹത്ത്വം നൽകുന്നുവെന്നും വ്യക്തമാകും".[113]

70. അപ്പസ്തോലൻമാരുടെ കാലം മുതൽ വാസ്തവത്തിൽ, ഞായറാഴ്ചസമ്മേളനം ക്രൈസ്തവർക്കു പാവങ്ങളുമായുള്ള സഹോദര നിർവിശേഷമായ പങ്കുചേരലിന്റെ അവസരമായിരുന്നു. യൂദയായിലെ പാവപ്പെട്ട സഭകൾക്കുവേണ്ടി പിരിവെടുക്കുന്നതു സംബന്ധിച്ച് വിശുദ്ധ പൗലോസ് ഇങ്ങനെ പറയുന്നു : "നിങ്ങൾ ഓരോരുത്തരും കഴിവനുസരിച്ചുള്ള തുക ആഴ്ചയിലെ ആദ്യ ദിവസം നീക്കിവയ്ക്കണം" (1 കോറി. 16:12). ഞായറാഴ്ചക്കുർബാനയിൽ, സഭയുടെ എല്ലാ വശങ്ങളെയും ആശ്ലേഷിക്കുന്നതിന് വിശ്വസിക്കുന്ന ഹൃദയം മലർക്കെ തുറക്കുന്നു. എന്നാൽ ശ്ലീഹായുടെ ആഹ്വാനത്തിന്റെ പൂർണമായ വ്യാപ്തി നാം അംഗീകരിക്കേണ്ടതുണ്ട്. "ദാനം" നൽകലിന്റേതായ ഇടുങ്ങിയ മനോഭാവം സൃഷ്ടിക്കാൻ ശ്രമിക്കാതെ നിർബന്ധപൂർവകമായ പങ്കുചേരൽ സംസ്കാരം വളർത്താനാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. ഇത് ക്രൈസ്തവ സമൂഹത്തിലെ അംഗങ്ങളുടെ ജീവിതത്തിൽ മാത്രമല്ല, സമൂഹം മുഴുവന്റെയും ജീവിതത്തിൽ യഥാർഥമായിത്തീരണം. "കർത്താവിന്റെ തിരുവത്താ

www.malankaralibrary.com



ഴ"ത്തോടനുബന്ധിച്ചുള്ള സഹോദരപരമായ സ്നേഹവിരുന്നിൽ (Agape) പാവങ്ങളെ അവഹേളിക്കുക എന്ന കുറ്റം ചെയ്ത കോറിന്തിലെ സമൂഹത്തിന് പൗലോസ് നൽകുന്ന കർശനമായ മുന്നറിയിപ്പിന് എന്നത്തെക്കാളേറെ ശ്രദ്ധാപൂർവം ഇന്നു വീണ്ടും നാം ചെവികൊടുക്കേണ്ടതുണ്ട്. "നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ കർത്താവിൻെറ അത്താഴമല്ല നിങ്ങൾ ഭക്ഷിക്കുന്നത്. കാരണം, ഓരോരുത്തരും നേരത്തേതന്നെ സ്വന്തം ഭക്ഷണം കഴിക്കുന്നു. തത്ഫലമായി ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉൻമത്തനായും ഇരിക്കുന്നു. എന്ത്? തിന്നാനും കുടിക്കാനും നിങ്ങൾക്കു വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിൻെറ സഭയെ അവഗണിക്കുകയും ഒന്നും ഇല്ലാത്തവരെ അവഹേളിക്കുകയും ചെയ്യുന്നുവോ?" (1 കോറി. 11:20-22). ഇതുപോലെതന്നെ ശക്തമായ ഭാഷയിൽ വി. യാക്കോബും എഴുതുന്നു: "നിങ്ങളുടെ സംഘത്തിലേക്ക് സ്വർണമോതിരമണിഞ്ഞ മോടിയുള്ള വസ്ത്രം ധരിച്ച ഒരുവനും മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു ദരിദ്രനും പ്രവേശിക്കുന്നുവെന്നിരിക്കട്ടെ. നിങ്ങൾ മോടിയായി വസ്ത്രം ധരിച്ചവനെ നോക്കി ഇവിടെ സുഖമായി ഇരിക്കുക എന്നു പറയുന്നു. പാവപ്പെട്ടവനോട് അവിടെ നിൽക്കുക എന്നോ, എൻെറ പാദപീഠത്തിനടുത്ത് ഇരിക്കുക എന്നോ പറയുന്നു. അപ്പോൾ നിങ്ങൾ നിങ്ങളിൽത്തന്നെ വിവേചനം കാണിക്കുകയും ദുഷ്ടവിചാരങ്ങൾ പുലർത്തുന്ന വിധികർത്താക്കളാവുകയുമല്ലേ ചെയ്യുന്നത്?" (2:2-4).

71. അപ്പസ്തോലൻമാരുടെ ഈ പ്രബോധനങ്ങൾ, ആദിമ നൂറ്റാണ്ടുമുതൽതന്നെ അനുഭാവപൂർണമായ പ്രതികരണമാണുളവാക്കിയത്. സഭാപിതാക്കൻമാരുടെ പ്രസംഗങ്ങൾ അവയെ ശക്തമായി പ്രതിധ്വനിപ്പിച്ചു. ദരിദ്രരുമായി വസ്തുവകകൾ പങ്കുവയ്ക്കാതെ ചിലപ്പോൾ അവരെ ചൂഷണം ചെയ്യുകപോലും ചെയ്തിട്ട് പള്ളിയിൽ പോകുന്നതുവഴി തങ്ങളുടെ മതപരമായ കടമകൾ നിർവഹിച്ചുവെന്നു വിചാരിച്ചിരുന്ന സമ്പന്നർക്കെതിരേ തീ പാറുന്ന വാക്കുകളാണ് വിശുദ്ധ അംബ്രോസ് തൊടുത്തുവിടുന്നത്: "സമ്പന്നരേ, കർത്താവായ ദൈവം പറയുന്നതു നിങ്ങൾ കേൾക്കുന്നില്ലേ? എന്നിട്ടും ദരിദ്രർക്കു കൊടുക്കാൻവേണ്ടിയല്ല, മറിച്ച് അവരിൽനിന്ന് എടുക്കാൻവേണ്ടി നിങ്ങൾ പള്ളിയിൽ വരുന്നു".[115] വിശുദ്ധ ജോൺ ക്രിസോസ്തോം ഇതുപോലെതന്നെ നിർബന്ധിക്കുന്നു: "കർത്താവിൻെറ ശരീരത്തെ ബഹുമാനിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? അവിടുന്നു നഗ്നനായിരിക്കുമ്പോൾ അവിടുത്തെ അവഗണിക്കരുത്. പള്ളിക്കു പുറത്ത് അവിടുന്നു തണുപ്പും നഗ്നതയും സഹിക്കു

www.malankaralibrary.com



മ്പോൾ അവിടുത്തെ അവഗണിക്കാൻവേണ്ടി മാത്രം, അവിടുന്നു പള്ളിയിൽ സിൽക്ക് ഉടുത്തിരിക്കുമ്പോൾ നിങ്ങൾ അവിടുത്തെ ബഹുമാനിക്കരുത്. 'ഇത് എൻെറ ശരീരമാകുന്നു' എന്നു പറഞ്ഞവൻതന്നെയാണ് 'എന്നെ വിശക്കുന്നവനായി നീ കണ്ടിട്ട് എനിക്കു ഭക്ഷണം തന്നില്ല' എന്നും 'എൻെറ സഹോദരരിൽ ഏറ്റവും എളിയവർക്ക് നീ ചെയ്തതെല്ലാം എനിക്കാണു ചെയ്തത്' എന്നും പറഞ്ഞത്..... അവിടുന്നു വിശപ്പുകൊണ്ടു മരിക്കുമ്പോൾ ബലിപീഠം സ്വർണക്കാസകളാൽ അമിതഭാരമുള്ളതാക്കിത്തീർക്കുന്നതുകൊണ്ട് എന്തു നൻമയാണുള്ളത്? "അവിടുത്തെ വിശപ്പു ശമിപ്പിച്ചു തുടങ്ങുക. എന്നിട്ടു ബാക്കിയുള്ളതുകൊണ്ട് അൾത്താര അലങ്കരിക്കാൻ ശ്രമിക്കുക".[116]

ഈ വാക്കുകൾ ക്രൈസ്തവ സമൂഹത്തെ ഒരു കടമയെപ്പറ്റി ഫലപ്രദമായി ഓർമിപ്പിക്കുന്നു : കുർബാനയെ സാഹോദര്യം പ്രായോഗിക ദൃഢൈക്യമായിത്തീരുന്ന, അവസാനമുള്ളവർ സഹോദരങ്ങളുടെ മനസിലും ശ്രദ്ധയിലും പ്രഥമഗണനീയരായിത്തീരുന്ന, ദരിദ്രർക്കു സമ്പന്നർ നൽകുന്ന ഉദാരമായ ദാനങ്ങൾവഴി ക്രിസ്തുതന്നെ അപ്പം വർധിപ്പിക്കൽ എന്ന വിസ്മയകൃത്യം ഒരു വിധത്തിൽ കാലികമായി ദീർഘിപ്പിക്കുന്ന, വേദിയായി മാറ്റുന്നതിനുള്ള കടമയെപ്പറ്റി.[117]

72. കുർബാന യഥാർഥ സാഹോദര്യത്തിൻെറ സംഭവവും പദ്ധതിയുമാണ്. ഞായറാഴ്ചക്കുർബാനയിൽനിന്ന് സ്നേഹത്തിൻെറതരംഗം ഒഴുകുന്നു - വിശ്വാസികളുടെ ജീവിതത്തിലാകെ വ്യാപിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള തരംഗം. ഞായറാഴ്ചയുടെ ബാക്കി സമയം മുഴുവനും അവർ ജീവിക്കേണ്ട രീതിയെ പ്രചോദിപ്പിച്ചുകൊണ്ട് അതു തുടങ്ങുന്നു. ഞായറാഴ്ച സന്തോഷത്തിൻെറ ദിവസമാണെങ്കിൽ, "തനിച്ചു" സന്തോഷിക്കാൻ കഴിയുകയില്ലെന്ന് ക്രിസ്ത്യാനികൾ തങ്ങളുടെ യഥാർഥ പെരുമാറ്റംവഴി പ്രഖ്യാപിക്കണം. തങ്ങളുടെ സഹായം ആവശ്യമുള്ളവരുണ്ടോയെന്ന് അവർ ചുറ്റും നോക്കുന്നു. അവരുടെ അയൽപക്കത്തോ അവർ അറിയുന്നവരുടെയിടയിലോ രോഗികളോ വൃദ്ധൻമാരോ കുട്ടികളോ പരദേശികളോ ഉണ്ടായിരിക്കും. അവർ പ്രത്യേകിച്ച്, ഞായറാഴ്ചകളിൽ തീവ്രമായ ഏകാന്തതയും ആവശ്യങ്ങളും ദുരിതവും അനുഭവിക്കുന്നവരായിരിക്കും. ഇത്തരക്കാരോടുള്ള സമർപ്പണത്തിന് സാന്ദർഭികമായി ഞായറാഴ്ചകളിൽ ചെയ്യുന്ന പ്രവൃത്തികൾ പോരാ എന്നതു സത്യംതന്നെ. എന്നാൽ സമർപ്പണത്തിൻെറ കൂടുതൽ വിശാലമായ അർഥം സ്വീകരിച്ചുകൊണ്ടുതന്നെ കർത്തൃദിനത്തെ കൂടുതൽ തീവ്രമായ പങ്കുവയ്ക്കലി

www.malankaralibrary.com



ന്റെ ദിവസമാക്കിക്കൂടെ? ക്രൈസ്തവ സ്നേഹത്തിനു സാധ്യമായ സർഗാത്മക വൈഭവത്തെയാകെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യരുതോ? ഒറ്റയ്ക്കു കഴിയുന്നവരെ ഭക്ഷണത്തിനു ക്ഷണിക്കുക, രോഗികളെ സന്ദർശിക്കുക, ദരിദ്രകുടുംബങ്ങൾക്കു ഭക്ഷണം നൽകുക, സ്വയം പ്രേരിത ജോലികളിലും ദ്യൈക്യത്തിന്റെ പ്രവൃത്തികളിലും കുറച്ചു സമയം ചെലവിടുക എന്നിവ, അൾത്താരയിൽനിന്നു സ്വീകരിച്ച ക്രിസ്തുവിന്റെ സ്നേഹത്തെ തീർച്ചയായും ജനങ്ങളുടെ ജീവിതങ്ങളിലേക്ക് എത്തിക്കാനുള്ള വഴികളാണ്.

73. ഇപ്രകാരം ജീവിച്ചാൽ ഞായറാഴ്ചക്കുർബാന മാത്രമല്ല, ഞായറാഴ്ച ദിവസം മുഴുവനും സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും ഒരു മഹാപാഠശാലയായിത്തീരും. തന്റെ ജനത്തിന്റെയിടയിലുള്ള ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം ദ്യൈക്യത്തിന്റെ ഉറപ്പും ആന്തരിക നവീകരണത്തിനുള്ള പ്രേരകശക്തിയും ആയിത്തീരുന്നു. വ്യക്തികളും സമൂഹങ്ങളും ചിലപ്പോൾ ജനത മുഴുവനും ഉൾപ്പെട്ടിരിക്കുന്ന പാപത്തിന്റെ വ്യവസ്ഥിതികളെ തകർക്കാനുള്ള പ്രചോദനവുമായിത്തീരുന്നു. ക്രൈസ്തവഞായറാഴ്ച ഒരു ഒളിച്ചോട്ടമേ അല്ല. അത് കാലത്തിൽത്തന്നെ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഒരു "പ്രവചനമാണ്." "ദരിദ്രരെ സുവിശേഷം അറിയിക്കാനും..... ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാനും" (ലൂക്കാ 4:18-19) വന്നവന്റെ കാലടികളെ പിന്തുടരാൻ വിശ്വാസികളെ കടപ്പെടുത്തുന്ന പ്രവചനമാണ്. ഞായറാഴ്ചയിലെ ഈസ്റ്റർ അനുസ്മരണത്തിൽ വിശ്വാസികൾ ക്രിസ്തുവിൽനിന്നു പഠിക്കുന്നു:"ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" (യോഹ. 14:27) എന്ന അവിടുത്തെ വാഗ്ദാനം ഓർമിച്ചുകൊണ്ട് അവർ സമാധാനത്തിന്റെ ശിൽപികളായിത്തീരുകയും ചെയ്യുന്നു.

www.malankaralibrary.com

അധ്യായം അഞ്ച്

# ദിവസങ്ങളുടെ ദിവസം

## ഞായറാഴ്ച : സമയത്തിൻെറ അർത്ഥം വെളിപ്പെടുത്തുന്ന ആദിമ തിരുനാൾ

### ക്രിസ്തു സമയത്തിൻെറ ആൽഫയും ഒമേഗയും

74. ക്രിസ്തുമതത്തിൽ സമയത്തിനു മൗലിക പ്രാധാന്യമുണ്ട്. സമയത്തിൻെറ പരിമിതിക്കുള്ളിൽ ലോകം സൃഷ്ടിക്കപ്പെട്ടു. രക്ഷാകരചരിത്രം മനുഷ്യാവതാരത്തിൻെറ "സമയത്തിൻെറ തികവിൽ" അതിൻെറ മൂർധന്യം കണ്ടെത്തിക്കൊണ്ടും യുഗാന്ത്യത്തിലുള്ള മനുഷ്യപുത്രൻെറ മഹത്ത്വപൂർണമായ പുന:രാഗമനത്തിൽ ലക്ഷ്യം കണ്ടെത്തിക്കൊണ്ടും സമയത്തിൽ വികസിക്കുന്നു. വചനം മാംസമായിത്തീർന്ന യേശുക്രിസ്തുവിൽ അതു നിത്യനായ ദൈവത്തിൻെറ ഒരു മാനമായിത്തീരുന്നു".[118]

പുതിയനിയമത്തിൻെറ വെളിച്ചത്തിൽ, ക്രിസ്തു ലോകത്തിൽ ജീവിച്ച വർഷങ്ങൾ സമയത്തിൻെറ കേന്ദ്രബിന്ദുവായിത്തീരുന്നു. ഈ കേന്ദ്രബിന്ദു ഉത്ഥാനത്തിൽ അതിൻെറ പരമകോടിയിലെത്തുന്നു. യേശു കന്യകാമറിയത്തിൻെറ ഉദരത്തിൽ ഉരുവായ നിമിഷം മുതൽ മനുഷ്യനായിത്തീർന്ന ദൈവമാണെന്നതു ശരിതന്നെ. എന്നാൽ ഉത്ഥാനത്തിൽ മാത്രമാണ് അവിടുത്തെ മുഴുവൻ മനുഷ്യത്വവും രൂപാന്തരപ്പെടുകയും മഹത്ത്വീകൃതമാവുകയും ചെയ്തത്. അങ്ങനെ, അവിടുത്തെ ദൈവികമായ തനിമയുടെയും മഹത്ത്വത്തിൻെറയും പൂർണത വെളിവാക്കപ്പെട്ടു. പൗലോസ്ശ്ലീഹാ അന്ത്യോക്യായിലെ പിസിദിയായിലുള്ള സിനഗോഗിൽ വച്ചു നടത്തിയ പ്രസംഗത്തിൽ, രണ്ടാം സങ്കീർത്തനത്തിലെ വാക്കുകൾ ക്രിസ്തുവിൻെറ ഉത്ഥാനത്തെ സംബന്ധിച്ച് ഉദ്ധരിക്കുന്നുണ്ട് : "നീ എൻെറ പുത്രനാണ്. ഇന്നു ഞാൻ നിനക്കു ജൻമം നൽകി" (വാ. 7). ഇക്കാരണത്താലാണ് സഭ ഈസ്റ്റർ ജാഗരണത്തിൽ ഉത്ഥിതനായ ക്രിസ്തുവിനെ, 'ആദിയും അന്ത്യവും, ആൽഫയും ഒമേഗയും' എന്ന് ഉദ്ഘോഷിക്കുന്നത്. നിലവിലുള്ള വർഷം രേഖപ്പെടുത്തിയ പെസഹാത്തിരി

www.malankaralibrary.com



സജ്ജീകരിക്കുമ്പോൾ കാർമികൻ പറയുന്ന വാക്കുകളാണിവ. ഈ വാക്കുകൾ താഴെ പറയുന്ന വസ്തുതകൾ വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നു : "ക്രിസ്തു സമയത്തിന്റെ കർത്താവാണ്. അവിടുന്നാണ് അതിന്റെ ആരംഭവും അന്ത്യവും. ഓരോ വർഷവും ഓരോ ദിവസവും ഓരോ നിമിഷവും അവിടുത്തെ മനുഷ്യാവതാരത്താലും ഉത്ഥാനത്താലും ആശ്ലേഷിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ അവ സമയത്തികവിന്റെ ഭാഗങ്ങളായിത്തീരുന്നു".[119]

75. ക്രിസ്തു മൃതരിൽനിന്ന് ഉത്ഥാനം ചെയ്ത ദിവസത്തെ ഓർമിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന ആഴ്ചതോറുമുള്ള ഈസ്റ്ററാണ് ഞായറാഴ്ച. അതുകൊണ്ട് അതു സമയത്തിന്റെ അർഥം വെളിവാക്കുന്ന ദിവസവുമാണ്. പ്രാപഞ്ചിക കാലചക്രങ്ങൾക്കനുസൃതമായി സമയത്തിന് ഒരു ഘടന ആവിഷ്കരിക്കുക എന്നതാണ് സ്വാഭാവിക മതത്തിന്റെയും മാനവ സംസ്കാരത്തിന്റെയും പ്രവണത; ഒരുപക്ഷേ, നിത്യമായ പുനരാവൃത്തി എന്ന മിത്തിനു വിധേയപ്പെട്ടുകൊണ്ടാണ് അവ ഇപ്രകാരം ചെയ്യുന്നത്. ഈ പ്രാപഞ്ചിക കാലചക്രങ്ങളുമായി ഞായറാഴ്ചയ്ക്ക് ഒന്നും പൊതുവായില്ല. ക്രൈസ്തവ ഞായറാഴ്ച തികച്ചും വ്യത്യസ്തമാണ്! അത് ഉത്ഥാനത്തിൽനിന്നു തുടങ്ങി മാനുഷിക സമയത്തിലൂടെ മാസങ്ങളിലൂടെയും വർഷങ്ങളിലൂടെയും നൂറ്റാണ്ടുകളിലൂടെയും, കടന്നുപോകുന്നു - അവയുടെ ലക്ഷ്യം, അതായത് ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം അവർക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുന്ന ഒരു അമ്പടയാളംപോലെ. ഞായറാഴ്ച അവസാനദിവസത്തെ ക്രിസ്തുവിന്റെ പുനരാഗമനദിവസത്തെ മുൻകൂട്ടി സൂചിപ്പിക്കുന്നു. അതാകട്ടെ, ഉത്ഥാനസംഭവത്തിലെ ക്രിസ്തുവിന്റെ മഹത്ത്വത്താൽ മുൻകൂട്ടി യഥാർഥമാക്കപ്പെട്ടിരിക്കുന്നു.

വാസ്തവത്തിൽ, ക്രൂശിതനായ ക്രിസ്തുവിന്റെ പീഡിപ്പിക്കപ്പെട്ട ശരീരം പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഉയിർപ്പിക്കപ്പെടുകയും മനുഷ്യവർഗത്തിനു മുഴുവനും പരിശുദ്ധാത്മാവിന്റെ ഉറവയായിത്തീരുകയും ചെയ്ത ദിവസം സംഭവിച്ചതിന്റെ വ്യാപനവും വികസനവുമല്ലാതെ മറ്റൊന്നുമല്ല, ലോകാവസാനംവരെ സംഭവിക്കാനുള്ള സകലതും. രക്ഷയുടെ മറ്റൊരു സമയത്തിനുവേണ്ടി കാത്തിരിക്കേണ്ടതില്ലെന്നും, കാരണം, ലോകം എത്ര ദീർഘകാലത്തേക്കു നിലനിന്നാലും തങ്ങൾ സമയത്തിന്റെ അന്ത്യത്തിലാണ് ജീവിക്കുന്നതെന്നും ക്രിസ്ത്യാനികൾക്കറിയാം. സഭ മാത്രമല്ല, ലോകംതന്നെയും ചരിത്രവും മഹത്ത്വീകൃത

www.malankaralibrary.com



നായ ക്രിസ്തുവിനാൽ നിരന്തരം ഭരിക്കപ്പെടുന്നു. ഈ ജീവശക്തിയാണ്, "ഇന്നോളം പ്രസവവേദനയനുഭവിച്ചു നെടുവീർപ്പിടുന്ന" (റോമാ 8: 22) സൃഷ്ടിയെ പൂർണരക്ഷയെന്ന അതിൻെറ ലക്ഷ്യത്തിലേക്കു നയിക്കുന്നത്. മനുഷ്യവംശത്തിന് ഈ പ്രക്രിയയുടെ മങ്ങിയ ഉൾക്കാഴ്ച മാത്രമേ സ്വായത്തമാക്കാനാവൂ; എന്നാൽ ക്രിസ്ത്യാനിക്ക് പ്രശ്നോത്തരവും തീർച്ചയുമുണ്ട്. ഞായറാഴ്ച വിശുദ്ധമായി ആചരിക്കുക എന്നതാണ് അവർ വഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന സുപ്രധാന സാക്ഷ്യം. മനുഷ്യചരിത്രത്തിൻെറ ഓരോ ഘട്ടവും പ്രത്യാശയിൽ താങ്ങിനിറുത്തപ്പെടാൻ വേണ്ടിയാണത്.

## ഞായറാഴ്ച : ആരാധനവർഷത്തിൽ

76. ആഴ്ചതോറും ആചരിക്കുന്ന കർത്തൃദിനം സഭയുടെ ഏറ്റവും പ്രാചീനമായ പാരമ്പര്യത്തിൽ വേരുറച്ചതാണ്. അത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനവുമാണ്. എന്നാൽ, വളരെ വേഗം സ്ഥാനമുറപ്പിച്ച മറ്റൊരു സമയചക്രമുണ്ട്. ആരാധനക്രമപരമായ വാർഷിക സമയചക്രം (ആണ്ടുവട്ടം) ആണത്. ഭൂതകാലസംഭവങ്ങളുടെ അനുസ്മരണവുമായി തീയതികളുടെയും കാലങ്ങളുടെയും ആവർത്തനത്തെ ബന്ധപ്പെടുത്തി വാർഷികങ്ങൾ ആഘോഷിക്കുക യഥാർത്ഥത്തിൽ മനുഷ്യൻെറ മനഃശാസ്ത്രപരമായ ഒരാഗ്രഹമാണ്. ആ സംഭവങ്ങൾ ഒരു ജനതയുടെ ജീവിതത്തിൽ നിർണായക സംഭവങ്ങളാണെങ്കിൽ അവയുടെ ആഘോഷം പൊതുവേ ഉത്സവാന്തരീക്ഷമുണ്ടാക്കുന്നു. അത് അനുദിന ജീവിതക്രമത്തിൻെറ വിരസത ഇല്ലാതാക്കുന്നു.

സഭയുടെ ജീവിതത്തിൻെറ അടിസ്ഥാനങ്ങളായ മഹത്തായ രക്ഷാകരസംഭവങ്ങൾ, ദൈവികപദ്ധതിപ്രകാരം, യഹൂദരുടെ വാർഷിക മഹോത്സവങ്ങളായ പെസഹാ, പന്തക്കുസ്ത എന്നിവയോട് അവഗാഢം ബന്ധപ്പെട്ടിരുന്നു; മാത്രമല്ല, ആ സംഭവങ്ങൾ അവയിൽ പ്രവാചകപരമായി മുൻകൂട്ടി നിഴലിക്കുകയും ചെയ്തു. രണ്ടാം നൂറ്റാണ്ടു മുതൽ ആഴ്ചതോറുമുള്ള ഈസ്റ്റർ ആഘോഷം കൂടാതെ ക്രിസ്ത്യാനികൾ ഈസ്റ്ററിൻെറ വാർഷികാഘോഷവും നടത്തിവന്നു. അത് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിൻെറ രഹസ്യത്തെപ്പറ്റി വേണ്ടുവോളം ധ്യാനിക്കാൻ കൂടുതൽ അവസരം നൽകി. ഈസ്റ്റർ തിരുനാളിനുമുമ്പ് അതിന് ഒരുക്കമായി ഒരുഉപവാസം നടത്തിയിരുന്നു. പന്തക്കുസ്താത്തിരുനാളിലേക്കു നയിക്കുന്ന സുദീർഘമായ ഒരു ജാഗരണകാലത്താണ് ഇത്

www.malankaralibrary.com



ആചരിച്ചിരുന്നത്. ഇങ്ങനെ "ആഘോഷങ്ങളുടെ ആഘോഷമായ" ഈസ്റ്റർ തിരുനാൾ സ്നാനാർഥികളെ മാമ്മോദീസ മുക്കുന്നതിനുള്ള പരമോത്കൃഷ്ട ദിവസമായിത്തീർന്നു. സ്നാനാർഥികൾ മാമ്മോദീസയിലൂടെ പാപത്തിനു മരിക്കുകയും പുതിയൊരു ജീവിതത്തിലേക്ക് ഉയിർക്കുകയും ചെയ്യുന്നു. എന്തെന്നാൽ യേശു "നമ്മുടെ പാപങ്ങൾമൂലം വധിക്കപ്പെടുകയും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്തു" (റോമാ 4:25; . 6:3-11). പെസഹാരഹസ്യത്തോട് ഉറ്റ ബന്ധമുള്ള പന്തക്കുസ്താ മഹോത്സവം മറിയത്തോടൊപ്പം സമ്മേളിച്ചിരുന്ന അപ്പസ്തോലൻമാരുടെമേലുണ്ടായ പരിശുദ്ധാത്മാവിൻെറ വരവ് ആഘോഷിച്ചുകൊണ്ടും എല്ലാ ജനതകൾക്കുമായുള്ള പ്രേഷിതദൗത്യത്തിൻെറ ഉദ്ഘാടനം നിർവഹിച്ചുകൊണ്ടും സവിശേഷമായ പ്രാധാന്യം നേടുന്നു.[120]

77. അനുസ്മരണത്തെ സംബന്ധിച്ചുള്ള, മേൽപറഞ്ഞതിനു സമാനമായ ഒരു യുക്തിവിചാരം, മുഴുവൻ ആരാധനക്രമവർഷത്തിൻെറയും ക്രമവത്കരണത്തിനു മാർഗനിർദേശം നൽകി. രണ്ടാം വത്തിക്കാൻ കൗൺസിൽ അനുസ്മരിക്കുന്നതുപോലെ, "മനുഷ്യാവതാരവും പിറവിയും മുതൽ സ്വർഗാരോഹണംവരെയും, പന്തക്കുസ്തയുടെ ദിവസംവരെയും, കർത്താവിൻെറ പുനരാഗമനത്തിനായി അനുഗ്രഹീതമായ പ്രത്യാശയോടെ കാത്തിരിക്കുന്നതുവരെയും ഉള്ള ക്രിസ്തുരഹസ്യം മുഴുവനും" വർഷം മുഴുവൻ വ്യാപിപ്പിക്കുവാൻ സഭ ആഗ്രഹിച്ചു. "ഇങ്ങനെ രക്ഷാകരരഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് സഭ കർത്താവിൻെറ ശക്തിയുടെയും യോഗ്യതകളുടെയും നിക്ഷേപം വിശ്വാസികൾക്കു തുറന്നു കൊടുക്കുന്നു. അവയെ വിശ്വാസികൾ സമീപിക്കുന്നതിനും രക്ഷയുടെ കൃപാവരംവഴി അവയാൽ നിറയപ്പെടുന്നതിനും വേണ്ടി അവയെല്ലാം ഒരർഥത്തിൽ എല്ലാക്കാലത്തേക്കുമായി സന്നിഹിതമാക്കിക്കൊണ്ടാണ് അപ്രകാരം ചെയ്യുന്നത്."[122]

ഈസ്റ്ററും പന്തക്കുസ്തയും കഴിഞ്ഞാൽ തീർച്ചയായും കർത്താവിൻെറ പിറവിയാണ് ഏറ്റവും വലിയ ആഘോഷം. അന്ന് ക്രിസ്ത്യാനികൾ മനുഷ്യാവതാരരഹസ്യത്തെപ്പറ്റി ചിന്തിക്കുന്നു; തൻെറ ദൈവികത്വത്തിൽ നമുക്കു പങ്കു തരുന്നതിനുവേണ്ടി നമ്മുടെ മനുഷ്യത്വം സ്വീകരിക്കാൻ കരുണ കാണിച്ച ദൈവവചനത്തെപ്പറ്റി ധ്യാനിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



78. അതുപോലെ, "ക്രിസ്തുരഹസ്യങ്ങളുടെ ഈ ആണ്ടുവട്ടം ആഘോഷിച്ചുകൊണ്ട് തിരുസഭ ദൈവമാതാവായ ഭാഗ്യപ്പെട്ട കന്യകാമറിയത്തെ പ്രത്യേക സ്നേഹത്തോടെ ആദരിക്കുന്നു. അവൾ തന്റെ പുത്രന്റെ രക്ഷാകരപ്രവർത്തനവുമായി എന്നേക്കും ഐക്യപ്പെട്ടിരിക്കുന്നു".[122] അതുപോലെതന്നെ രക്തസാക്ഷികളുടെയും മറ്റു വിശുദ്ധരുടെയും വാർഷികങ്ങളിൽ അവരുടെ സ്മരണ ആണ്ടുവട്ടത്തിൽ ഉൾപ്പെടുത്തുന്നു. അങ്ങനെ ചെയ്തുകൊണ്ട്, "ക്രിസ്തുവിനോടുകൂടെ സഹിക്കുകയും അവിടുത്തോടൊപ്പം ഇപ്പോൾ മഹത്ത്വീകൃതരായിരിക്കുകയും ചെയ്യുന്ന വിശുദ്ധരുടെ ഈസ്റ്റർ രഹസ്യത്തെ പ്രഘോഷിക്കുകയാണു സഭ".[123] ആരാധനക്രമത്തിന്റെ യഥാർഥ ചൈതന്യത്തിൽ ആഘോഷിക്കപ്പെടുമ്പോൾ വിശുദ്ധരുടെ സ്മരണ ക്രിസ്തുവിന്റെ കേന്ദ്രീയതയ്ക്കു മങ്ങലേൽപിക്കുകയല്ല, മറിച്ച് ക്രിസ്തു കൊണ്ടുവന്ന രക്ഷയുടെ ശക്തിയെ വെളിപ്പെടുത്തിക്കൊണ്ട് അതിനെ കൊണ്ടാടുകയാണ് ചെയ്യുന്നത്. നോളായിലെ വിശുദ്ധ പൗളിനൂസ് പാടുന്നതുപോലെ, "എല്ലാ വസ്തുക്കളും കടന്നു പോകുന്നു. എന്നാൽ എല്ലാ വസ്തുക്കളെയും നവീകരിക്കുകയും അതേസമയം മാറ്റമില്ലാത്തവനായി നിലനിൽക്കുകയും ചെയ്യുന്ന ക്രിസ്തുവിൽ വിശുദ്ധരുടെ മഹത്ത്വം നിലനിൽക്കുന്നു".124 വിശുദ്ധരുടെ മഹത്ത്വവും ക്രിസ്തുവിന്റെ മഹത്ത്വവും തമ്മിലുള്ള ആന്തരിക ബന്ധം ആരാധനക്രമവർഷത്തിന്റെ ക്രമവത്കരണത്തിൽത്തന്നെ ഉൾച്ചേർത്തിട്ടുണ്ട്; കർത്താവിന്റെ ദിവസമെന്ന നിലയിലുള്ള ഞായറാഴ്ചയുടെ മൗലികവും പരമോത്കൃഷ്ടവുമായ സ്വഭാവത്തിൽ ഏറ്റവും ശക്തിയോടെ പ്രകടിപ്പിക്കപ്പെട്ടിട്ടുമുണ്ട്. ഞായറാഴ്ചയാചരണം ആദ്യന്തം ക്രമപ്പെടുത്തുന്ന ആരാധനക്രമവർഷത്തിലെ കാലഘട്ടങ്ങളെ പിന്തുടർന്നുകൊണ്ട് ഞായറാഴ്ച ആചരിക്കുമ്പോൾ ക്രൈസ്തവരുടെ സഭാത്മകവും ആധ്യാത്മികവുമായ സമർപ്പണം ക്രിസ്തുവിൽ അഗാധമായി ഉറപ്പിക്കുകയാണ്. അവിടുന്നിൽ വിശ്വാസികൾ ജീവിക്കാൻ കാരണം കണ്ടെത്തുന്നു. അവിടുന്നിൽനിന്നു സഹായവും പ്രചോദനവും നേടുകയും ചെയ്യുന്നു.

79. അതുകൊണ്ട്, ആരാധനക്രമവർഷത്തിലെ ഈ തിരുനാൾ ദിവസങ്ങളെ മനസ്സിലാക്കാനും ആഘോഷിക്കാനുമുള്ള സ്വാഭാവിക മാതൃകയായി ഞായറാഴ്ച ഉരുത്തിരിയുന്നു. ഈ തിരുനാൾ ദിവസങ്ങൾ ക്രൈസ്തവജീവിതത്തെ സംബന്ധിച്ചിടത്തോളം ഏറെ വിലപ്പെട്ടവയാണ്. അതുകൊണ്ട്, ഈ തിരുനാൾ ദിവസങ്ങൾ ആഴ്ചയിൽ മാറി വരുന്ന

www.malankaralibrary.com



മറ്റു ദിവസങ്ങളിലായാലും, കുർബാനയിൽ സംബന്ധിക്കാനും വിശ്രമിക്കാനും വിശ്വാസികളെ കടപ്പെടുത്തിക്കൊണ്ട് സഭ അവയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു."[125] അവയുടെ സംഖ്യ പല കാലങ്ങളിലും വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ പരിഗണിച്ചും, ഈ തിരുനാളുകൾ പാരമ്പര്യത്തിൽ എത്രമാത്രം ഉറച്ചതാണെന്നും അവ പൗരനിയമത്താൽ എത്ര നന്നായി പിന്താങ്ങപ്പെടുന്നുവെന്നും നോക്കിയിട്ടുമാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്."[126] വിവിധ രാജ്യങ്ങളിലെ സവിശേഷസാഹചര്യങ്ങളനുസരിച്ച് കടമുള്ള തിരുനാളുകളുടെ സംഖ്യ കുറയ്ക്കാൻ എപ്പിസ്കോപ്പൽ കോൺഫ്രൻസുകൾക്ക് അനുവാദമുണ്ട്. ഇപ്പോഴത്തെ കാനോൻ നിയമവും ആരാധനക്രമപരമായ വ്യവസ്ഥകളും അത് അനുവദിക്കുന്നു. ഇത്തരത്തിലുള്ള ഏതു തീരുമാനത്തിനും പരിശുദ്ധസിംഹാസനത്തിന്റെ സവിശേഷമായ അംഗീകാരം ആവശ്യമാണ്".[127] ഇങ്ങനെ തിരുനാളുകൾ മാറ്റുമ്പോൾ പ്രത്യക്ഷീകരണം, സ്വർഗാരോഹണം, കുർബാനയുടെ തിരുനാൾ മുതലായ കർത്താവിന്റെ രഹസ്യങ്ങളുടെ ആഘോഷം ഞായറാഴ്ചയിലേക്കു മാറ്റണം. ആരാധനക്രമപരമായ നിയമങ്ങളനുസരിച്ചാണ് ഇതു ചെയ്യേണ്ടത്. ഇപ്രകാരം ഞായറാഴ്ചയിലേക്കു തിരുനാളുകൾ മാറ്റുന്നത് ആ രഹസ്യങ്ങളെപ്പറ്റി ധ്യാനിക്കാനുള്ള അവസരം വിശ്വാസികൾക്കു നിഷേധിക്കപ്പെടാതിരിക്കാനാണ്.[128] ആഴ്ചയിലെ മറ്റു ദിവസങ്ങളിൽ ആഘോഷിക്കപ്പെടുന്ന പ്രധാനപ്പെട്ട തിരുനാളുകളിലും കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതിന് അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.[129]

80. പല സാഹചര്യങ്ങളിലും ജനകീയവും സാംസ്കാരികവുമായ പ്രാദേശിക പാരമ്പര്യങ്ങൾ ഞായറാഴ്ചകളുടെയും ആരാധനക്രമപ്രകാരമുള്ള മറ്റു തിരുനാളുകളുടെയും ആഘോഷങ്ങളിൽ നുഴഞ്ഞുകയറുക എന്ന അപകടമുണ്ട്. ഇതുവഴി യഥാർഥ ക്രൈസ്തവവിശ്വാസത്തിന്റെ ചൈതന്യത്തിൽ അതിന് അന്യമായ ഘടകങ്ങൾ കൂടിച്ചേരുകയും അത് ആഘോഷത്തെ വികലമാക്കുകയും ചെയ്തേക്കാം. അത്തരം സാഹചര്യങ്ങളിൽ സവിശേഷമായ അജപാലന ശ്രദ്ധയുണ്ടായിരിക്കണം. മതബോധനവും വിവേകപൂർവം തിരഞ്ഞെടുത്ത അജപാലനസംരംഭങ്ങളും വഴി ക്രിസ്തുവിന്റെ സുവിശേഷത്തിനു ചേരാത്തതെല്ലാം ഒഴിവാക്കിക്കൊണ്ട് അത്തരം സാഹചര്യങ്ങളെ സംബന്ധിച്ച ആശയക്കുഴപ്പം ഒഴിവാക്കണം. അതേസമയം ആ പാരമ്പര്യങ്ങളും അതുപോലെതന്നെ പൗരസമൂഹത്തി

www.malankaralibrary.com



ലെ ചില ആധുനിക സംരംഭങ്ങളും മിക്കപ്പോഴും മൂല്യങ്ങളുള്ളവയാണെന്നും ആ മൂല്യങ്ങളെ വിശ്വാസത്തിന്റെ ആവശ്യങ്ങളുമായി യോജിപ്പിക്കാൻ പ്രയാസമില്ലെന്നും ഓർമിക്കണം. ഒരു പ്രത്യേക സാമൂഹിക സാഹചര്യത്തിന്റെ സംസ്കാരത്തിൽ, പ്രത്യേകിച്ച് ജനകീയ ഭക്തിപ്രകടനത്തിൽ, കാണുന്ന യഥാർഥ മൂല്യങ്ങളെ സംരക്ഷിക്കുകയെന്നത് അജപാലകരുടെ വിവേചനാധികാരത്തിന്റെ ധർമമാണ്. അങ്ങനെ അവയെ സംരക്ഷിക്കുന്നത് ലിറ്റർജിപരമായ ആഘോഷത്തിന് സർവോപരി, ഞായറാഴ്ചകളിലെയും തിരുനാളുകളിലെയും ആഘോഷത്തിന് ഒരു കോട്ടവും സംഭവിക്കാതെ നേട്ടമുണ്ടാകാൻവേണ്ടിയാണ്.[130]

## ഉപസംഹാരം

81. ഞായറാഴ്ചയുടെ ആധ്യാത്മികവും അജപാലനപരവുമായ സമ്പന്നത - പാരമ്പര്യം അതു നമുക്കു കൈമാറിത്തന്നിരിക്കുന്ന നിലയിൽ - യഥാർഥത്തിൽ മഹനീയമാണ്. ഞായറാഴ്ചയുടെ പ്രാധാന്യവും അർഥങ്ങളും സമഗ്രമായി മനസിലാക്കണം. അങ്ങനെ ചെയ്യുമ്പോൾ ഞായറാഴ്ച, ക്രൈസ്തവ ജീവിതത്തിന്റെ ഉദ്ഗ്രഥിത രൂപവും ശരിയായ ക്രൈസ്തവജീവിതം നയിക്കുന്നതിനുള്ള വ്യവസ്ഥയുമായിത്തീരുന്നു. ആകയാൽ കർത്തൃദിനാചരണത്തെ സഭ ഇത്രമാത്രം ഹൃദയപൂർവം സ്നേഹിക്കുന്നതും സഭയുടെ നിയമത്തിൽ അത് യഥാർഥ കടമയായി നിലകൊള്ളുന്നതും എന്തുകൊണ്ടാണെന്നു വ്യക്തമാകുന്നു. എന്നാലും, ഒരു കൽപ്പന എന്നതിനേക്കാൾ കൂടുതലായി ക്രൈസ്തവജീവിതത്തിന്റെ ആഴങ്ങളിൽനിന്നുയരുന്ന ഒരാവശ്യമായി അതിന്റെ ആചരണത്തെ കാണണം. ഞായറാഴ്ചയിലെ കുർബാന സമ്മേളനത്തിൽ സ്ഥിരമായി പങ്കെടുത്തില്ലെങ്കിൽ തങ്ങളുടെ വിശ്വാസമനുസരിച്ചു ജീവിക്കാനോ ക്രൈസ്തവസമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായി പങ്കുചേരാനോ സാധിക്കുകയില്ലെന്ന അവബോധം എല്ലാ വിശ്വാസികൾക്കുമുണ്ടാകണം. നിർണായക പ്രാധാന്യമുള്ളതാണ് ഈ അവബോധം. മനുഷ്യവംശം ദൈവത്തിനു സമർപ്പിക്കാൻ കടപ്പെട്ടിരിക്കുന്ന ആരാധനയുടെ പൂർണ സാക്ഷാത്കാരമാണ് കുർബാന. മറ്റൊരു മതാത്മകാനുഭവവുമായി അതിനെ താരതമ്യം ചെയ്യാൻ സാധ്യമല്ല. ഇതിന്റെ സവിശേഷമാംവിധം ഫലപ്രദമായ ഒരു പ്രകടനമാണ് ഞായറാഴ്ചയിലെ മുഴുവൻ സമൂഹത്തിന്റെയും സമ്മേളനം - തന്റെ വചനത്തിന്റെ പ്രകാശം നൽകാനും രക്ഷയുടെ ശാശ്വതവും കൗദാശികവുമായ ഉറവയെന്ന നിലയിൽ തന്റെ ശരീരമാകുന്ന ഭക്ഷണം നൽകാനും വിശ്വാസികളെ വിളിച്ചുകൂ

www.malankaralibrary.com



ട്ടുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ സ്വരം ശ്രവിച്ചുകൊണ്ടുള്ള സമ്മേളനം. ഈ ഉറവയിൽനിന്ന് ഒഴുകുന്ന കൃപാവരം മനുഷ്യവംശത്തെയും ജീവിതത്തെയും ചരിത്രത്തെയും നവീകരിക്കുന്നു.

82. വിശ്വാസത്തിന്റെ ദൃഢമായ ഈ ബോധ്യത്തോടും ഞായറാഴ്ചയാചരണം ഉൾക്കൊള്ളുന്ന മാനുഷിക മൂല്യങ്ങളുടെ പൈതൃകത്തെപ്പറ്റിയുള്ള ബോധത്തോടുംകൂടെ വേണം ഇന്നത്തെ ക്രൈസ്തവർ ആധുനിക സംസ്കാരത്തിന്റെ ആകർഷണങ്ങളെ നേരിടാൻ. ഇന്നത്തെ സംസ്കാരം വിശ്രമത്തിന്റെയും ഒഴിവുസമയത്തിന്റെയും ഗുണങ്ങളെ അംഗീകരിച്ചിട്ടുണ്ടെങ്കിലും അവയെ മിക്കപ്പോഴും അന്തസ്സാരശൂന്യമായ രീതിയിൽ ഉപയോഗിക്കുന്ന സംസ്കാരമാണ്. ചിലപ്പോൾ ധാർമികമായി ചോദ്യം ചെയ്യപ്പെടാവുന്ന വിനോദരൂപങ്ങളാൽ ആകർഷിക്കപ്പെടുന്ന സംസ്കാരവുമാണ്. തീർച്ചയായും ആഴ്ചയിലൊരിക്കലുള്ള വിശ്രമം ആസ്വദിക്കുന്നതിൽ ക്രൈസ്തവർ മറ്റുള്ളവരിൽനിന്നു വ്യത്യസ്തരല്ല. എന്നാൽ ഞായറാഴ്ചദിവസത്തിന്റെ അനന്യതയെയും മൗലികതയെയും കുറിച്ച് ഉത്കടമായ ബോധമുള്ളവരാണവർ. ആ ദിവസം അവർ തങ്ങളുടെ രക്ഷയും മനുഷ്യവംശത്തിന്റെ മുഴുവൻ രക്ഷയും ആഘോഷിക്കാൻ വിളിക്കപ്പെട്ടവരാണല്ലോ. ഞായറാഴ്ച സന്തോഷത്തിന്റെ ദിവസമാണ്. വിശ്രമത്തിന്റെ ദിവസവുമാണ്. കാരണം, അത് കർത്താവിന്റെ ദിവസവുമാണ്; ഉത്ഥിതനായ കർത്താവിന്റെ ദിവസമാണ്.

83. ഞായറാഴ്ചയെ ഈ വിധത്തിൽ മനസ്സിലാക്കുകയും ജീവിതത്തിൽ ആചരിക്കുകയും ചെയ്യുമ്പോൾ ഒരു വിധത്തിൽ അത് മറ്റു ദിവസങ്ങളുടെ ആത്മാവായിത്തീരുകയാണ്. ഈ അർഥത്തിൽ യഥാർഥ ക്രിസ്ത്യാനി "എപ്പോഴും കർത്താവിന്റെ ദിവസത്തിലാണ്; എപ്പോഴും ഞായറാഴ്ച ആഘോഷിക്കുകയുമാണ്"[131] എന്ന ഒരിജന്റെ ഉൾക്കാഴ്ച നമുക്ക് അനുസ്മരിക്കാനാവും. ഞായറാഴ്ച യഥാർഥ വിദ്യാലയമാണ്; സഭയുടെ ശിക്ഷണശാസ്ത്രത്തിന്റെ ശാശ്വത പദ്ധതിയാണ്; പ്രത്യേകിച്ച് തങ്ങളുടെ വിശ്വാസത്തിന്റെ പ്രായോഗികാവശ്യങ്ങളോട് ക്രൈസ്തവ വ്യക്തികൾക്കുള്ള വിശ്വസ്തതയെ നിരന്തരം പരീക്ഷിക്കുന്ന ശിഥിലതയാലും സാംസ്കാരിക ബഹുത്വത്താലും ഇന്നു കൂടുതൽകൂടുതൽ മുദ്രിതമായ സാമൂഹിക സാഹചര്യങ്ങളിൽ പകരം മറ്റൊന്നില്ലാത്ത ശിക്ഷണ വിദ്യയാണത്. ലോകത്തിന്റെ പല ഭാഗങ്ങളിലും "വിപ്രവാസം" അനുഭവിക്കുന്ന ക്രിസ്തുമതത്തെയാണു നാം കാണുന്നത്. അത് എപ്പോഴും പരീക്ഷണങ്ങൾക്കു വിധേയമാക്കപ്പെടുന്നു. കാരണം, അവിടവിടെയായി

www.malankaralibrary.com



ചിതറിക്കിടക്കുന്ന ക്രിസ്തുശിഷ്യൻമാർക്ക് പരസ്പരം എളുപ്പത്തിൽ ബന്ധപ്പെടാൻ ഒട്ടുംതന്നെ കഴിയുന്നില്ല. ക്രൈസ്തവസംസ്കാരത്തിൻേറതായ വ്യവസ്ഥിതികളിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും പിന്തുണ ലഭിക്കുന്നുമില്ല. ഇപ്രകാരം പ്രയാസം നിറഞ്ഞ സാഹചര്യത്തിൽ, സാഹോദര്യത്തിൻെറ സമ്മാനങ്ങൾ കൈമാറിക്കൊണ്ട്, ഞായറാഴ്ച ദിവസം സഹവിശ്വാസികളോടൊത്തു സമ്മേളിക്കുക എന്നത് ഒഴിച്ചുകൂടാനാവാത്ത ഒരു സഹായമാണ്.

84. ഇങ്ങനെ ക്രൈസ്തവ ജീവിതത്തെ പരിപോഷിപ്പിക്കുന്ന ഞായറാഴ്ചയ്ക്ക് സാക്ഷ്യത്തിൻേറതും, പ്രഘോഷണത്തിൻേറതുമായ ഒരു പ്രത്യേക മൂല്യംകൂടിയുണ്ട്. പ്രാർഥനയുടെയും സംസർഗത്തിൻെറയും സന്തോഷത്തിൻെറയും ദിവസമെന്ന നിലയിൽ ഞായറാഴ്ച സമൂഹത്തിലെങ്ങും മാറ്റൊലിക്കൊള്ളുന്നു; ജീവോർജങ്ങളും പ്രത്യാശയ്ക്കുള്ള കാരണങ്ങളും അത് പുറപ്പെടുവിക്കുന്നു. ചരിത്രത്തിൻെറ ഉത്ഥിതനായ കർത്താവ് തൻെറ നിവാസകേന്ദ്രമാക്കുന്ന സമയം നമ്മുടെ വ്യാമോഹങ്ങളുടെ ഒരു ശവക്കല്ലറയല്ല. മറിച്ച്, അത് നിത്യനൂതനമായ ഭാവിയുടെ തൊട്ടിലാണ്, ഈ ലോകത്തിൻെറ ക്ഷണികങ്ങളായ നിമിഷങ്ങളെ നിത്യതയുടെ ബീജങ്ങളാക്കി മാറ്റാൻ നമുക്കു നൽകപ്പെട്ടിട്ടുള്ള സന്ദർഭമാണ് എന്ന പ്രഖ്യാപനമാണ് ഞായറാഴ്ച. മുന്നോട്ടു നോക്കാനുള്ള ക്ഷണമാണ് ഞായറാഴ്ച. ക്രിസ്തുവിനോടു "മാറാ നാത്താ" അതായത് കർത്താവേ വരുക (1 കോറി. 16:22) എന്നു ക്രൈസ്തവ സമൂഹം വിളിച്ചു പറയുന്ന ദിവസമാണത്.

പ്രത്യാശയുടെയും പ്രതീക്ഷയുടെയും ഈ ഉദ്ഘോഷണത്തോടുകൂടിയ സഭ മാനുഷിക പ്രത്യാശയുടെ സഹചാരിയും ആലംബവുമാണ്. ഞായറാഴ്ചയിൽനിന്നു ഞായറാഴ്ചയിലേക്കു ക്രിസ്തുവിനാൽ പ്രകാശിപ്പിക്കപ്പെട്ട്; സ്വർഗീയ ജറുസലെമിലെ അനന്തമായ ഞായറാഴ്ചയിലേക്കു നീങ്ങുകയാണ് സഭ. അവിടെ "നഗരത്തിനു പ്രകാശം നൽകാൻ സൂര്യൻെറയോ ചന്ദ്രൻെറയോ ആവശ്യമില്ല. കാരണം, ദൈവതേജസാണ് അതിൻെറ പ്രകാശം. അതിൻെറ ദീപം കുഞ്ഞാടാണ്" (വെളി. 21:23).

85. സഭ തൻെറ ലക്ഷ്യത്തിലേക്കു ഞെരുങ്ങി നീങ്ങുമ്പോൾ പരിശുദ്ധാത്മാവ് അവളെ തുണയ്ക്കുകയും ഉജ്ജീവിപ്പിക്കുയും ചെയ്യുന്നു. അവിടുന്നാണ് വിശ്വാസികളുടെ ഓരോ തലമുറയിലും ഉത്ഥാനസംഭവത്തി

www.malankaralibrary.com



ൻെറ സ്മരണ ഉണർത്തുന്നതും അതിനെ സന്നിഹിതമാക്കുന്നതും. ഏക ശരീരത്തിൻെറ ഉറ്റ ബന്ധത്തിൽ നമ്മുടെ വിശ്വാസത്തെ പുനരുജ്ജീവിപ്പിച്ചും നമ്മുടെ ഹൃദയങ്ങളെ സ്നേഹംകൊണ്ടു നിറച്ചും നമ്മുടെ പ്രത്യാശയെ നവീകരിച്ചും അവിടുന്ന് ഒന്നിപ്പിക്കുന്നു. ഉത്ഥിതനായ കർത്താവിനോടും നമ്മുടെ സഹോദരീസഹോദരൻമാരോടും നമ്മെ ഐക്യപ്പെടുത്തുന്ന ആന്തരിക ദാനം അവിടുന്നാണ്. സഭയുടെ ഓരോ ദിവസത്തിലും പരിശുദ്ധാത്മാവു സന്നിഹിതനാണ്. അവിടുന്ന് മുന്നറിയിപ്പില്ലാതെ തൻെറ ദാനങ്ങളുടെ ധാരാളിത്തത്തോടെ പ്രത്യക്ഷപ്പെടുന്നു. എന്നാലും ഈസ്റ്ററിൻെറ ആഴ്ചതോറുമുള്ള ആഘോഷത്തിനായി നടത്തുന്ന ഞായറാഴ്ചസമ്മേളനത്തിലാണ് സഭ പരിശുദ്ധാത്മാവിനെ സവിശേഷമാംവിധം ശ്രവിക്കുന്നത്. കർത്താവു മഹത്ത്വത്തോടെ വീണ്ടും വരണമെന്ന തീക്ഷ്ണമായ ആഗ്രഹത്തോടെ അവിടുത്തോടൊപ്പം കർത്താവിങ്കലേക്കു തിരിയുന്നതും അന്നാണ്. "പരിശുദ്ധാത്മാവും മണവാട്ടിയും പറയുന്നു, വരുക" (വെളി. 22:17). ഞായറാഴ്ചയുടെ അർഥം വീണ്ടും കണ്ടെത്തുക എന്ന ലക്ഷ്യമുള്ള ഈ ഉദ്ബോധനം ഈ വർഷം പുറപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിച്ചതുതന്നെ പരിശുദ്ധാത്മാവിൻെറ പങ്കിനെപ്പറ്റിയുള്ള പരിഗണനകൊണ്ടാണ്. മഹാജൂബിലിക്കായുള്ള തൊട്ടടുത്ത ഒരുക്കത്തിൻെറ ഈ വർഷം പരിശുദ്ധാത്മാവിനു പ്രതിഷ്ഠിതമാണല്ലോ.

86. ക്രൈസ്തവ സമൂഹം ഈ അപ്പസ്തോലിക ലേഖനം സ്വീകരിക്കാനും ഇതു പ്രയോഗത്തിലാക്കാനും, കന്യകാമറിയത്തിൻെറ മധ്യസ്ഥതയ്ക്കു ഞാനിതു സമർപ്പിക്കുന്നു. ക്രിസ്തുവിനും പരിശുദ്ധാത്മാവിനുമുള്ള കേന്ദ്രീയത ഒരു വിധത്തിലും നഷ്ടപ്പെടുത്താതെ മറിയം എപ്പോഴും സഭയുടെ ഞായറാഴ്ചയിൽ സന്നിഹിതയാണ്. ക്രിസ്തുവിൻെറ രഹസ്യംതന്നെയാണ് ഇത് ആവശ്യപ്പെടുന്നത്. കർത്താവിൻെറ അമ്മയും സഭയുടെ അമ്മയും ആയ അവൾ കർത്താവിൻെറ ദിവസവും സഭയുടെ ദിവസവുമായ ഞായറാഴ്ചയിൽ അനന്യമായ രീതിയിൽ സന്നിഹിതയാകാതിരിക്കുന്നതെങ്ങനെ?

വിശ്വാസികൾ ഞായറാഴ്ച സമ്മേളനത്തിൽ പ്രഘോഷിക്കപ്പെടുന്ന വചനം കേൾക്കുമ്പോൾ മറിയത്തിലേക്കു കണ്ണുകൾ തിരിക്കുന്നു. ആ വചനം സൂക്ഷിക്കാനും ഹൃദയങ്ങളിൽ അതിനെപ്പറ്റി ധ്യാനിക്കാനും അവളിൽനിന്നു പഠിച്ചുകൊണ്ട് അപ്രകാരം ചെയ്യുന്നു (cf. ലൂക്കാ 2:19). ക്രിസ്തുവിൻെറ ബലി പിതാവിനു സമർപ്പിച്ചുകൊണ്ടും തങ്ങളുടെ ജീവി

www.malankaralibrary.com



തം അതോടൊപ്പം സമർപ്പിച്ചുകൊണ്ടും കുരിശിൻചുവട്ടിൽ നിൽക്കാൻ അവർ മറിയത്തിൽനിന്നു പഠിക്കുന്നു. അവർ മറിയത്തോടുകൂടെ ഉത്ഥാനത്തിന്റെ സന്തോഷം അനുഭവിക്കുന്നു. മറിയം പാടിയ സ്തോത്രഗീതത്തിലെ വാക്കുകൾ അവർ സ്വന്തമാക്കുന്നു. കാലത്തിന്റെ തടുക്കാനാവാത്ത ഒഴുക്കിൽ ദൈവകാരുണ്യത്തിന്റെ അക്ഷയദാനത്തെ വാഴ്ത്തുന്ന വാക്കുകളാണ് അവ. "അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും അവിടുന്ന് കരുണ വർഷിക്കും" (ലൂക്കാ 1:50). തീർഥാടകജനം ഞായറാഴ്ചയിൽനിന്നു ഞായറാഴ്ചയിലേക്കു മറിയത്തിന്റെ കാലടികൾ പിന്തുടരുന്നു. സഭയിൽനിന്നു പരിശുദ്ധതമ ത്രിത്വത്തിലേക്കുയരുന്ന പ്രാർഥനയ്ക്ക് അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം സവിശേഷമായ ശക്തിയും തീക്ഷ്ണതയും നൽകുന്നു.

87. പ്രിയ സഹോദരീസഹോദരൻമാരേ, മഹാജൂബിലിയുടെ ആസന്നത ആധ്യാത്മികവും അജപാലനപരവുമായ കൂടുതൽ ആഴത്തിലുള്ള ഒരു സമർപ്പണത്തിനു നമ്മെ ക്ഷണിക്കുന്നു. വാസ്തവത്തിൽ അതാണ് അതിന്റെ യഥാർഥ ലക്ഷ്യം. ദൈവവചനം മനുഷ്യാവതാരം ചെയ്തതിനുശേഷമുള്ള രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യവും മൂന്നാം സഹസ്രാബ്ദത്തിന്റെ ആരംഭവും ആവശ്യപ്പെടുന്ന സവിശേഷമായ മുഖമുദ്ര ഈ ജൂബിലിവർഷത്തിനു നൽകാൻ വളരെയേറെ കാര്യങ്ങൾ നാം ചെയ്യും. എന്നാൽ ഈ വർഷവും ഈ സവിശേഷ സമയവും കടന്നുപോകും. നമ്മൾ മറ്റുള്ള ജൂബിലികളിലേക്കും മറ്റു സാഘോഷസംഭവങ്ങളിലേക്കും ശ്രദ്ധ തിരിക്കും. എന്നാൽ ആഴ്ചതോറുമുള്ള ആഘോഷമെന്ന നിലയിൽ ഞായറാഴ്ച സഭയുടെ തീർഥാടനകാലത്തെ തുടർന്നും രൂപപ്പെടുത്തിക്കൊണ്ടിരിക്കും. സായാഹ്നമെന്തെന്നറിയാത്ത ഞായറാഴ്ചവരെ അങ്ങനെ ചെയ്യും.

അതുകൊണ്ട് മെത്രാൻമാരും വൈദികരുമായ സഹോദരരേ, ഈ വിശുദ്ധ ദിവസത്തിന്റെ മൂല്യം മനസിലാക്കുകയും പൂർവാധികം തീക്ഷ്ണതയോടെ അതിനനുസരിച്ചു ജീവിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് വിശ്വാസികളോടൊപ്പം അവിശ്രമം അധ്വാനിക്കാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. അതു ക്രൈസ്തവസമൂഹങ്ങളിൽ ധാരാളം ഫലം പുറപ്പെടുവിക്കും. പൗരസമൂഹത്തിനുമേൽ പൊതുവേ ഭാവാത്മകമായ സ്വാധീനം ചെലുത്തുന്നതിൽ അതു പരാജയപ്പെടുകയില്ല.

തനിക്കു ജീവൻ നൽകുന്ന രഹസ്യത്തെ ഓരോ ഞായറാഴ്ചയും

www.malankaralibrary.com



സന്തോഷപൂർവം ആഘോഷിക്കുന്ന സഭയെ മൂന്നാം സഹസ്രാബ്ദത്തിലെ സ്ത്രീപുരുഷൻമാർ അറിയാൻ ഇടയാവുകയും അങ്ങനെ ഉത്ഥിതനായ ക്രിസ്തുവിനെ അറിയുകയും ചെയ്യട്ടെ. ഈസ്റ്ററിന്റെ ആഴ്ച തോറുമുള്ള സ്മരണ നിരന്തരം പുതുക്കിക്കൊണ്ട് ക്രിസ്തുവിന്റെ ശിഷ്യൻമാർ രക്ഷയുടെ സുവിശേഷം പ്രഘോഷിക്കുന്നതിൽ പൂർവാധികം വിശ്വാസ്യതയുള്ളവരാകട്ടെ. സ്നേഹസംസ്കാരം പടുത്തുയർത്തുന്നതിൽ പൂർവാധികം കാര്യക്ഷമതയുള്ളവരുമാകട്ടെ.

നിങ്ങൾക്ക് എല്ലാവർക്കും എന്റെ ആശീർവാദം. വത്തിക്കാനിൽനിന്ന്, മെയ് 31-ാം തീയതി പന്തക്കുസ്താ ദിവസം, 1998, എന്റെ പരമാചാര്യത്വത്തിന്റെ ഇരുപതാം വർഷം

ജോൺ പോൾ രണ്ടാമൻ പാപ്പാ

(ഒപ്പ്)

www.malankaralibrary.com

# കുറിപ്പുകൾ (NOTES)

1. Cf., Rev. 1:10 : "*Kyriakē hēmera*"; cf. also the *Didache* 14, 1, Saint Ignatius of Antioch, *To the Magnesians* 9, 1-2; *SC* 10, 88-89.
2. Pseudo-Eusebius of Alexandria, *Sermon* 16: *PG* 86,416.
3. *In Die Dominica Paschae II*, 52: *CCL* 78, 550.
4. Second Vatican Ecumenical Council, Constitution on the Sacred Liturgy *Sacrosanctum Concilium*, 106.
5. Ibid.
6. Cf. Motu Proprio *Mysterii paschalis* (14 February 1969): *AAS* 61 (1969), 222-226.
7. Cf. Pastoral Note of the Italian Episcopal Conference "*Il giorno del Signore*" (15 July 1984), 5: *Enchiridion CEI* 3, 1398.
8. Constitution on the Sacred Liturgy *Sacrosanctum Concilium*, 106.
9. Homily for the Solemn Inauguration of the Pontificate (22 October 1978), 5: *AAS* 70 (1978), 947.
10. N. 25: *AAS* 73 (1981), 639.
11. Pastoral Constitution on the Church in the Modern World *Gaudium et spes*, 34.
12. For our Jewish brothers and sisters, a "nuptial" spirituality characterizes the Sabbath, as appears, for example, in texts of *Genesis Rabbah* such as X, 9 and XI, 8 (cf. J. Neusner, *Genesis Rabbah*, vol. I, Atlanta 1985, p. 107 and p. 117). The song *Leka Dodi* is also nuptial in tone: "Your God will delight in you,/as the Bridegroom delights in the Bride..... In the midst of the faithful of your beloved people, come O Bride, O *Shabbat* Queen". (cf. *Preghiera serale del sabato*, issued by A Toaff, Rome, 1968-69, p. 3).
13. Cf. A.J. Heschel, *The Sabbath: Its Meaning for Modern Man* (22nd ed., 1995), pp. 3-24.
14. "Verum autem sabbatum ipsum redemptorem nostrum Iesum Christum Dominum habemus": *Epist.* 13, 1: *CCL* 140A, 992.
15. *Ep. ad decentium* XXV, 4, 7: *PL* 20, 555.
16. *Homiliae in Hexaemeron* II, 8: *SC* 26, 184.

www.malankaralibrary.com



17. Cf. *In Io. Ev. Tractatus* XX, 20, 2: *CCL* 36, 203; *Epist.* 55, 2: *CSEL* 34, 170 - 171.

18. The reference to the Resurrection is especially clear in Russian, which calls Sunday simply "Resurrection". (*Voskresenie*).

19. *Epist.* 10, 96, 7.

20. Cf. ibid. In reference to Pliny's letter, Tertullian also recalls the *coetus antelucani* in *Apologeticum* 2, 6: *CCL* 1, 88; *De Corona* 3, 3: *CCL* 2, 1043.

21. *To the Magnesians* 9, 1-2: *SC* 10, 88-89.

22. *Sermon 8 in the Octave of Easter* 4: *PL* 46, 841. This sense of Sunday as "the first day" is clear in the Latin liturgical calendar, where Monday is called *Feria Secunda*, Tuesday *feria tertia* and so on. In Portuguese, the days are named in the same way.

23. Saint Gregory of Nyssa, *De Castigatione: PG* 46, 309. The Maronite Liturgy also stresses the link between the Sabbath and Sunday, beginning with the "mystery of Holy Saturday" (cf. M. Hayek, *Maronite [Eglise], Dictionnaire de spiritualite* X (1980) 632-644)

24. *Rite of Baptism of Children,* n. 9; cf. *Rite of Christian Initiation of Adults,* n. 59.

25. Cf. *Roman Missal,* Rite of Blessing and Sprinkling of Holy Water.

26. Cf. Saint Basil, *On the Holy Spirit,* 27, 66: *SC* 17, 484-485. Cf. also *Letter of Barnabas* 15, 8-9: *SC* 172, 186-189; Saint Justin, *Dialogue with Trypho* 24; 138: *PG* 6, 528, 793; Origen, *Commentary on the Psalms,* Psalm 118 (119), 1: *PG* 12, 1588.

27. *"Domine, praestitisti nobis pacem quietis, pacem sabbati, pacem sine vespera": Confess.,* 13, 50: *CCL* 27, 272.

28. Cf. Saint Augustine, Epist. 55, 17: *CSEL* 34, 188: "*Ita ergo erit octavus, qui primus, ut prima vita sed aeterna reddatur*".

29. Thus in English "Sunday" and in German "*Sonntag*".

30. *Apologia I,* 67: *PG* 6, 430.

31. Cf. Saint Maximus of Turin, *Sermo* 44, 1: *CCL* 23, 178; *Sermo* 53, 2: *CCL* 23, 219; Eusebius of Caesarea, *Comm.in Ps.* 91: *PG* 23, 1169-1173.

www.malankaralibrary.com



32. See, for example, the Hymn of the Office of Readings: "*Dies aetasque ceteris/octava splendet sanctior/in te quam, Iesu, consecras/primitiae surgentium* (Week I); and also: "*Salve dies, Dierum Gloria,/dies felix Christi victoria,/dies digna iugi laetitia/dies prima./Lux divina caecis irradiat,/in qua Christus infernum spoliat,/mortem vincit et reconciliat/ summis ima*" (Week II). Similar expressions are found in hymns included in the Liturgy of the Hours in various modern languages.

33. Cf. Clement of Alexandria, *Stromata*, VI, 138, 1-2; *PG* 9, 364.

34. Cf. John Paul II, Encyclical Letter *Domimum et Vivificantem* (18 May 1986), 22-26: *AAS* 78 (1986), 829-837.

35. Cf. Saint Athanasius of Alexandria, *Sunday Letters* 1, 10: *PG* 26, 1366.

36. Cf. Bardesanes, *Dialogue on Destiny*, 46: *PS* 2, 606-607.

37. Constitution on the Sacred Liturgy *Sacrosanctum Concilium*, Appendix: Declaration on the Reform of the Calendar.

38. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 9.

39. Cf. John Paul II, Letter *Dominicae cenae* (24 February 1980), 4: *AAS* 72 (1980), 120; Encyclical Letter *Dominum et Vivificantem* (18 May1986), 62-64: *AAS* 78 (1986), 889-894.

40. Cf. John Paul II, Apostolic Letter *Vicesimus quintus annus* (4 December 1988), 9: *AAS* 81 (1989), 905-906.

41. N. 2177.

42. Cf. John Paul II, Apostolic Letter *Vicesimus quintus annus* (4 December 1988), 9: *AAS* 81 (1989), 905-906.

43. Second Vatican Ecumenical Council, Constitution on the Sacred Liturgy *Sacrosanctum Concilium*, 41; cf. Decree on the Pastoral Office of Bishops in the Church *Christus Dominus*, 15.

44. These are the words of the Embolism, formulated in this or similar ways in some of the Eucharistic Prayers of the different languages. They stress powerfully the "Paschal" character of Sunday.

45. Cf. Congregation for the Doctrine of the Faith, Letter to the Bishops of the Catholic Church on Certain Aspects of the Church as Communion *Communionis notio* (28 May 1992), 11-14: *AAS* 85 (1993), 844-847.

www.malankaralibrary.com



46. *Speech to the Third Group of the Bishops of the United States of America* (17 March 1998), 4: *L'Osservatore Romano*, 18 March 1998, 4.

47. Constitution on the Sacred Liturgy *Sacrosanctum Concilium*, 42.

48. Sacred Congregation of Rites, Instruction on the Worship of the Eucharitic Mystery *Eucharisticum Mysterium* (25 may 1967), 26: *AAS* 59 (1967), 555.

49. Cf. Saint Cyprian, *De Orat. Dom.* 23: *PL* 4, 553; *De Cath. Eccl. Unitate*, 7, *CSEL* 3/1, 215; Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen gentium*, n. 4; Constitution on the Sacred Liturgy *Sacrosanctum Concilium*, n. 26.

50. Cf. John Paul II, Apostolic Exhortation *Familiaris consortio* (22 November 1981), 57; 61: *AAS* 74 (1982); 151, 154.

51. Cf. Sacred Congregation for Divine Worship, *Directory for Masses with Children* (1 November 1973): *AAS* 66 (1974), 30 - 46.

52. Cf. Sacred Congregation of Rites, Instruction on the Worship of the Eucharistic Mystery *Eucharisticum Mysterium* (25 May 1967), 26: *AAS* 59 (1967), 555-556; Sacred Congregation for Bishops, Directory for the Pastoral Ministry of Bishops *Ecclesiae imago* (22 February 1973), 86c: *Enchiridion Vaticanum* 4, 2071.

53. Cf. John Paul II, Post-Synodal Apostolic Exhortation *Christifideles laici* (30 December 1988), 30: *AAS* 81 (1989), 446-447.

54. Cf. Sacred Congregation for Divine Worship, Instruction *Masses for Particular Groups* (15 May 1969), 10: *AAS* 61 (1969), 810.

55. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen gentium*, 48-51.

56. *Haec est vita nostra, ut desiderando exerceamur"*: Saint Augustine, *In Prima Ioan. Tract.* 4,6: *SC* 75, 232.

57. *Roman Missal*, Embolism after the Lord's Prayer.

58. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et spes*, 1.

59. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen gentium*, 1; cf. John Paul II, Encyclical Letter *Dominum et Vivificantem* (18 May1986), 61-64: *AAS* 78 (1986), 888-894.

www.malankaralibrary.com



60. Second Vatican Ecumenical Council, Constitution on the Sacred Liturgy *Sacrosanctum Concilium*, 7; cf. 33.

61. Ibid., 56; cf. *Ordo Lectionum Missae, Praenotanda,* n. 10.

62. Constitution on the Sacred Liturgy *Sacrosanctum Concilium*, 51.

63. Cf. ibid., 52; *Code of Canon Law*, Canon 767, §2; *Code of Canons of the Eastern Churches*, Canon 614.

64. Apostolic Constitution *Missale Romanum* (3 April 1969): *AAS* 61 (1969), 220.

65. The Council's Constitution *Sacro-sanctum Concilium* speaks of "*suavis et vivus Sacrae Scripturae affectus*" (n. 24).

66. John Paul II, Letter *Dominicae cenae* (24 February 1980), 10: *AAS* 72 (1980), 135.

67. Cf. Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum*, 25.

68. Cf. *Ordo Lectionum Missae, Praenotanda,* Chap. III.

69. Cf. *Ordo Lectionum Missae, Praenotanda,* Chap. I, n. 6.

70. Ecumenical Council of Trent, *Session XXII, Doctrine and Canons on the Most Holy Sacrifice of the Mass*, II: *DS* 1743; cf. *Catechism of the Catholic Church*, 1366.

71. *Catechism of the Catholic Church*, 1368.

72. Sacred Congregation of Rites, Instruction on the Worship of the Eucharitic Mystery *Eucharisticum Mysterium* (25 may 1967), 3b: *AAS* 59 (1967), 541; cf. Pius XII, Encyclical Letter *Mediator Dei* (20 November 1947), II: *AAS* 39 (1947), 564-566.

73. Cf. *Catechism of the Catholic Church*, 1385; cf. also Congregation for the Doctrine of the Faith, *Letter to the Bishops of the Catholic Church concerning the Reception of Eucharistic Communion by Divorced and Re-married Faithful* (14 September 1994): *AAS* 86 (1994), 974-979.

74. Cf. Innocent I, *Epist.* 25, 1 to Decentius of Gubbio: *PL* 20, 553.

75. II, 59, 2-3: ed. F. X. Funk, 1905, pp. 170-171.

76. Cf. *Apologia I*, 67, 3-5: *PG* 6, 430.

www.malankaralibrary.com



77. *Acta SS. Saturnini, Dativi et aliorum plurimorum Martyrum in Africa*, 7, 9, 10: *PL* 8, 707, 709-710.

78. Cf. Canon 21 Mansi, *Conc.* II, 9.

79. Cf. Canon 47 Mansi, *Conc.* VIII, 332.

80. Cf. the contrary proposition, condemned by Innocent XI in 1679, concerning the moral obligation to keep the feast-day holy: DS 2152.

81. Canon 1248: "*Festis de praecepto diebus Missa audienda est*": Canon 1247, 1: "*Dies festi sub praecepto in universa Ecclesia sunt..... omnes et singuli dies dominici*".

82. *Code of Canon Law*, Canon 1247; the *Code of Canons of the Eastern Churches*, Canon 881, §1, prescribes that "the Christian faithful are bound by the obligation to participate on Sundays and feast days in the Divine Liturgy or, according to the prescriptions or legitimate customs of their own Church *sui iuris*, in the celebration of the divine praises".

83. N. 2181: "Those who deliberately fail in this obligation commit a grave sin".

84. Sacred Congregation for Bishops, Directory for the Pastoral Ministry of Bishops *Ecclesiae imago* (22 February 1973), 86a: *Enchiridion Vaticanum* 4, 2069.

85. Cf. *Code of Canon Law*, Canon 905, §2.

86. Cf. Pius XII, Apostolic Constitution *Christus Dominus* (6 January 1953): *AAS* 45 (1953), 15-24; Motu Proprio *Sacram Communionem* (19 March 1957): *AAS* 49 (1957), 177-178. Congregation of the Holy Office, Instruction on the Discipline concerning the Eucharist Fast (6 January 1953): *AAS* 45 (1953), 47-51.

87. Cf. *Code of Canon Law*, Canon 1248, §1; *Code of Canons of the Eastern Churches*, Canon 881, §2.

88. Cf. *Missale Romanum, Normae Universales de Anno Liturgico et de Calendario*, 3.

89. Cf. Sacred Congregation of Bishops, Directory for the Pastoral Ministry of Bishops *Ecclesiae imago* (22 February 1973), 86: *Enchiridion Vaticanum* 4, 2069-2073.

90. Cf. Second Vatican Ecumenical Council Constitution on the Sacred

www.malankaralibrary.com



Liturgy *Sacrosanctum Concilium*, 14; 26; John Paul II, Apostolic Letter *Vicesimus quintus annus* (4 December 1988), 4; 6; 12: *AAS* 81 (1989), 900-901; 902; 909-910.

91. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen gentium*, 10.

92. Cf. Interdicasterial Instruction on Certain Questions concerning the Collaboration of Lay Faithful in the Ministry of Priests *Ecclesiae de Mysterio* (15 August 1997), 6; 8: *AAS* 89 (1997), 869; 870-872.

93. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen gentium*, 10: "*in oblationem Eucharistiae concurrunt*".

94. Ibid., 11.

95. Cf. *Code of Canon Law*, Canon 1248, §2.

96. Cf. Sacred Congregation for Divine Worship, Directory for Sunday Celebrations in the Absence of a Priest *Christ Ecclesia* (2 June 1988): *Enchiridion Vaticanum* 11, 442-468; Interdicasterial Instruction on Certain Questions concerning the Collaboration of Lay Faithful in the Ministry of Priests *Ecclesiae de Mysterio* (15 August 1997): *AAS* 89 (1997), 852-877.

97. Cf. *Code of Canon Law*, Canon 1248, §2; Congregation for the Doctrine of the Faith, Letter *Sacerdotium ministeriale* (6 August 1983), III: *AAS* 75 (1983), 1007.

98. Cf. Pontifical Commission for Social Communications, Instruction *Communio et progressio* (23 May 1971), 150-152; 157: *AAS* 63 (1971), 645-646; 647.

99. This is the Deacon's proclamation in honour of the Lord's Day: cf. the Syriac text in the Missal of the Church of Antioch of the Maronites (edition in Syriac and Arabic), Jounieh (Lebanon) 1959, p. 38.

100. V, 20, 11: ed. F. X. Funk, 1905, p. 298; cf. *Didache* 14, 1:ed. F. X. Funk, 1901, p. 32; Tertullian, Apologeticum 16, 11: CCL 1, 116. See in particular the Epistle of Barnabas, 15, 9: SC 172, 188-189: "This is why we celebrate as a joyous feast the eighth day on which Jesus was raised from the dead and, after having appeared, ascended into heaven".

101. Tertullian for example tells us that on Sunday it was forbidden to kneel, since kneeling, which was then seen as an essentially peniten-

www.malankaralibrary.com



tial gesture, seemed unsuited to the day of joy. Cf. *De Corona* 3, 4: *CCL* 2,1043.

102. *Ep.* 55, 28, *CSEL* 34/2, 202.

103. Cf. Saint Therese of the Child Jesus and the Holy Face, *Derniers entretiens*, 5-6 July 1897, in: *Oeuvres completes*, Cerf - Desclee de Brouwer, Paris, 1992, pp. 1024-1025.

104. Apostolic Exhortation, *Gaudete in Domino* (9 May 1975), II: *AAS* 67 (1975), 295.

105. Ibid. VII, l.c., 322.

106. *Hex.* 6, 10, 76: *CSEL* 321, 261.

107. Cf. The Edict of Constantine, 3 July 321: *Codex Theodosianus* II, tit. 8, 1, ed. T. Mommsen, 1/2, p. 87; *Codex Iustiniani*, 3, 12, 2, ed. P. Krueger, p. 248.

108. Cf. Eusebius of Caesare, *Life of Constantine*, 4, 18: *PG* 20, 1165.

109. The most ancient text of this kind is can. 29 of the Council of Laodicea (second half of the fourth century): Mansi, II, 569-570. From the sixth to the ninth century, many Councils prohibited "*opera ruralia*". The legislation on prohibited activities, supported by civil laws, became increasingly detailed.

110. Cf. Encyclical Letter *Return novarum* (15 May 1891): *Acta Leonis XIII* 11 (1891), 127-128.

111. *Hex.* 2, 1, 1: *CSEL* 32/1, 41.

112. Cf. *Code of Canon Law*, Canon 1247; *Code of Canons of the Eastern Churches*, Canon 881, §1; §4.

113. Cf. Second Vatican Ecumenical Council, Constitution on the Sacred Liturgy *Sacrosanctum Concilium*, 9.

114. Cf. Also Saint Justin, *Apologia I*, 67, 6: "Each of those who have an abundance and who wish to make an offering gives freely whatever he chooses, and what is collected is given to him who presides and he assists the orphans, the widows, the sick, the poor, the prisoners, the foreign visitors - in a word, he helps all those who are in need": *PG* 6, 430.

115. *De Nabuthae*, 10, 45: "*Audis, dives, quid Dominus Deus dicat? Et tu*

www.malankaralibrary.com



*ad ecclesiam venis, non ut aliquid largiaris pauperi, sed ut auferas*": *CSEL* 32/2, 492.

116. Homilies on the Gospel of Matthew, 50, 3-4: *PG* 58, 508-509.

117. Saint Paulinus of Nola, *Ep*. 13, 11-12 to Pammachius: *CSEL* 29, 92-93. The Roman Senator is praised because, by combining participation in the Eucharist with distribution of food to the poor, he in a sense reproduced the Gospel miracle.

118. John Paul II, Apostolic Letter *Tertio millennio adveniente* (10 November 1994), 10: *AAS* 87 (1995), 11.

119. Ibid.

120. Cf. *Catechism of the Catholic Church*, 731-732.

121. Constitution on the Sacred Liturgy *Sacrosanctum Concilium*, 102.

122. Ibid., 103.

123. Ibid., 104.

124. *Carm*. XVI, 3-4: "*Omnia praetereunt, sanctorum gloria durat/in Christo qui cuncta novat, dum permanet ipse*": *CSEL* 30, 67.

125. Cf. *Code of Canon Law*, Canon 1247; *Code of Canons of the Eastern Churches*, Canon 881, §1; §4.

126. By general law, the holy days of obligation in the Latin Church are the Feasts of the Nativity of the Lord, the Epiphany, the Ascension, the Body and Blood of Christ, Mary Mother of God, the Immaculate Conception, the Assumption, Saint Joseph, Saints Peter and Paul and All Saints: cf. *Code of Canon Law*, Canon 1246. The holy days of obligation in all the Eastern Churches are the feasts of the nativity of the Lord, the Epiphany, the Ascension, the Dormition of Mary Mother of God and Saints Peter and paul: cf. *Code of Canons of the Eastern Churches*, Canon 880, §3.

127. Cf. *Code of Canon Law*, Canon 1246, §2; for the Eastern Churches, cf. *Code of Canons of the Eastern Churches*, Canon 880, §3.

128. Cf. Sacred Congregation of Rites, *Normae Universales de Anno Liturgico et de Calendario* (21 March 1969), 5, 7: *Enchiridion Vaticanum* 3, 895; 897.

129. Cf. *Caeremoniale Episcoporum*, ed. typica 1995, n. 230.

130. Cf. ibid., n. 233.

131. *Contra Celsum* VIII, 22: *SC* 150, 222-224.

www.malankaralibrary.com

സഭയുടെ ചരിത്രം രണ്ടായിരം വർഷക്കാലത്തേക്ക് രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ഞായറാഴ്ചയാചരണം ഇന്നു ബുദ്ധിമുട്ടുകൾ നേരിടുകയാണ്. മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിൽ ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുക എളുപ്പമല്ലാതായിത്തീർന്നിട്ടുണ്ട്. വീട്ടിൽനിന്ന് അകലെയൊരു സ്ഥലത്തു നടക്കുന്ന സാംസ്കാരിക, രാഷ്ട്രീയ, വിനോദ പ്രവർത്തനങ്ങൾക്കായുള്ള വിശ്രമദിനം എന്ന പേരിൽ "വാരാന്ത്യം" (Weekend) എന്ന പുതിയ സമ്പ്രദായം കടന്നുവന്നിരിക്കുന്നു. പക്ഷേ, വിശ്രമത്തിന്റെയും ആഘോഷത്തിന്റെയുമൊക്കെ കാതലിൽ സ്പർശിക്കാൻ അതിനു പലപ്പോഴും കഴിയുന്നില്ല. വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്തും, ക്രിസ്തീയ സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തിൽ വിശ്രമിച്ചും ചെലവിടേണ്ട ഒരു ദിവസമായി ഞായറാഴ്ചയെ വീണ്ടെടുക്കേണ്ടത് ഈ സാഹചര്യത്തിലാണ്. സഭയുടെ ദൃശ്യതലവനും മക്കളും തമ്മിലുള്ള ആശയസംവാദമായ കർത്താവിന്റെ ദിവസം എന്ന ശ്ലൈഹിക ലേഖനത്തിന്റെ ആഹ്വാനമിതാണ്.

TO SERVE IN TRUTH AND LOVE

Kerala Catholic Bishops' Council's

Pastoral Orientation Centre

Palarivattom, Kochi 682 025, Kerala, India

Tel : 0484-344722, 338215, 338214, 336227 Fax 0484-338214, 336227

E-mail : mediacom@md2.vsnl.net.in